# ബട്ളർ പപ്പൻ

(ഒരു പ്രഹസനം)

സാഹിത്യകുശലൻ,

സി. വി. രാമൻപിള്ള ബി. എ.

Digitized By Kerala Sahitya Akademi

# ബട്ളർ പപ്പൻ.

(ഒരു പ്രഹസനം)


സാഹിത്യകുശലൻ,

സി. വി. രാമൻപിള്ള ബി. ഏ.



പ്രകാശകന്മാർ,

"ശ്രീരാമവിലാസം" പ്രസ്സ് & ബുക്കഡിപ്പോ

കൊല്ലം.

(പകർപ്പവകാശം)

1131


Digitized By Kerala Sahitya Akademi

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

നാലാംപതിപ്പ് കാപ്പി 1000

Digitized By Kerala Sahitya Akademi

# മുഖവുര

സാഹിത്യകുശലൻ സി. വി. രാമൻപിള്ള അവർകൾ ഒടുവിൽ എഴുതിയ പ്രഹസനമാണ് ഇതു്. ആദ്യം തിരുവനന്തപുരം നാഷനൽക്ലബ്ബ്കാരും, പിന്നീടു കൈയെഴുത്തുപ്രതി തേടിയെടുത്തു് ആർട്ട്സ്കാളേജുവിദ്യാർത്ഥികളും ഇതഭിനയിച്ചു. ഇതുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താതെയിരുന്നതു് എന്റെ വീഴ്ചകൊണ്ടാണ്. ഇതിന്റെ സകലഅവകാശവും കൊല്ലം ശ്രീരാമവിലാസം പ്രസിദ്ധീകരണശാലയുടെ ഉടമസ്ഥക്കാണ് കൊടുത്തിട്ടുള്ളതു്.

ഇ. വി. കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

# ബട്ളർ പപ്പൻ.

## രംഗം ൧.

ഗോവിന്ദൻതമ്പിയുടെ താമസസ്ഥലം.

ആഡംബരവേഷത്തിൽ, ഭസ്മവും രുദ്രാക്ഷമാലകളും ധരിച്ച് ഈസിച്ചെയറിൽ ഗോവിന്ദൻതമ്പി ഇരുന്നു ജപിക്കുന്നു.

"ഹരേ! പങ്കജാക്ഷ! ശൗരേ!

വിരൂപാക്ഷ ത്രിലോചന മഹേശ്വരാ!" (കോളാമ്പിയിൽ തുപ്പിയിട്ട്) ഇനി ചാവുകയാണു നല്ലത്. മാനംമുട്ടെ സ്ഥാനവും വലിയ സംബന്ധങ്ങളും എങ്ങനെ പുലർത്തുമോ ഈ പഞ്ചകാലത്ത്! അനന്തിരവരു വെറുത്തു. മകൻ പഠിച്ചു പൊന്നുകെട്ടി കഴിവിനു മുതുകുനീട്ടുണു. അരക്കാശിനിടംകൊള്ളാത്ത—നാരായണ, നാരായണ, നാരായണ! (കിഴക്കോട്ടുനോക്കീട്ട്) തൊലഞ്ഞ മാടൻമാരെ ഒരു വഴിയ്ക്കുയച്ചാൽ—രണ്ടു പറവുതിന്നുംമുമ്പ് തൊട്ടുതെറിക്കാഞ്ഞാൽ ഡാക്തരന്മാരുടെ ഉപദേശം തെററുല്ല്യോ? നാരായണ ഗോവിന്ദ മുരാരേ ഹരിശംഭോ! ശവം വഴിയിൽവച്ചു പൊട്ടിച്ചു മോന്തിക്കൊണ്ടുവരുന്നോ എന്തോ? കയ്യിക്കിടന്ന മോതിരം പണയംവെച്ചു ഇന്നത്തടം കഴിയുന്നു. അതിനിടയ്ക്ക് അവൻ പങ്കെടുത്തോണ്ടാ—തൊലഞ്ഞു പോട്ടെ. ജാനകീമനോഹരാംഗസർവ്വാത്തശോഭിതം (മൂക്കുപിടിച്ചുകൊണ്ടു) ഛ് ഛാഃ ഇതെന്തൊരു കഷ്ടപ്പാട്! ഏതാ

Digitized By Kerala Sahitya Akademi

ണ്ടോ ഉള്ളത്് ചട്ടിയിലുംപിടിച്ച (ഒരുവശത്തോട്ടുനോക്കി) എടീ അവലക്ഷ്മിപിള്ളേ! നിൻെറകണക്ക്. ഇതുംപ്പകച്ച കളയാതെ (മുന്നോട്ടുനോക്കി) ഓ: ഏഴരാണ്ടർ നീങ്ങുന്നു. ആ കാലൻ പപ്പുവിൻെറ വരവായി. (കോപം നടിച്ച്) ശനിയന്മാരു്. മെനക്കേടില്ലാത്ത കൂട്ടം. തെങ്കടി പുളി യടി എന്നു തേരാ പാരാ നടക്കുന്നു. രാമകൃഷ്ണവാസുദേവാ! മോക്ഷമെങ്കിലും കിട്ടട്ടെ വയസ്സുകാലവും. രാമകൃഷ്ണവാ സുദേവ!ഭക്തമുക്തിദായകം (ചാടിഎഴന്നേററു്) ഇതാവന്നു (നെഞ്ചത്തു തടവി സന്തുഷ്ടഭാവത്തിൽ) വാ അപ്പനേ! ഇങ്ങു നേരേവാ! ഇങ്ങാരും ഇല്ല (മുന്നോട്ടു കടന്നതു് രണ്ടു പേരെന്നും തിരിഞ്ഞുപോകുന്നു എന്നും കണ്ടു പിന്നെയും കുപിതനായി) പന്ത്രണ്ടാംശനിക്കു പിന്നെ ആ കൊച്ചുകി ട്ടുവും അവൻെറ മന്ത്രിയും. ഇങ്ങോട്ടുനോക്കു്! (കൊച്ചുകൃഷ്ണ പിള്ളയും ഈച്ചരനും പ്രവേശിക്കുന്നു) എവിടെ, എന്തു നേടിക്കാൻപോയിരുന്നു നീ? ഒന്നിനും കൊള്ളാത്തവന്മാർ. അപ്പുംകിടെ കിടന്നു കെട്ടുപേരെങ്കിലും വരുത്താതെ ജന്മം എടുപ്പിക്കണ്ടയോ? ഈ ഭൊരവേഷം കെട്ടി കഴുത്തിക്കൊ ലമാലയും തൂക്കി ആരെമൂടാനെഴുന്നള്ളിയിരുന്നെടാ നീ?

കൊച്ചു:—ഇതെന്തോന്നച്ഛാ! വിശക്കുന്നെങ്കിൽ വിളമ്പി ച്ചുണ്ണണം. ഞാൻ ക്ലബ്ബിൽ പോയിരുന്നു.

ഗോവി:—നീ കെളമ്പാൻതന്നെ കാലമായി. എന്തോന്നു വച്ചു നിൻെറ പന്തടിയും മോടിയും, സഫക്കൊണ്ടാ ട്ടവും നീ നടത്തുമെടാ? ഹ്-ം! ഹിപ്പം മുഖത്തുനോ ക്കി മൂധേവി കള്ളം പറയുന്നു. നീ ആ സരസ്സനെ തേവിടിയാടാനല്ലേടാ പോയിരുന്നതു്?

കൊച്ചു:—അച്ഛാ! അച്ഛൻെറ അനന്തരവരം ശരിതന്നെ. പക്ഷേ മര്യാദകേടായി കൊച്ചുങ്ങളെക്കുറിച്ചു സം സാരിക്കരുതു്.

Digitized By Kerala Sahitya Akademi

ഗോവി:— ച്ഛീ! നീയോടാ എനിക്കു നീതിസാരങ്ങളു ചൊല്ലിത്തരുന്നതു്? (ചാടി അടിക്കാൻ കയ്യോങ്ങി. കൊച്ചുകൃഷ്ണപിള്ള ഒഴിയുന്നു. തമ്പി വീഴുന്നു. ഈച്ചരൻ തട്ടത്തെഴുന്നേല്പിക്കുന്നു.)

ഈച്ച:— അങ്ങുന്നേ 'പുത്രോ രക്ഷതി വാർദ്ധക്യേ' എന്നാണ്. അതുകൊണ്ടു് അങ്ങുന്നു വയസ്സുചെന്നു ഇരിപ്പി ലാകമ്പം മകനല്ലേ കാര്യം പഠിപ്പിച്ചുതരണ്ടം?

ഗോവി:— (എഴുന്നേററു കാലു തടവിക്കൊണ്ടു് മകനോടു്) എടാ! ഈ പുഷ്കരൻകലിയുടെ കൂട്ടു നിനക്കു കൊള്ളുല്ലായെന്നു് ഞാനെന്നേപറയുന്നു. ഇവനാണുനിൻെറ പഠിത്തം തെററിച്ചതു്. നിനക്കു് ഈശ്വരനെങ്കിൽ അങ്ങു് വെളിയിൽനിറുത്തിക്കൊള്ളണം ഇവിടെക്കേററിക്കൂടാ. (മുന്നോട്ടുനോക്കി) ഭോ ഭോ! അങ്ങു കൊണ്ടുപോ, (പപ്പു കക്ഷത്തിൽ മുണ്ടിനിടയിൽ കുപ്പിയും പൊന്തിച്ചു് എത്തിനോക്കുന്നു. തമ്പി 'അങ്ങുനില്ലെ'ന്നു കൈകാണിക്കുന്നു. അണിയറയിൽ നിന്നു "വിളമ്പട്ടോ" എന്നു ലക്ഷ്മിപ്പിള്ള ചോദിക്കുന്നു.)

ഗോവി:— ഇതെന്തു ശനിയന്മാരു്. തള്ളയപ്പുറത്തും പിള്ളയിപ്പുറത്തും. (പപ്പുവിനോടു്) പോടാ അവിടുന്നു്. ഒരു തൊണ്ടാമ്പിറക്കി അവൻെറ പുറകിലും. ഭോയിൻ, ഭോയിൻ, രണ്ടു നാമമോ മറേറാ വായുവടക്കാൻ പടിച്ചതു ജപിച്ചോണ്ടു് രണ്ടു പററുതിന്നാൻ വിടാണ്ടു കേറി നിക്കുന്ന കണ്ടില്ല്യോ? ഭോ! ഭോ!

ഈച്ച:— എടേ! പപ്പു! അങ്ങുന്നിനു കാലു തേച്ചുകഴുകാൻ വെള്ളമോമറേറാ കൊണ്ടുവെയ്ക്കെടാ. ആ കക്ഷത്തിലെ പൊയില ചാലയിന്നോ പാളയത്തിന്നോ? നല്ല എരിയുള്ളതാണോ? (പപ്പു പിൻവലിഞ്ഞുകളയുന്നു.)

Digitized By Kerala Sahitya Akademi

ഗോവി:—നോക്കു് ഇവിടെക്കേറി വിചാരിപ്പാടാൻ നിയ്ക്കു ണ്ട നിൻെറ പാട്ടിനു പോയില്ലെങ്കിൽ, ഫ്യടാ! തന്ത യ്ക്കുപിറക്കാത്തവനേ!

ഈച്ച:—അങ്ങുന്നേ! എത്ര അച്ചനെ ഇവൻ കണ്ടിരിക്കുന്നു ചുമ്മാ പൂരായങ്ങളെ വിളിച്ചു ശകാരിക്കരുതു്. അങ്ങത്തെക്കൂടിയും സേവിച്ചിട്ടുണ്ടു്. പണ്ടെന്തോ ഗ്ഗുണദോഷങ്ങളും ചൊല്ലിത്തന്നിട്ടുണ്ടു്. അതൊക്കെ ഇപ്പം ഓർമ്മിക്കുമെന്നു് അങ്ങത്തേയ്ക്കുത്ര ഉറപ്പും വേണ്ട. കാലം—

ഗോവി:—അതേതേ; നിൻെറ അപ്പാപ്പന്മാരുടെ കാലം തന്നെ തള്ളയുംപിള്ളയും ആണും പെണ്ണും തറയും മുറയുംകെട്ട കാലം ഭോ! നിൻെറ ക്രൂററാനേയും കൊണ്ടു കടക്കു് മറയത്തു്. (കോപം) (ഈച്ചരനും കൊച്ചുകിട്ടവും പോകുന്നു.)

(പപ്പു പ്രവേശിക്കുന്നു)

ഗോവി:—ഫ്എടാ! ചൊടലമാടാ! പല്ലിളിക്കിണോ നിന്നു്? ഭ്രഃ ആ പാളയത്തിപ്പോയേച്ചുവരാൻ ദിവസം മൂന്നോടാ! മുപ്പിരിക്കൊണ്ട മരനായേ!

പപ്പു:—ഫ്എന്നാപ്പിന്നെ അങ്ങത്തേയ്ക്കാ യൂബിലിഹാളിലോ മറേറാ വന്നുടാരുന്നോ? അവിടെവെച്ചു് മംഗളപത്രംപോലെ അങ്ങു തന്നുടാമായിരുന്നെല്ലോ? എവരൊക്കെ നിന്നിട്ടല്ല്യോ ഞാൻ—

ഗോവി:—ച്ഛീ! അവരുനിന്നിട്ടുംവന്നിട്ടും യുഗം മൂന്നായോ? ഇങ്ങു കൊണ്ടാ കൊണ്ടാ (വിസ്കിക്കുപ്പി വാങ്ങിച്ചുനോക്കീട്ടു്) ഫ്എടാ! ഇതിൻെറ ഈയവട്ടം എവിടെടാ! ഈ അടപ്പു തള്ളിനില്ക്കുന്നതെന്തു്?

പപ്പു:—അയ്യോ! അങ്ങുന്നേ ഇപ്പം യുധാക്കുപ്പിയേ ഉള്ളു പോലും.

Digitized By Kerala Sahitya Akademi

ഗോവി:—(കുലുക്കി വിളക്കത്തു നോക്കിയിട്ട്) എടാ ഇതിൽ ഒരു വൈരമണി പൊടിക്കുന്നില്ല. ച്ഛ്ഛ്ഛ നി എല്ലാം ഏമ്പിക്കൊണ്ട് ആ കൊച്ചാററിലെ വെള്ളമോ മറേറാ ഇതിലോട്ടു തിരിച്ചുവിട്ടു.

പപ്പു:—അതല്ലങ്ങുന്നേ! നേരുപറയാം. ഇങ്ങോട്ടു വരുമ്പം മുണ്ടയത്ത് ഒരു പൊടിപൂരം.

ഗോവി:—ആ പേക്കൂട്ടത്തിൻെറ വത്തമാനം ആക്കു കേൾക്കണമെടാ!

പപ്പു.—ആ സരസുക്കുത്തിനെക്കാണാൻ ചില ശീമവക്കീലന്മാരും മററും അങ്ങോട്ടു കേറി. അങ്ങത്തെ പപ്പു വല്ല്യോ? ഇങ്ങുവന്നാ കേൾക്കുമ്പോൾ ശരിക്കു ശരിയെല്ലാം പറയേണ്ടയോ? ഞാനും പുറകേ കേറി.

ഗോവി:—എടാ! ചട്ടയോ മൊട്ടയോ?

പപ്പു.—ഇപ്പം എല്ലാം അതുതന്നല്ലോ അങ്ങുന്നേ! അങ്ങോട്ടുചെന്നപ്പംതന്നെ അങ്ങുന്നേ! ഇതു് കയ്യിൽ ഇരിക്കുന്നതിൻെറ മണംകൊണ്ട് അങ്ങുന്നു ചെല്ലുന്നുന്ന് വിചാരിച്ച് എല്ലാരും ചാടിഎഴുന്നേററപ്പോ കണ്ടതു പപ്പുവിനെമാത്രം. നമ്മുടെ കൊച്ചങ്ങുന്നും അവിടെ ങ്ങാണ്ടൊണ്ടാരുന്നു. പിടച്ച് ചാടിഓടിപ്പോരുന്നതു ഞാൻ കണ്ടു.

ഗോവി:—കഴവുങ്ങടെ കഥ ദൂരെ കള (മദ്യം കുടിക്കുന്നു)

പപ്പു:—അതല്ലങ്ങുന്നേ! അങ്ങത്തെ അടുത്തു ഉത്തരവാവാണ്ടു് അവരുകേറി പെണ്ണുകാണുന്നതും മററും കണ്ടില്ല്യോ?

ഗോവി:—(കുറച്ചുകുടിച്ചു ചുമച്ച്) പഠിപ്പിച്ചേക്കാമെടാ പഠിപ്പിച്ചേക്കാം. (കുപ്പിക്കകത്തു വിരലിട്ടു തൊട്ടുതെറിച്ചിട്ടു) മറന്നുപോയെടാമറന്നുപോയി അവരു വച്ച

Digitized By Kerala Sahitya Akademi

വാഴുന്നതു ഞാൻ കാണിച്ചേയ്ക്കാം. അങ്ങുചെന്നതൊടണ്ടാന്നു് അടങ്ങിയിരുന്നപ്പം (പിന്നെയും കുറച്ചുകുടിച്ചിട്ടു്) എടാ ഇതു കൊച്ചിരും മറവുമല്ല, നീ ഏതുമടവാക്കുഴിയിലെ വെള്ളംകൊണ്ടു് നിറച്ചോ? ശനിയാ! അപ്പെഴേടാ! ആ ശീമക്കാരെ ഇങ്ങുവന്നാപ്പിടിച്ചു് ഉന്തിയരശ്-മനസ്ലായോ? ഈ കൊച്ചുകിട്ടുവിൻെറ ക്രുത്താട്ടമെല്ലാം അപ്പോ വെറുമനേയോടാ?

പപ്പു:—അങ്ങുന്നേ! പണമല്ലാണ്ടിപ്പം അരശാരു്?

ഗോവി:—അതുതന്നെടാ! ആരാശ്ശാരും, കീരാശ്ശാരും, കൊല്ലിക്കുന്നതും വെല്ലിക്കുന്നതും ഭഗവതിയും സിദ്ധരൂപവും എല്ലാം അതുതന്നെ.

(ശങ്കരപ്പിള്ള പ്രവേശിക്കുന്നു)

ശങ്ക:—(സൂക്ഷിച്ചുനോക്കിട്ടു്) നല്ലനേരത്തിനുതന്നെ വന്നതു്. വേറൊരു ശങ്കരപ്പിള്ള ഇവിടെ കളം തകൎത്തുപോയി. നമ്മുടെ അരങ്ങിനു സ്ഥലം കിട്ടുകില്ല. (മുമ്പോട്ടുനീങ്ങി തൊഴുന്നു)

ഗോവി:—ശംഭോ! മഹാദേവ! ശംഭോ! മഹാദേവാ! ശംഭോ സദാശിവാ! എടാ ഇപ്പം വിശന്നു നട്ടംതിരിയുന്നതിനിടയ്ക്കു നീ അവിടെശ്ശീമക്കാക്കൊക്കെ മേശേം കൊട്ടത്തേച്ചു എന്തരോ മോന്തിക്കൊണ്ടു മാനംമയ്യാദയിൽ ഇരിക്കുന്നവനെ അലമാറടിക്കാൻ വന്നിരിക്കുന്നോടാ! (കറങ്ങി) കലംകെടുക്കണ മട്ടല്യോടാ! നീ-ഹും ഹും.

(ലക്ഷ്മിഅമ്മ പ്രവേശിച്ചു് എല്ലാരേയും നോക്കീട്ടു് ശങ്കരപ്പിള്ളയോട്ടു്) കൊച്ചുകിട്ടു ചാവടിയിൽ ഉണ്ടു് അങ്ങോട്ടു ചെല്ലണം. (ഭൎത്താവിനോടു്) ഉണ്ണാൻ എഴുനേക്കണം; വരണം.

Digitized By Kerala Sahitya Akademi

ഗോവി:—(കറങ്ങി) ഊണെന്തടി! ഉറക്കമെന്തെടി. ജനിമൃതിസംസാരസാഗരത്തി സനി-ഗമ-പധനി-സ്യാന്ന നാം പാല്പായസം കുടിക്കമ്പോൾ പഞ്ചപാണ്ഡവരെന്ത്, ന്തറവുപേരെന്ത്?

(ശങ്കരപ്പിള്ള പോവാൻ തുടങ്ങുന്നു)

എടാ! നീ വന്നുകേറി നമ്മെ അസഭ്യങ്ങളും പറഞ്ഞു് അടീം, പിടീം കൂട്ടീട്ടു കെമ്പാനോ ഭാവം? (കേറി പിടിക്കുന്നു)

ശങ്ക:—ചേട്ടാ! ഞാനൊരു വീട്ടുകാര്യം പറയാനാണു വന്നത്.

പപ്പു:—ഏഃ, തക്കോം തരോം കണ്ടല്ലാണ്ട വീട്ടുകാര്യങ്ങളു വന്നു ബോധിപ്പിക്കാറുണ്ടോ?

(ലക്ഷ്മിഅമ്മ തമ്പിയുടെ കൈക്കു പിടിക്കുന്നു.)

ഗോവി:—എല്ലാരുംകൂടി കൊലവാതകങ്ങളോ സ്വർഗ്ഗം ജയങ്ങളോ ചെയ്യും. ആഴാട്ടിനെഴുന്നെള്ളിയിരിക്കുമ്പം അമ്പാഴിപ്പുഴത്തെ കൊടി കോന്നൻതമ്പിയുടെ ശെപ്പടി ഇല്ലെങ്കിൽ ധർമ്മാനം അടിച്ചുപോവൂല്യോ?

(ഈ സിച്ചെയറിൽ വീഴുന്നു. കൊച്ചുകൃഷ്ണപിള്ളയും ഈച്ചരനും വീണ്ടും പ്രവേശിക്കുന്നു. തമ്പി കൂർക്കംവലിച്ചു തുടങ്ങുന്നു)

ശങ്ക:—സരസ്വതിയെക്കുറിച്ച് ഒരു കാര്യം പറയാനാണു ഞാൻ വന്നത്.

ഈച്ച:—ഒരുകാര്യോം അവിടുന്നു പറയേണ്ടതില്ലല്ലോ. അതൊക്കെ വല്യങ്ങുന്നു തീർച്ചയാക്കേണ്ടതല്ലേ?

ശങ്ക:—അതാണല്ലോ ഞാൻ ഇങ്ങോട്ടു വന്നത്.

ലക്ഷ്മി:—അതേ അതെ, നിങ്ങൾ ഈ ചെറുക്കനേയും ചീത്തയാക്കീട്ടു് എന്തോ ഒക്കെ ആലോചിക്കുന്നു.

Digitized By Kerala Sahitya Akademi

കറച്ചൊക്കെ കഷ്ടകാലംതന്നെങ്കിലും നിങ്ങളത്ര ചവു ട്ടിത്തേയ്ക്കാറായിട്ടില്ല.

ഗോവി:—(ഉണൎന്നു്) ചവുട്ടിത്തിരുമ്മി ഗ്രസ്തിക്കും ഗിസ്തിക്കും ഒക്കെപ്പിടിച്ചാ—

കൊച്ചു—അവിടുന്നു പോണം. അച്ഛനു സുഖമില്ല. ശ്രീപത്മനാഭനാണെ അച്ഛന്റെ അനുമതിയില്ലാ തെ സരസ്സുന്റെ സംഗതിയിൽ എന്തെങ്കിലും നട ത്തിയെങ്കിൽ ചീത്തയുണ്ടാകുമേ.

ശങ്ക—ചീത്തയുടെ വരവു ഞാൻ സൂക്ഷിച്ചു തടഞ്ഞു കൊള്ളാം. എന്റെ കുഞ്ഞു് ഇടയ്ക്കു ചാടാണ്ടിരു ന്നാൽ മതി.

ഈച്ച—അതല്ലങ്ങുന്നേ! മുതലും ആളും ആരുടേതെന്നു വിചാരിച്ചുകൊണ്ടു് അധികാരം നടത്തണം. അല്ലാ ഞ്ഞാൽ അവമാനപ്പെട്ടു കുഴിയിൽ ചാടിപ്പോകും.

ശങ്ക—അധികപ്രസംഗീ!

ഈച്ച:—ഞാനല്ല.

കൊച്ചു:—(ഈച്ചരനോട്ടു്)ച്ഛൂ സംസാരിക്കാതെമിണ്ടാതി രിക്കരുതേ?

ഈച്ച:—സംസാരിക്കാണ്ടിരുന്നാൽ വയറുപിഴയ്ക്കുണ്ടേ അങ്ങുന്നേ! ചേക്കപിടിച്ചടം ചുക്കി പോകുമ്പോൾ ചേൎന്നവൻ കരുതണ്ടേയോ? അതുകൊണ്ടിങ്ങേരു-

ലക്ഷ്മി:—ച്ഛേ! ഇതൊന്നും ഇവിടെവച്ചല്ല.

കൊച്ചു:—അമ്മ മിണ്ടാതിരിക്കണം.

പപ്പു:—ഉറങ്ങുന്ന അങ്ങത്തെഇട്ടു നിങ്ങളുടെചണ്ടകൊണ്ടു വാട്ടാതിൻ. (പപ്പു ഈച്ചരനെ പിടിക്കുന്നു. ഈച്ച രൻ ശങ്കരപ്പിള്ളയുടെ ഇളിക്കുപിടിച്ചു ശരണം

Digitized By Kerala Sahitya Akademi

തേട്ടന്നു. കൊച്ചുകൃഷ്ണപിള്ള വിട്ടുവിക്കാൻ നോക്കുന്നു. ലക്ഷ്മിഅമ്മ കൈകൂടയുന്നു.)

ഗോവി:—(ഉണൎന്നു്) അതുകൊള്ളാമടാ അടവുകോലാഹലം.

"നഴിയായിങ്ങനെ ജനിച്ചു ഭൂമിയിൽ
നഴകവാഴിതി നടുവിൽ ഞാൻ
പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
സുരസൌഖ്യംകേററം തകതയ്യത്തോം."

(കർട്ടൻ)

---

## രംഗം ൨.

---

മുണ്ടേത്തുഭവനം.

ശങ്കരപ്പിള്ളയും സരസ്വതിയും.

സര:—അതൊന്നും പറയേണ്ടച്ഛാ! അമ്മാവനെ എല്ലാവരുംക്രൂടി കൊപ്പത്തിലാക്കി ഇങ്ങുവിളിച്ചുപാൎപ്പിച്ചാൽ വല്ലതുംവേണമെങ്കിൽ രാത്രിയിൽ കൊടുത്തേയ്ക്കണം.

ശങ്ക:—നിൻെറ അമ്മായി എന്ന ആനച്ചങ്ങല വിട്ടത്താൻ ആളാരു്? കൈമുതലു് അൻപതിനായിരത്തോളമുണ്ടായിരുന്നതു നാറവെള്ളത്തിലും ആൎക്കുമില്ലാതേയും കളഞ്ഞില്ല്യോ?

സര:—കിണറോ മറേറാ പാഞ്ഞുപോയതാണെങ്കിൽ നികത്താം. അവിടെ പററിപ്പോയിട്ടുള്ള കേടുപാടിനു് ഇനി മനസ്സെങ്കിൽ അച്ഛൻ അൻപതിനായിരംക്രൂടി കൊടുക്കണം.

Digitized By Kerala Sahitya Akademi

ശങ്ക:—ഒന്നും ഇല്ലാഞ്ഞിട്ടിന്നലെ അടികൊള്ളാൻ തുടങ്ങി. അവമാനംപേടിച്ചു ഞാൻ ഓടിപ്പോന്നു. എല്ലാം ഒന്നുപോലത്തെ ക്രൂട്ടം. ഇനി അനുവാദവും ഒന്നും ചോദിക്കുന്നില്ല.

സര:—അല്ലെങ്കിൽത്തന്നെ എന്തിനനുവാദം?

ശങ്ക:—എന്തിനനുവാദമെന്നോ? ആ കൊച്ചുകിട്ടുപിള്ള ഇവിടെ അധികം വന്നുതുടങ്ങിയിരിക്കുന്നു. ഞാൻ പറഞ്ഞേയ്ക്കാം.

സര:—അച്ഛൻ ഒന്നും പറയണ്ട അവനോടെൻറകാര്യം അവനോനറിയാം.

ശങ്കര:—ഇപ്പഴത്തെ ആലോചന നിനക്കു സമ്മതം തന്നല്ലോ?

സര:—ആലോചിച്ചവക്കു സമ്മതമെങ്കിൽ അവരുടെ ഇഷ്ടംപോലെ

ശങ്ക:—എന്നെക്കൊണ്ടു കണ്ടിൽ ചാടിക്കാനാണോ? നിൻെറ അമ്മാവിയുംമററുംതന്നെ കാര്യം മനസ്സിലാക്കി. ആ കൊച്ചുകിട്ടുപിള്ളയ്ക്കൊത്താത്തടിക്കിൽ നീ ഇനി പോകണം.

സര:—ഇതാ പപ്പു വരുന്നച്ഛാ! ഞാൻ കാലത്തെ എൻെറ പാഠഭേദം വായിച്ചുകൊള്ളട്ടെ.

(ശങ്കരപ്പിള്ളയും സരസ്വതിയും പോകുന്നു.)

(പപ്പു പ്രവേശിച്ച്)

—അയ്യോ! പപ്പുവിൻെറ കണി കൊള്ളുല്ലന്നായിരിക്കും: രണ്ടുപേരും ഒളിച്ചുകളഞ്ഞു. ഇന്നലെ ആ മഹാപാപി കൊച്ചങ്ങുന്നു പിടിച്ചുപറിച്ചു മുക്കാൽ കപ്പിയും അടിച്ചോണ്ടു", ആ അമ്പിട്ടൻഅരത്തൻെറ

Digitized By Kerala Sahitya Akademi

ഷാപ്പീന്നു് ഉള്ള നാററവെള്ളംകൊണ്ടു കറവു നികത്തി. അതിനോ അടി! ഉള്ളതുപറഞ്ഞെങ്കിൽ മണ്ടയുംപോക്കു്. വല്ലടത്തും പോയി പിഴയ്ക്കണം. ഇവിടെയിങ്ങു സംബന്ധക്കോള്ള മുറുക്കം. പുത്തൻ അങ്ങുന്നന്മാരു വല്ലോരും വന്നുചേന്നെങ്കിൽ ഒരു പുത്തൻ അടവിൽ അങ്ങു വിഴുന്നുടാമായിരുന്നു. അതിനു് ഈ കൊച്ചമ്മെ പൂഷിച്ചു് 'പ്രസാദപ്രസാദ' എന്നു വരുത്തണം.

(നെററിയിൽ ഭസ്മവുംതൊട്ടു കാവിനിറത്തിലുള്ള ഒരു പട്ടും പുതച്ചു മിണ്ടാതെ ഒരു കസേരയിൽ ഇരുന്നു സരസ്വതി നാമജപം നടത്തുന്നു.)

പപ്പു:—അയ്യടാ! ഇതെന്തൊരു ചെമ്മച്ചനി? നേരംവെളുത്തു് ഒഴക്ക പഴിഞ്ഞിത്തെളി കുടിപ്പാനുള്ളതിനു മുരാരാ ശിവശവാന്നല്യോ തുടങ്ങിയിരിക്കണതു്. ഒരു പെരമ്പും ചൊരക്കുട്ടക്കേംമാത്രംക്കൂടിവേണം

സര:—Quite right.

പപ്പു:—ഈയാണ്ടത്തെ കൊയിത്തൊക്കെ സന്ന്യേമിരാന്നു തന്നെ കൊച്ചു കൊച്ചമ്മമാരു വരത്തിനും ഉയിരോടെ സാഗ്ഗത്തുപോവാനും തുടങ്ങിയോ? പണ്ടൊക്കെ തൊണ്ണൂറുംചെന്നു്, കാട്ടിപ്പോയി കിഴങ്ങുംതിന്നു പച്ചവെള്ളവുംകുടിച്ചു വാന്തിരേരിയിൽകേറി സാഗ്ഗം ചേരും. ഇപ്പപ്പിന്നെ നല്ല കൊമരിരുപ്പില്യ്—ഇതെന്തരു്?

സര:—ഹരി! ഹരി! ശംഭോ!

ഇന്ദീവരേണ നയനം മുഖമംബുജേന
കുന്ദേനദന്തമധരം നവപല്ലവേണ
ഹരേ! ഏവം വിശച്ചബ്രഹമായണം ഹാ!

Digitized By Kerala Sahitya Akademi

പപ്പു:—അപ്പോപ്പിന്നെ ഇന്നലെ ഇവിടാരോ ഒക്കെ വന്നതോ? ഞാൻ ചെന്നു് അങ്ങത്തെ അട്ടത്തു് അടിച്ചു പൊട്ടിച്ചു. ജാതകംകൊട എന്നു്. ഒന്നുമില്ലാണ്ടു പോയാൽ പപ്പുവിനു് നിലയെവിട്ടന്നേ?

സര:—അടിച്ചുപൊട്ടിച്ചോ? നീ എന്തടിച്ചുപൊട്ടിച്ചു.

പപ്പു:—കൊച്ചമ്മ; കൊച്ചുകൊച്ചമ്മ. പപ്പുവിനു ഒരു വിശേഷം—അനുഗ്രഹം എന്നു വെച്ചുകൊള്ളണം. പണ്ടു ബ്രഹ്മാവിനു സ്ത്രീപുരുഷന്മാരെക്കൊല്ലാൻ കഴുത്തിനു ചക്രങ്ങളു ചാടീല്ല്യോ. വേണ്ടപ്പോ പൂരായങ്ങളു ബുംബുംബുമാന്നു് പൊട്ടിത്തിളച്ചുവരും കൊച്ചമ്മാ! അതൊരു വിലാസംതന്നല്ല്യോ? വലിയങ്ങത്തേ വയററുനോവിനു് കിസ്പെൻഷ്യൽശാലയിന്നു് ഒരുകുപ്പി മരുന്നുകൊണ്ടുവന്നു. ഇവിടത്തെ ചെങ്ങാത്തക്കാററൻകൊച്ചങ്ങുന്നു പിടിച്ചുപറിച്ചു് അത്രയും മോന്തി. എന്തോ നവ്വാതികഷായോം അടച്ചോണ്ടങ്ങു ചെന്നപ്പോഴും അവിടെയങ്ങു വല്യ ഗോഡ്ഡും പോലീസും. ഇവിടെയിങ്ങു ജാതകംകൊടാന്നു പറഞ്ഞു പപ്പു നിന്നോണ്ടു. വഴിയെ പെയ്യേയുള്ളുവെങ്കിലും തക്കടത്തു് തക്കപ്പോ തക്കത്തു് ചൊല്ലിക്കൊണ്ടില്ലംകി കൊച്ചമ്മ കേട്ടിട്ടില്ലേ പാട്ടു്.

"കാലം കലിയുഗമല്ല്യോ
കോലംപലതുണ്ടുകാണാൻ
മേലാപൊറുപ്പാനോരേടത്തുമൊട്ടും"

പിന്നത്തെ എന്തരോ? കൊച്ചമ്മേ! കൊച്ചമ്മകേറിത്തപസ്സിനുംമററും വേഷം കെട്ടട്ടാ നാടുപെലരുന്ന എങ്ങനേന്നേ?

സര:—പപ്പുപിള്ളേ ഭവസാഗരം എന്നു കേട്ടിട്ടുണ്ടോ?

പപ്പു:—എ്വ വള്ളത്തിക്കേറുമ്പം ഒക്കെ കേട്ടിട്ടില്ല്യോ?

Digitized By Kerala Sahitya Akademi

കാനകനിലി കാളിത്തണ്ടാത്തി!
താവരമുണ്ടോ തക്കിമടീഇൗ.

സര:—ഛേ്ഛ! അതാണോ ഭവസാഗരം, നാം കാണുന്ന ഈ പ്രപഞ്ചം—

പപ്പു:—ഈ കള്ളപ്രപഞ്ചത്തിന്റെ വേദാന്തങ്ങള് പപ്പുവിനു കേൾക്കേണ്ട. ഇന്നലെ ഇവിടെ ആരോ ചിരുതു വന്നല്ലോ—അതെന്തരിനെന്നു്.

സര:—പോടോ? തന്റെടത്തു പറഞ്ഞാൽ താൻ എല്ലാടത്തും ഉടനെ കൊണ്ടോടും. അച്ഛൻ എന്നെ കൊല്ലാനുംവരും.

"സമസ്തകല്യാണഗുണാംബുരാശി-
സ്സീതാമുഖാംഭോരുഹചഞ്ചലീകോ"

ഞാൻ നാമം ജപിച്ചുകൊള്ളട്ടേ, താൻ പോവും എനിക്കു ആരും വേണ്ട. താൻ കേട്ടിട്ടില്ല്യോ വല്യയോഗികളെന്നു്. അതിലൊന്നാവാനാണു് എന്റെ ഭാവം.

പപ്പു:—തപസ്സിനും ഒരു കയ്യാളൊക്കെ വേണ്ട്യോ. അതു പപ്പുവായിക്കൊള്ളാം. പിന്നെക്കൊണ്ടോടുന്നകാര്യം. അതില്ലെങ്കിൽ ലോഗം എങ്ങനെ കൊച്ചമ്മ പുലരുന്നതു്. നാരദൻ, നാരദൻ. ശ്രീനാരദകവിവരായ; നാരദൻ വല്യകവിയായി. എന്നിട്ടദ്ദേഹത്തിനു് ഇങ്ങനെ നേദ്യങ്ങളുകൊണ്ടു ചൊരിഞ്ഞൂന്നല്ല്യോ. അപ്പൊപ്പിന്നെ കൊച്ചമ്മ തപസ്സിയും പപ്പു കയ്യാളുമായാൽ വരുല്ല്യോ നേദ്യങ്ങള്ു്? എങ്കിലും ഇന്നലത്തേതിത്തിരികേട്ടേച്ചുപോയെങ്കിൽ പപ്പുവിനൊരാച്ചായി.

സര:—എടോ! ഒരു ധചര പള്ളിക്കൂടത്തിൽ വന്നിരുന്നു. അയാളുടെ ആളുകൾ ഇന്നലെ ജാതകം വാങ്ങാൻ—



Digitized By Kerala Sahitya Akademi

പപ്പു:—എന്തരു്!, എന്തരു കൊച്ചമ്മാ! ജാതകം വാങ്ങിക്കാൻ ധൊരയോ?

സര:—അതേടൊ, ശീമധ്വര, നല്ല വെള്ളക്കാരൻ. പത്തായിരം രൂപാ ശമ്പളം. നമുക്കിപ്പോഠം എവിടെച്ചെന്നെങ്കിലും പൊറുക്കണമെന്നല്ലാതെ—

പപ്പു:—അപ്പക്കൊച്ചമ്മാ, ജാതിയും കലവുമോ?

സര:—ജാതിയേതെടോ! ജാതി ചെമ്പകവല്ലികാ എന്നൊക്കേ ഉള്ളു. താൻ ആരുടെ അടുത്തും പറയരുതു്.

പപ്പു:—ഞാനോ? കൊച്ചമ്മ തപസ്സിനിരിക്കമ്പം ഞാൻ വല്ലോരുടേമെടുത്തു കിണ്ണാരിക്കാനോ? അപ്പോക്കൊച്ചമ്മ ശീമയിപ്പോയാലു്?

സര:—അതു് തീർച്ചയാകട്ടെടോ! എനിക്കൊരു ചായ്പും വേണ്ട മാളികേംവേണ്ടാ. കടാവാരണാസ്യാമവതടിനിവരം—അങ്ങനെ പാത്താൽമതി.

പപ്പു:—അപ്പൊപ്പിന്നെ ഈ പള്ളിയിലെ പുസ്തകങ്ങളു മുമ്പേ വച്ചിരിക്കുന്നതോ?

സര:—അതൊക്കെ നമുക്കു പഞ്ചാഗ്നിയിടണ്ടയോ?

പപ്പു:—അപ്പോട്ടൊരുകേറി മിഃശംമുരുക്കി നിന്നോണ്ടാലോ?

സര:—തപസ്സു വേണ്ടെന്നുവയ്ക്കും.

പപ്പു:—എന്റെ പൊന്നുകൊച്ചമ്മാ! അപ്പും ബട്ടുളേരു വേലയ്ക്കു്—

സര:—താൻതന്നെ. ഓടിപ്പോറ്വ ഓടിപ്പോവ്വ. അമ്മാവൻ അന്വേഷിക്കും. ഇതാ അവിടത്തെ ചേട്ടൻ വരുന്നു.

(പപ്പു ഓടുന്നു. കൊച്ചുകൃഷ്ണപിള്ള പ്രവേശിക്കുന്നു പപ്പു അയാളെ തടഞ്ഞു നിറുത്തുന്നു.)

Digitized By Kerala Sahitya Akademi

പപ്പു:—(തടഞ്ഞുനിറുത്തി) അങ്ങുന്നേ അങ്ങോട്ടു കേറണ്ടാ ദൊരെയാണ് ഇന്നലെ ജാതകം മേടിച്ചതു്. ശമ്പളം ആയിരം. നമുക്കു് അതിനൊന്നും ഗതിയില്ല.

കൊച്ചു:—ച്ഛീ പോടാ! (തള്ളുന്നു)

പപ്പു:—ഇതാ പപ്പു ബട്ടളേരെ (പോകുന്നു)

സര:—(കാവിവസ്ത്രവും ഭസ്മവും കളഞ്ഞു് പഠിപ്പുജാഗ്രതയോടുകൂടിയിരിക്കുന്നു.)
Actions Sensations and states of feelings—

കൊച്ചു:—എന്റെ സരസു.

സര:—Occuring together or in close succession.

കൊച്ചു:—വലിയ നയജ്ഞയായോ? ഞാൻ എടുത്തു് കളിപ്പിച്ചുകൊണ്ടു നടന്ന കുട്ടിയല്യോ.

സര:—Tend to grow together or cohere in such a way.

കൊച്ചു:—ഇതാണിപ്പോഴത്തെ പേ. (പുസ്തകം പിടിച്ചു പറിച്ചു ദൂരത്തുവയ്ക്കുന്നു)

സര:—ഇതു നല്ല മര്യാദതന്നെ. ഒരുത്തിയുടെ അന്തർഗ്ഗതമറിയാതെ ഒരു പുരുഷൻ പ്രവർത്തിച്ചുകൂടെന്നു ചേട്ടൻ പഠിച്ചിട്ടില്ല.

കൊച്ചു:—മര്യാദയുക അവിടുന്നു [illegible]കണ്ടാ അച്ഛന്റെ ഉപേക്ഷകൊണ്ടു [illegible] കറച്ചു [illegible]യുന്നു കണ്ടവനെല്ലാം ജാതകം ജാതകമെന്നു പറഞ്ഞു ഇങ്ങോട്ടുകേറുന്നതു് മററാളു് അറിഞ്ഞിട്ടില്ലെന്നു നിങ്ങളാരും ശങ്കിക്കേണ്ട. അച്ഛന്റെ ആണത്വം പാടേ പൊഴിഞ്ഞുപോയിട്ടില്ല. അദ്ദേഹത്തിന്റെ വൈഷ്ണവതപം ശിവതപമാവുമ്പം, ഈ മുണ്ടയ

ബ്രഹ്മാണ്ഡം ഭസ്മമാണു്. മനസ്സിലാക്കിക്കൊള്ളിൻ. ഇന്നലെ ജാതകത്തിനുവന്നതു് ആരെന്നു് പപ്പൻ പറഞ്ഞു.

സര:—ഒരു ധ്വര എന്നല്ല്യോ അവൻ പറഞ്ഞതു്.

കൊച്ചു:—ആഹ്ാ! അത്രവരെയായോ അപ്പോഠം? അപ്പോഠം അച്ഛൻ വരാത്തതു നന്നായി. അവനോ ൻെറ ജാതി സ്വജനം എന്നുള്ളതൊക്കെ അപ്പോഠം പുല്ലെന്നോ?

സര:—ഇതൊക്കെ എൻെറ അടുത്തെന്തിനു ചോദിക്കുന്നു?

കൊച്ചു:—എന്നാൽപ്പിന്നെ എൻെറ അപേക്ഷയ്ക്കൊരു മറുപടി തീച്ച്യയായി പറയുക ഞാൻ ഒന്നു പറ ഞ്ഞേയ്ക്കാം. വല്ലവനും ഇതിനകത്തു കേറുന്നെങ്കിൽ ധ്വരയാകട്ടെ തിരുയാകട്ടെ, പിന്നത്തെ പൂരം കണ്ട റിയാം. ധ്വരശ്ശാണിയായിക്കളയാമെന്നായിരിക്കും മോഹം.

സര:—ലോകത്തു കാററും കുടിച്ചുകൊണ്ടു് നടക്കുന്നവർ കോട്ടും പാപ്പാസ്സും കഴുത്തേലയും കെട്ടുമ്പോഠം ഞങ്ങഠക്കു ധ്വരശാണിമാരായിക്കൂടാത്തതെന്തു്?

കൊച്ചു:—അതേതേ, നിങ്ങഠം കാററുകുടിക്കുകയല്ല, നേടി ക്കുമിച്ച വീട്ടിൽ കാലൂന്നാൻ തറയില്ല. ഈ പൊണ്ണു ബ്ഭാവങ്ങഠം ഒരുത്തനു് അടിമപ്പെടുന്നതുവരെ.

സര:—എല്ലാവരും അടിമപ്പെടുകതന്നെ. ഒരുവഗ്ഗവും സ്വാതന്ത്ര്യക്കാരെന്നു നടിക്കേണ്ട. ചുററുപാടു ലോകം നാം കാണുന്നതല്ലേ?

(ശങ്കരപ്പിള്ള പ്രവേശിക്കുന്നു)

ശങ്ക:—സരസ്വതി! ആ സായ്യനെ ഒന്നു ഞാൻ കണ്ടേച്ചു വരാം. (തിരിഞ്ഞുനോക്കി കൊച്ചുകിട്ടുപിള്ളയെ കണ്ടു്) നീ എപ്പോഠം വന്നു?

Digitized By Kerala Sahitya Akademi

കൊച്ചു:—ഇപ്പത്തന്നെ. ഏതു സായിപ്പിനെക്കാണെന്നു? ഇതൊന്നും നമുക്കു കൊള്ളൂല്ല. ഈ കഞ്ഞുങ്ങൾ ഏതു കാട്ടുകയറാനും തയാർ. സ്നേഹംകൊണ്ടു് അമ്മാവൻ എല്ലാത്തിനും വഴിപ്പെടരുതു്. കാലക്ഷേപത്തിനു ബുദ്ധിമുട്ടില്ല. അവസ്ഥയിൽ കഴിയാം. പിന്നെ ഒരു പെണ്ണിനെ ബലികഴിക്കുന്നതു കുറച്ചിലാണു്.

ശങ്ക:—പെണ്ണിനെ ബലികഴിക്കുകയോ? നി കാലത്തെ എവിടുന്നുവരുന്നു?

കൊച്ചു:—വല്ല കോടനീരാഴിയിലുംനിന്നുതന്നെ എന്നു വച്ചുകൊള്ളണം.

ശങ്ക:—അതേ. ഇന്നലെ കണ്ടുകാഴ്ചയ്ക്കു അങ്ങനേയും വന്നേയ്ക്കാം ഞങ്ങളുടെപാടു ഞങ്ങൾക്കു്: നിങ്ങളുടെ വഴി നിങ്ങൾക്കു്. അങ്ങനെ കഴിയട്ടെ അപ്പനെ!

കൊച്ചു:—കോടും ചട്ടവും അതു സമ്മതിക്കേണ്ടയോ?

സര:—നിങ്ങളെന്തിനു ശണ്ഠക്കൂടുന്നു? എന്തോ പറഞ്ഞു കാര്യം ഒന്നും അറിയാതെയും സാദ്ധ്യം ഏതെന്നു ഒരു നിശ്ചയവും കൂടാതെയും രണ്ടുപേരും ഇടഞ്ഞു് അനത്ഥങ്ങൾ ഉണ്ടാക്കേണ്ട. അച്ഛൻ പോയിവരണം.

കൊച്ചു:—അപ്പോൾ എൻെറ അപേക്ഷ.

സര:—അച്ഛൻ പോകുന്നതും ചേട്ടൻെറ അപേക്ഷയുമായി എന്തു സംബന്ധം?

കൊച്ചു:—അപ്പറഞ്ഞ പ്രവൃത്തിയോടുള്ള സംബന്ധം തന്നെ.

സര:—ചേട്ടൻെറ കാര്യത്തിനു അമ്മാവൻറടുത്തുപറഞ്ഞു തീരുമാനമുണ്ടാക്കണം.

Digitized By Kerala Sahitya Akademi

(പപ്പു പ്രവേശിക്കുന്നു.)

പപ്പു:—വലിയങ്ങുന്നു വരുന്നു. നിങ്ങളുടെ ചുമ്മാ ചിറികൊണ്ടഞ്ഞു ചള്ളുവെട്ടാതിൻ.

ശങ്ക:—(പപ്പുവിനെ പ്രഹരിക്കുവാൻ കയ്യോങ്ങുന്നു.)

പപ്പു:—ചോറുതരുന്നവക്കല്ലാണ്ടു് അതിനൊന്നിനും അധികാരമില്ല. പിന്നെ ബട്ടുളേരുദ്യോഗം പപ്പൻ രാജിവച്ചിട്ടും മററുമില്ല. ഉണ്ടോ കൊച്ചുകൊച്ചമ്മാ? അങ്ങുന്നിങ്ങനെ പോയി ദൊരയെ കണ്ടേച്ചു വന്നോടണം. പപ്പൻ വല്യങ്ങത്തെ അങ്ങനെ കൊണ്ടുവന്നു ശരുക്കു വയ്ക്കാം.

കൊച്ചു:—എടാ! ഉണ്ണിണ ചോററിൽ മണ്ണിടുന്ന പരമവഞ്ചക! നീ അപ്പോൾ—

പപ്പു:—ഞാനപ്പോ കൊച്ചമ്മേടെ തപസ്സിനു കയ്യാളു്. കേക്കണം അങ്ങോട്ടു്.

(ശങ്കരപ്പിള്ളയെ പിടിച്ചുകൊണ്ടു് പപ്പു പോകുന്നു. കൊച്ചുകിട്ടുപിള്ള പ്രണയവാനായിട്ടു മുട്ടുകുത്തി.)

സരസ്സു! ഇവനെ അപ്പോൾ കാലനായി വിടാൻ ഹൃദയകാഠിന്യം വരരുതു്. ഇവൻെറ പഠിപ്പും നിലയുമെല്ലാം സരസ്സു എന്നുള്ള ഒരേ ചിന്തകൊണ്ടു നഷ്ടമായി. ഈ ആലംബം കിട്ടാഞ്ഞാൽ ഇവൻ ഗതികെട്ടവനായിപ്പോകും. സായ്പെന്തു്? ശീമക്കാരെന്തു്? അങ്ങോട്ടു ദാസ്യം അനുഷ്ഠിപ്പാൻ തയാറുള്ള പ്രണയവാനേയാണു് ഭത്താവായി കിട്ടേണ്ടതു്. സരസ്സു ഇവനു ഭൂമിയും സ്വർഗ്ഗവും, സൗഭാഗ്യവും, സമ്പത്തും, സുഖവും, മോക്ഷവും ആണു്. രക്ഷിച്ചില്ലെങ്കിൽ ഇതാ ഇവിടെ തലയറഞ്ഞു് ഞാൻ ചാകാൻ തയ്യാർ ആണു്. ജന്മഹേതുവായ അച്ഛൻെറ ഭവനംതന്നെ ഇവൻെറ ശ്മശാനമായിത്തീരട്ടെ.

സര:—ചേട്ടാ! ഇതെന്തു നിലകേടു്? പുരുഷത്വം കൈക്കൊള്ളണം. ചേട്ടനു് ഞാൻ സ്വർഗ്ഗം, മോക്ഷം,

Digitized By Kerala Sahitya Akademi

സൗഭാഗ്യം എന്ന ചിലതോന്നലുകൾ ഉള്ളതുപോലെ ഒന്നും എന്റെമനസ്സിൽ സ്ഫുടപ്പെട്ടിട്ടില്ല. എനിക്കു വിദ്യാഭ്യാസമല്ലാതെ ഇപ്പോൾ ജീവിതശ്രമം ഒന്നുമില്ല. എന്നെക്ലേശിപ്പിക്കരുതു്. ഇതാ അമ്മാവൻ—

(ഗോവിന്ദൻതമ്പി പ്രവേശിക്കുന്നു)

ഗോവി:—എടാ ചെറുക്കാ! ഇതെന്തു സുഖക്കേടെന്നേ?

( ക ർ ട്ട ൻ. )

---

## ര ം ഗ ം ന്നു.

---

നെടുംകോയിക്കൽവീടു്.

രായിരപ്പണിക്കരും മകൻ രമാചന്ദ്രനും പ്രവേശിക്കുന്നു.

രായിര:—കുട്ടാ! എന്റെ ഇഷ്ടം അനുസരിച്ചുതന്നെ നീ നടക്കണം.

രമാ:—അച്ഛന്റെ ഇഷ്ടം അനുസരിച്ചു് ഒരു അറന്നിറയെ പരീക്ഷകൾ ജയിച്ചു. ഡിപ്ലോമാകൊണ്ടുതന്നെ ഒരു വലിയ ഗ്രന്ഥം കുത്തിക്കെട്ടാൻ നേടീട്ടുണ്ടു്. ഇനിയെങ്കിലും എന്റെ ഒരിഷ്ടം സാധിച്ചുതന്നുകൂടേ?

രായി:—ജീവാവസാനംവരെ എന്റെ ഹിതമനുസരിച്ചു നടക്കുന്നതാണു് ഗുരുത്വം നിനക്കു ഞാനും എനിക്കു നീയും എന്നു ദൈവം ശേഷിപ്പിച്ചിരിക്കുന്നതിൽ എന്തോ ഭഗവന്മതത്തിന്റെ രഹസ്യമുണ്ടു്.

Digitized By Kerala Sahitya Akademi

ഇന്നുതന്നെ ഭാണ്ഡം മുറുക്കുക. അതിശുഭദിവസം. സന്ധ്യയ്ക്കുമുമ്പു ബോട്ടിറക്കിയേക്കാം. തിരുവനന്തപുരത്തേയ്ക്കു തിരിക്കുക വക്കീൽപ്പണിയിൽ നീ മുന്നിട്ടുനിന്നില്ലെങ്കിൽ അതിന്റെ മാനക്ഷയവും മനോവേദനയും ഞാൻ സഹിച്ചുകൊള്ളാം. ഒരു ക്ഷേത്രത്തിനാകട്ടെ ധർമ്മത്തിനാകട്ടെ വിദ്യാലയത്തിനാകട്ടെ ഒററ ചില്ലിക്കാശുപോലും ഒഴിക്കാതെ എത്രലക്ഷമുണ്ടെന്നു കണ്ടുവല്ലോ. അത്രയും നിനക്കെന്നു് വിൽ എഴുതിവച്ചിരിക്കുന്നതു നീ കണ്ടില്ലേ? അനുഗ്രഹത്തോടുകൂടി പോവുക.

രമാ:—എന്തുകഷ്ടമാണച്ഛാ! ഒന്നോ രണ്ടോ ആളു് മൂക്കുംചാണ്ടി ഭൂസ്വർഗ്ഗഭേദബോധംകൂടാതെ ഇരിക്കുക. എന്നിട്ടു മററുള്ളവൻ അവരുടെ പീഠംചുമക്കുന്ന ആൽത്തറയ്ക്കുതാഴത്തുനിന്നു് ആരുംകാണാപ്പൊളികൾ കണ്ടുക്ഷോഭംചെയ്യണം. എന്റെ മനോഗതിക്കു ആ കച്ചവടം രുചിക്കുന്നില്ല. നിയമങ്ങളെന്നു പറയുന്നതു് ബ്രഹ്മാവു സൃഷ്ടിച്ചതായാലും കേവലം വഞ്ചനസ്മൃതികൾ. ആ വലിയേടത്തെ ഉലഹന്നാൻ മാപ്പിള ആയിരംഏക്കർ തെളിഞ്ഞപുതുവൽ ലക്ഷം രൂപായ്ക്കു് ഇങ്ങോട്ടു വിട്ടുതരാമെന്നു പറയുന്നു. ഒരു ലക്ഷംകൂടി കൈയിൽ ഏല്പിക്കുക. എത്രയോ ജനങ്ങൾക്കു ഉപകാരമായിത്തീരും. പത്താംകൊല്ലത്തിൽ സകലചിലവുംകഴിച്ചു് പത്തുലക്ഷത്തിൽപ്പരം ഇങ്ങോട്ടേൽപ്പിക്കാം.

രായി:—പോ പോ, നിന്റെ സ്വപ്നങ്ങളൊന്നും എനിക്കു കേൾക്കേണ്ട. രണ്ടുലക്ഷം ഉണ്ടാക്കാനുള്ള അരിഷ്ടത നീ അറിഞ്ഞിട്ടില്ല. അമ്പതിനായിരത്തോളവും നിനക്കായി ഇതുവരെ ചിലവായിട്ടുണ്ടു്.

രമാ:—നിറഞ്ഞുകിടക്കുന്ന ബാറിൽ ഞാൻ ചെന്നാൽ ഉന്തി

Digitized By Kerala Sahitya Akademi

ത്തള്ളി മുന്നോട്ടുവരാൻ എത്രകൊല്ലം ചെല്ലുമെന്നോ! ആരുടെയെല്ലാം പ്രീതിക്കായി മൂക്കിൽ വിരൽ തള്ളണം. കോട്ടിലെ ശിപായിപോലും അച്ഛൻെറ ലക്ഷത്തിനുമുകളിലുള്ള യജമാനനായി നടിക്കും. "ഉത്തരവാകുന്നു" എന്നു ജഡ്ജിമാരുടെ ആജ്ഞാവാഹകനായി വന്നുപറഞ്ഞിട്ടു നടകൊള്ളുന്ന അവൻെറ വാലായിട്ടു നമ്മുടെ മഹാകലാബിരുദസ്സഞ്ചികളുംപേറി പാഞ്ഞെത്തണം. എന്തെല്ലാം അപ്രശംസകളും കുർത്സനങ്ങളും തൊണ്ണുഞെക്കി നെഞ്ചുപിളപ്പിച്ചു വിഴുങ്ങേണ്ടിവരുമെന്നോ?

രായി:—തോട്ടക്കൃഷിക്കിറങ്ങിയാൽ ഹരിശ്ചന്ദ്രന്മാരോടുക്രുടിനടമാടി ആകാശത്തിൽനിന്നു പാരിജാതം വർഷിപ്പിക്കാം, എന്നായിരിക്കാം നിൻെറഭ്രമം. ആ ക്രുത്നാവുംകൊണ്ടു ജഡ്ജിമാരോടു വക്കാണത്തിനുതന്നെ നീ പുറപ്പെടണം.

രമാ:—ഇങ്ങനെ നിർബന്ധിക്കരുതച്ഛാ! മനുഷ്യരുടെ അഭിരുചികൾ അനുസരിച്ചു ജീവിതവ്യാപാരങ്ങൾ തുടന്നില്ലെങ്കിൽ തോൽവി നിശ്ചയമാണു. നാം ഈ പ്രമാണം ഗ്രഹിക്കാതെ നശിച്ചുപോകുന്നു.

രായി:—എന്നാൽ ജയത്തിനുള്ള വഴി അവനവൻെറ ശ്രമംകൊണ്ടുതന്നെ സാദ്ധ്യമാവട്ടെ. ഇതുവരെ ഞാൻ സഹായിച്ചു. ഇനി സ്വാതന്ത്ര്യംകൊണ്ടുള്ള സ്വാശ്ര വിജയമാകട്ടെ.

രമാ:—ധമ്മമായിട്ടാണോ അച്ഛൻ സഹായിച്ചതു?

രായി:—അല്ല, കത്തവ്യമായിട്ടു.

രമാ:—ഇനി അപ്പോൾ—

രായി:—നീ വിദ്യാസമ്പന്നൻ ആകകൊണ്ടു എല്ലായിടത്തും ജയിക്കേണ്ടവനല്ലയോ? ജനങ്ങളുടെ പൂജ

Digitized By Kerala Sahitya Akademi

പുറക്കേ എത്തും. ഞാനോ? നിധിസൂക്ഷിക്കുന്ന കരുട്ടു ഭൂതത്താൻ. നിൻെറ അമ്മയെ സ്മരിച്ചു് അധികം പറയുന്നില്ല.

രമാ:—അച്ഛൻെറ ഗുണപൂരത്തെസ്മരിച്ചു ഞാനും വാദിക്കുന്നില്ല. പുരുഷപ്രയത്നം എന്തുഫലത്തെ ഉണ്ടാക്കുമെന്നു് ഞാൻ പോയി നോക്കട്ടെ.

രായി:—എങ്ങോട്ടാണു് യാത്രയെന്നു ഞാനുംകൂടി കേൾക്കട്ടെ. നിൻെറ ഈ വീരയാത്രയിൽ വരണം സംഭവിക്കുന്ന ഒരു ശകുനം ഞാൻ കാണുന്നു. അല്ലാതെ പ:മാഭിമാനിയായ നീ ഒരുകാര്യത്തിലും ഒരുചുവടുമുന്നോട്ടു വൈക്കുകയില്ല. ഒരു കാപ്പിക്കു രൂപാ കാൽ, ഒരു നല്ല ഊണിനു രൂപാ അര എന്നിങ്ങനെ കാലം. കടം കിട്ടണമെങ്കിൽ നിനക്കു പക്ഷേ ആവശ്യപ്പെടുന്നതു് കിട്ടിയേക്കാം. പ്രോനോട്ടു് ഒന്നിറക്കേണ്ടിവരും. നിലത്തുനോക്കിമാത്രം നടന്നാൽ അബദ്ധം പക്ഷേ കുറഞ്ഞിരിക്കും.

രമാ—ഞാൻ സപവ്യൂതിലകങ്ങളോടുചേൎന്നു ദേശസഞ്ചാരംപോലും ചെയ്തിട്ടുണ്ടു്.

രായി—ശരി, ശരി. എന്നുവരികിലും വല്ല മൃദുമേനിയിലും ചെന്നു മുട്ടരുതു്.

രമാ—എത്ര സൗന്ദൎയ്യപടക്കൈക്കാരികൾക്കു ഞാൻ കൈകൊടുത്തിട്ടുണ്ടു്. അച്ഛൻ ഇങ്ങനെ എന്നെ കളിയാക്കി അയയ്ക്കരുതു്.

രായി:—ഐ! അങ്ങനെയല്ല; തന്നോടു ശണ്ഠകൂടി പിരിയാൻ ഞാനാളല്ല. താൻ എനിക്കു വിധിക്കുന്ന ഏകാകിതപത്തെ സഹർഷം പുലൎത്തിക്കൊള്ളാമെന്നുള്ളഗൌരവത്തെ ഞാൻ പ്രകടിപ്പിക്കയാണു്.

രമാ:—അച്ഛനു് എന്നോടു ദേഷ്യമില്ലല്ലോ.

Digitized By Kerala Sahitya Akademi

രായി:—ഛെ! അതും അതിന്റെ വിപരീതവും രണ്ടുമില്ല. താൻ പോയി കൊടിനേട്ടക എന്റെ വക കണ്ടവൻ കൊണ്ടുപോകട്ടെ. (പോകുന്നു.)

രമാ:—ഇതു ചില നോവലുകളിലും ഡ്റാമാകളിലും വായിച്ചിട്ടുള്ളതുപോലെ കാലാശിച്ചുകൂടിയിരിക്കുന്നു. വിൽപോക്കെന്നാണ് ഒടുവിൽ സൂചിപ്പിച്ചത്. അച്ഛന്റെ ഈ ശാഠ്യത്തിന്ന് നമ്മുടെ വീര്യവുമൊന്നു കാട്ടണം. പഠിപ്പിനുതന്നതിൽ ഏതാനും നമ്മുടെ കൈയിലും ബാക്കിയുണ്ട്. രണ്ടുലക്ഷം മുതലെന്നുവച്ച് ഒരു കമ്പനി തുടങ്ങിക്കളയാം. നെട്ടങ്കോയിക്കലെ പേരുകേൾക്കുമ്പോൾ ഓഹരിക്കാർ തെരുതെരെപ്പാഞ്ഞെത്തും. ഒരു വിദഗ്ധൻമാനേജരെക്കൂടി തല്ക്കാലത്തേയ്ക്കു വരുത്തിക്കളയാം, അച്ഛന്റെ വാശിക്ക്. ഷ്യൂ! പക്ഷേ ഈ ശാന്തഭാവക്കാരെ പേടിക്കണം. നിർദ്ധനത്വം പുരുഷത്വത്തിന്റെ മാറററിവാനുള്ള ഒരുകല്ല്—പുത്തൻരീതിയിൽ, ഇംഗ്ലണ്ടിലെ മട്ടിൽ അഡ്വർട്ടൈസ്ചെയ്യുമ്പോൾ ഒന്നാംപന്തി വരിക്കാരായി ladies തന്നെ എത്തും. അഹഹ! അച്ഛൻ സാധു, ലോകം കണ്ടിട്ടില്ല. ഉറച്ചജാമ്യം! ലാഭകരമായനിക്ഷേപം! വിദഗ്ധഭരണം! സ്വദേശീയപരിശ്രമം! ഭദ്രതരസമ്പാദ്യം, സത്യാസ്തിവാരത്താലുള്ള ഫലപ്രളയം എന്നെല്ലാം നോക്കണം. (ചിന്തിച്ചിട്ട്) ഇതൊന്നും പോരാ. നല്ല ഒന്നാംതരം മിരട്ടൻ നോട്ടിസ്സുപകർത്തി ഗംഭീരമണിപ്രവാളത്തിൽ തർജ്ജമചെയ്യിച്ചേക്കാം. പോട്ടെ, അതിനു ഫീസ് വല്ല പിച്ചക്കാരൻകാവ്യക്കാരനും രൂപാ ൧൦൦—പണമിറക്കണം; എന്നാലേ പലപണിയും പരിഷ്കാരത്തിൽ വരൂ. നാട്ടുകാർ പഠിക്കട്ടെ. നാം കൊടുക്കും പാഠം! ഓ, ജാളി—ജാളി—ജാളി—(എന്നു പാടിക്കൊണ്ടു പോകുന്നു.)

---

Digitized By Kerala Sahitya Akademi

# രംഗം ൪.

മുണ്ടയത്തുഭവനം.

മുൻതളത്തിൽ സരസ്വതി ഇരിക്കുന്നു.

സര:—ശനിയും ഞായറും സൃഷ്ടിച്ചവർ രണ്ടുതുള്ളിഎണ്ണ തൊട്ടുവയ്ക്കുന്നകൂടി അവകാശികളായി വാഴട്ടെ! അല്ലെങ്കിൽ പള്ളിക്കൂടക്കാരുടെ കുറുക്കൊടിഞ്ഞുപോകുമായിരുന്നു. ഉദയസൂര്യന്റെ ആദ്യരശ്മികളോട് സൗന്ദര്യത്തെ ഉപമിച്ചിരിക്കുന്ന കവിക്കും തുല്യസ്ഥാനം ലഭിക്കട്ടെ! ഹാ! ലോകം പ്രശാന്തം! ജീവിതപ്രകരത്തിന്റെ മർമ്മരധ്വനി മുഴങ്ങിത്തുടങ്ങുന്നതേയുള്ളു. എന്തോ! ഹേ! മനോഹരലോകമേ! നിന്റെ ദുഷ്കൃതശലം ചിന്തിക്കുമ്പോൾ എല്ലാമര്യാദപാഠങ്ങളും മറന്നു പൊട്ടിച്ചിരിച്ചുപോകുന്നു. അച്ഛനെക്കാണ്മാൻ ഒരു സായ്പുവന്നു. ഒരു കസേരയുംകൊടുത്തു. ഞാൻ ബംഗാൾസമുദ്രഗവർണ്ണരുടെ, അമേരിക്കാപ്രസിഡന്റിന്റെ, ആകാശവിമാനസേനാനായകന്റെ ഭാര്യയുമായി. വിളയട്ടെ, ആ വർത്തമാനം. അതു പഴക്കുമ്പോൾ ചീഞ്ഞളിഞ്ഞു വക്താക്കളുടെ നാവിനെത്തന്നെനാറിക്കും. ഇതാവരുന്നു രെഴുത്ത്. എന്റെ സഹോദരിമാരാരോ എന്നെക്കാൾ മുമ്പിൽ ഉണർന്നിരിക്കുന്നു.

(വാല്യക്കാരൻ എഴുത്തു കൊണ്ടുവരുന്നു.)

സര:—ആക്കെടോ! ആർക്ക്?

വാല്യ:—കൊച്ചമ്മയ്ക്കുതന്നെ.

Digitized By Kerala Sahitya Akademi

സര:—കൊണ്ടരു, കൊണ്ടരു. തന്റെ ശപ്പാസംമുട്ടൽകണ്ടിട്ടുതന്നെ അതു് അടിയന്തിരക്കത്താണെന്നു തെളിയുന്നു. താൻ ആണുങ്ങളുടെ ഹംസം എങ്കിൽ ഇതാ മേൽവിലാസം എഴുതിയിട്ടില്ലാത്തതുകൊണ്ടു് തിരിച്ചു കൊണ്ടുപോയി ആ നളങ്കൽത്തന്നെ പുനസ്സമർപ്പണം നടത്തിയേക്കൂ.

വാല്യ:—അല്ല. എക്സൈസ് ഇൻസ്പെക്റ്റർ അങ്ങത്തെ മകൾ—

സര:—ശരി, ശരി; എന്നാൽ രസംകാണും. (എഴുത്തുപൊട്ടിച്ചുവായിക്കുന്നു)

പ്രിയസഹോദരി!

നിങ്ങൾക്കു് ഒരു സായ്‌വിനെ വരനായിക്കിട്ടുന്നു എന്നു കേൾക്കുന്നതിൽ ഞാൻ സന്തോഷത്തോടെ പങ്കുകൊണ്ടു കൊള്ളുന്നു. സായ്‌വിന്റെപേരു് എന്തെന്നറിഞ്ഞുകൂടെങ്കിലും മംഗളാശംസ അഡ്വാൻസായി ഞാൻ സമർപ്പിച്ചു കൊള്ളട്ടെ! ഒരു നല്ല സദ്യ കിട്ടുവാനുള്ള തക്കം നഷ്ടമാകുന്നെങ്കിലും വല്ല ഡിന്നറും നടക്കുന്നെങ്കിൽ ഒളിച്ചായാലും ഞാനും എത്തിക്കൊള്ളാം. വീഞ്ഞും കേക്കുംമാത്രമായാലും വിരോധമില്ല. വീണ്ടും നിങ്ങളുടെ ഭാഗ്യഭാഗിത്വത്തിനുള്ള മഹാത്ഥനയെ ഉച്ചരിച്ചുകൊണ്ടു മറുപടിക്കു കാത്തിരിക്കുന്ന സഹോദരി ഭാനുമതി.

നില്ക്കുവേറ! മറുപടിയുണ്ടു്. (എഴുതുന്നു)

(എഴുതിത്തീൎന്നു വായിക്കുന്നു.)

ശ്രീ

നിങ്ങളുടെ ദൂതൻ കൊണ്ടുവന്ന ലേഖനം വായിച്ചു് ഞാൻ കൃതാത്ഥയായി. എന്റെ ഭാഗ്യത്തിൽ ഓഹരിയല്ല മുഴുവനും അങ്ങോട്ടുതന്നെ തന്നുകൊൾവാൻ ഞാൻ തയ്യാർ ആണു്. സായ്‌വിന്റെപേരു് Lord Scandal അഥവാ പര

Digitized By Kerala Sahitya Akademi

ഭൂഷണപ്രഭ എന്നാണു്. വിവാഹത്തിനുസമ്മതമെങ്കിൽ അന്നേദിവസം നമുക്കു സഹഭോജനംചെയ്തു രസിക്കാം എന്നു സംഖ്യയററ വന്ദനപൂർവ്വം,

സഹോദരി
സരസ്വതിഅമ്മതങ്കച്ചി.

(ലക്കോട്ടിലിട്ടു വാല്യക്കാരനു കൊടുക്കുന്നു.)

സര:—എടോടോ! സല്യൂട്ടുചെയ്തേച്ചുപോവൂ.

(ആജ്ഞാനുസരംചെയ്തു് ഭൃത്യൻ പോകുന്നു.)

സര:—ഈ വഷളത്വമെല്ലാം പരത്തുന്നതു് ആ കൊച്ചു കിട്ടുചേട്ടനാണു്. നമ്മുടെ കവിവരൻ ശ്രീനാരദനും വല്ലാത്തൊരുപങ്കു് ഇതിലുണ്ടു്. അതാ, ആ ശനിയൻ ദീർഘായുഷ്മാനാണു്. പേരു പറഞ്ഞപ്പോൾ കുരങ്ങു ചാടി ഇതാ എത്തുന്നു.

(പപ്പു പ്രവേശിച്ചു സലാങ്ങൾ വയ്ക്കുന്നു.)

സര:—കാണാറില്ല മിസ്റ്റർ പപ്പുപിള്ളേ. താൻ ഒന്നും ശ്രമിക്കാൻ വരാത്തതിൽ എനിക്കു വല്യമനഃക്ലേശമുണ്ടു്. എടോ, പള്ളിയിൽവച്ചുതന്നെ പുടവകൊട എന്നച്ഛൻ സമ്മതിച്ചുകഴിഞ്ഞു. കർമ്മങ്ങൾമാത്രം നമ്മുടെ മട്ടിൽ.

പപ്പു:—സത്യയോ. മതാമ്മക്കൊച്ചമ്മേ!

സര:—അതും ആ പള്ളിപ്പറമ്പിൽത്തന്നെ.

പപ്പു:—അയ്യോ! അവിടെ ശവങ്ങളെ അടക്കിട്ടില്ല്യോ?

സര:—എടോ, എറച്ചി ലാഭമായി. താൻ ഒരെഴുത്തും കൊണ്ടു സായ്പിൻറടുത്തു പോയേച്ചുവരണം.

പപ്പു:—(ഞെളിഞ്ഞു സന്തോഷംകൊണ്ടു തൊണ്ട ഇടറി) അപ്പോൾകൊച്ചമ്മോ ഞാൻ അന്നേപറഞ്ഞില്ല്യോ ഈ തപാസ്സൊക്കെ കള്ളമാണെന്നു്. പപ്പനറിയാം, കൊച്ചുമിടുക്കികളുടെകോളുകള്. കൊള്ളാം; ഇപ്പോൾ കേപ്പാ

Digitized By Kerala Sahitya Akademi

നാരു് കാശ്യമെടപ്പാനാരു്? പോവാൻ പറയണമെന്നു്. ദൊരസ്സായ്യ് അന്നു് ഇങ്ങോട്ടുകേറുന്നതു് ഞാൻ കണ്ടേ. അതല്യോ ബട്ട്ളേരുവേല എനിക്കു എന്നു അന്നുതന്നെ പെട്ടീഷൻവച്ചൂട്ടതു്. കുറച്ചില്ലകൊച്ചമ്മ എന്തിനുവിട്ടുന്നു. അങ്ങു വല്യകൊട്ടാരംവരെ അറിയട്ടേഎന്നുവച്ചു പപ്പൻബട്ട്ളർ അങ്ങു തമുക്കടിച്ചു പരത്തുട്ടു. ആരാണെന്നു കേട്ടോരുടെ അടുത്തെല്ലാം മേസ്തർ സരസ്വതിഃകച്ചിട്ടോരയുടെ എന്നു പച്ചപ്പരമാത്തത്തിനേയും വിളമ്പൂട്ടു. കൊണ്ടുകുറങ്ങുന്നുകൊച്ചമ്മ തിരുവനന്തപുരം അസൂയക്കാരല്യോ കഴവുങ്ങളു്. വച്ചുകുടിനീരു് ഇറക്കട്ടെ. പപ്പനിപ്പം ആരേം പേടിംമറവുമില്ല. ശീമേലെങ്കിൽശീമേൽ. ലങ്കേലെങ്കിൽ ലങ്കേൽ. ബേട്ടുളേരോ മേട്ടിയോ പാപ്പാത്തുചുമപ്പനോ എന്തെങ്കിലും ആവാം. ഈ വലിയങ്ങത്തെ വീട്ടിലെ ഊററവെള്ളം കടിച്ചു് ഇതേ എന്റെ വയറെല്ലാം ഊത്തളിച്ചുപോയി. അവിടത്തെ ആ മുതുക്കിക്കൊച്ചമ്മേടെ അമ്പണങ്ങളുകൊണ്ടു മുതുകം തഴമ്പിച്ചുപോയി. ആണുങ്ങളല്യോ കൊച്ചമ്മ! ഇത്തിരിക്കെ നാണങ്ങളും മററും ഉണ്ടു്.

സര:—എടോ! ബട്ട്ളർവേഷത്തിലുള്ള ഉടുപ്പുകരുതീട്ടില്ലേടോ താൻ?

പപ്പു:—അതിങ്ങനെ ഒന്നുചുററിച്ചുവന്നൂട്ടാ, ഹൈഗ്ലോട്ടു് കിടക്കുന്നു, ഫള്ളൂഗ്ലാട്ടു് കിടക്കുന്നു. അവിടത്തെ വിയെയുടെ ഒന്നിന്റെക്രൂടെ ഒരുദിവസം നിന്നാ— അടിച്ചോണ്ടുപോന്നൂട്ടല്യോ പപ്പൻ. ഗോട്ടോ ജയം പോസോ!

സര:—എന്നാൽ അതൊക്കെ വേഗം കരുതിക്കൊള്ളു. അമ്മാവിയുടെ ദൃഷ്യംമാത്രം പറഞ്ഞോണ്ടു നടക്കരുതു്. ഉള്ള വെള്ളവും വററിപ്പോകും—

Digitized By Kerala Sahitya Akademi

· (തമ്പിയും ലക്ഷ്മിഅമ്മയും പ്രവേശിക്കുന്നു.)

ലക്ഷ്മി:—എടാ! കുരുത്തംകെട്ട മാപാവി! ഞാൻ മൂത്തക്കിയോടാ. നിനക്ക് എന്റെ വാക്കുകൾ അമ്പണങ്ങളോ?

പപ്പു:—അയ്യോ! പരാപരനേ! ഞാൻ മലരമ്പുകളെന്നല്ല്യോ പറഞ്ഞു. ഏതോ പാട്ടിലുമുണ്ട്. പിന്നെ അതിന്റെ അർത്ഥം ചീത്തയാവണമെങ്കി അതു എഴുതിയവരെ കുററം പറയണം. പപ്പനോ പിഴച്ചതു്?

തമ്പി:—എടാ! ഇങ്ങുനീങ്ങ്. എന്റെ അവിടത്തെ ചോറ് നിനക്ക് ഊററവെള്ളം—ഇല്ലേടാ!

പപ്പു:—അങ്ങത്തെ ചെവിക്കെങ്കിലും വമ്പില്ലെന്നു് പപ്പൻ വിചാരിച്ചിരുന്നു. അവിടത്തെ പററു കവളംപിടിച്ചു എവനു് ഊററം കേറിപ്പോയീന്നു് പറഞ്ഞു് ഇതാ ഈ വയറും കാമ്പിച്ചില്ല്യോന്നു കേക്കണം.

തമ്പി:—ഭോ! ഭോ! ജന്തുപെണ്ണേ! നിന്റെ അച്ഛൻ എന്തോന്നിനാണു ഭാവിച്ചിരിക്കുന്നതു്?

പപ്പു:—എന്തോന്നങ്ങുന്നേ! അന്നുരാത്രി അദ്യംവന്നതു് എന്തിനെന്നോ? അങ്ങുന്നപ്പോ—

ലക്ഷ്മി:—നോക്കു പപ്പു! മര്യാദയ്ക്കിരുന്നില്ലെങ്കിൽ—

തമ്പി:—എന്തോന്നെടാ! അയാളെന്തോ ജാതകംകൊടയുടെ കാര്യംപറവാനല്ല്യോവന്നതു്?

പപ്പു:—(പിറകോട്ടൊന്നുമാറി സംഗതി എല്ലാം മറിച്ചുകളയണമെന്നുള്ള നാട്യത്തിൽ) നാരായണ! നാരായണ! അങ്ങുന്നു ജപിച്ചോണ്ടിരുന്നപ്പം നമ്മുടെ കൊച്ചൻപിള്ളവൈദ്യന്റെ ഗുളിക കാൽത്തുടം ഞാൻകൊണ്ടു തന്നപ്പോ ഞാൻ പറഞ്ഞു "കല്യാണഗൃതം" എന്നു്. അപ്പോ അങ്ങിന്നു നേരംപോക്കിനു് "എവിടെടാ" എന്നുചോദിച്ചു. ഇപ്പം കെട്ടുംപൂട്ടും ഇല്ലല്ലോ. അതു

Digitized By Kerala Sahitya Akademi

കൊണ്ട് "ജാതകം കൊട്ടക്കമ്പം അങ്ങുന്നറിയും" എന്നു ഞാൻ പറഞ്ഞു. അല്ലാണ്ടിതെന്തു കഷ്ടം പിടിച്ച കളിവട്ടം?

ലക്ഷ്മി:—(ആത്മഗതം) ഇവൻറട്ടത്തിപ്പ്പോൾ ചൂന്നുചോദ്യം ചെയ്യാൻതുടങ്ങിയാൽ ഇവൻ അവിടത്തെ രഹസ്യങ്ങൾ പൊട്ടിച്ചുകൂട്ടും; അതുവേണ്ട (പ്രകാശം) എടാ! ഈ നാടൊട്ടുക്ക പറയുന്ന വർത്തമാനത്തിനു നീ എന്തു പറയുന്നു? അമ്പേതുതവണ അവിടെ നീതന്നെ വന്നു പറഞ്ഞിട്ടുണ്ടല്ലോ.

പപ്പു:—(തലചൊറിഞ്ഞു പുരികംചുളിച്ച്) എന്തരു വർത്തമാനം കൊച്ചമ്മാ!

തമ്പി:—എന്തരുവർത്തമാനമെന്നോ? അപ്പോഴപ്പോ ലക്ഷ്മിക്കുട്ടി എൻറട്ടത്തു പറയാറുണ്ട്; ഇവളെ ഒരു സായ്പ് കല്യാണം കഴിക്കാൻ പോണെന്ന്. അറിയാത്തടം ഇനി എന്തെടാ?

പപ്പു:—ഇതു് 'നന്നാപ്പൊറുത്തെൻറ മോളിങ്ങുപോരട്ടെ' എന്നു പറഞ്ഞതുപോലെ അല്ല്യോ ഇരിക്കണെ? "കൊടുങ്ങല്ലൂർത്തുറയിൽ പതിനെട്ടുകപ്പൽ പാററയിറങ്ങിയപ്പോൾ പാൽപ്പായസക്കടലിൽ പടനിരന്നു" എന്നു പറഞ്ഞതുപോലെ എന്തോ ഒരു മൊര ഒരു മദാമ്മേ കെട്ടാൻപോണേന്ന് ഇങ്ങനെയൊക്കെ മറിക്കിണ ആളുകള പൊറുക്കണൊട്ടത്തു പഞ്ചം വന്നതോ കുററം? അങ്ങു പടയേറിയതോകുററം? ഉണക്കം വഷ്വും കണക്കറവുപോകുന്നതും ഇതുകൊണ്ടല്ല്യോ?

ഈച്ചരൻ:—(പ്രവേശിച്ച്) അങ്ങുന്നേ! കൊച്ചുകിട്ടുപിള്ള പറഞ്ഞയച്ചു, സായുവിൻെറ അവിടെ ഇപ്പോഴും ഈ കുഞ്ഞിൻെറ അച്ഛൻ എത്തിയിരിക്കണെന്ന്.



Digitized By Kerala Sahitya Akademi

തമ്പി:—(കോപിച്ച്) ഏതു സായ്പ് സരസൂ! അതു്? നേരു പറ, അല്ലെങ്കിൽ മണ്ണുതിററിയേക്കുന്നുണ്ട്.

സര:—ഒരു സായിപ്പ് ഇവിടെ ഒരിക്കൽ വന്നിരുന്നു. അച്ഛൻെറ ഒരു വസ്തുകണ്ടു. അതു വാങ്ങണമെന്ന് അയാൾക്കാഗ്രഹമുണ്ട്.

തമ്പി:—ലക്ഷ്മിക്കുട്ടീ! നമുക്കിറങ്ങാം. ഈച്ചരപിള്ളേ! നടക്കൂ. നടക്കൂ. നടക്കൂ. പഞ്ഞിക്കകത്തു തീക്കട്ടയെ പൊതിഞ്ഞുകെട്ടിയാ അതവിടെ ഇരിക്കുമോ? പടന്നെറിയും. ആ ചങ്കരപ്പിള്ളയെന്നുപറഞ്ഞവനിപ്പം എൻെറമുമ്പേ വന്നെങ്കിൽ അവനെ പഠിപ്പിച്ചുവിട്ടുകൂട്ടമായിരുന്നു. കാര്യക്കാരങ്ങുന്നമ്മാരു പണിയിച്ച ഈ വീട്ടിൽ ഉലകുടപെരുമാക്കന്മാരു തൃക്കാലമച്ചിട്ടിട്ടുണ്ട്. അങ്ങനെയുള്ളടത്തോ ആ ചമ്പുതിന്നിഹ്ഹണനെക്കൊണ്ടന്നുകേററിയതു്? പോ, പോ, നീയും നിൻെറ തള്ളയും എല്ലാം. ച്ഛേ! പടിയടച്ചു പിണ്ഡം വച്ച് വീട്ടു പുണ്യാഹം കഴിക്കണം.

പപ്പ:—എന്തരിനങ്ങുന്നേ! ദൊരേത്തന്നെ കിട്ടി എന്നുവയ്ക്കണം. (ററക്കണ്ണടച്ചു അടുത്തുനീങ്ങി സ്വകാര്യസ്വരത്തിൽ) നമുക്കു ചില ലാഭങ്ങളില്ല്യോന്ന്. ഇവൻ വെളക്കുവെക്കുമ്പോഴേക്കു വള്ളക്കടവെങ്കേ, പാളയമെങ്കേ, പയണ്ടിനു വിലയെന്ത്, ശീമയ്യെങ്ങനെ, നാടനെങ്ങനെ? എന്നൊന്നും അന്വേഷിക്കണ്ട.

തമ്പി:—(പപ്പുവിനെ സ്നേഹപൂർവ്വം പ്രഹരിക്കുന്നു. പപ്പൻ രസിച്ചുതുള്ളുന്നു.)

ഈച്ച:—അങ്ങുന്നേ! കാര്യംവിട്ടു കളിക്കരുതു്. ആളുകൾ എല്ലാംപറയുന്നതു പൂരായം എന്നുവയ്ക്കാം (ആത്മഗതം) ഇവിടം കിട്ടിയില്ലെങ്കിൽ ആ കൊച്ചുകിട്ടുപിള്ള ഇരപ്പോടെടുത്തുപോകും നമുക്കു കറക്കാൻ മുതലു

Digitized By Kerala Sahitya Akademi

കാഞ്ഞൂപ്പ. (പ്രകാശം) ഈ കുഞ്ഞിനു കൊച്ചുകിട്ടുപിള്ള മൂന്നാംനാളോ എന്നു കേക്കണം. ഇതിന്റെ നിലകേടും മുറയും തറയും മറപ്പുംകൊണ്ടല്ല്യോ ഈ പേർ എല്ലാം കേൾക്കുന്നതു്?

തമ്പി:—എടാ! ആ ചംകരനെന്നുപറയുന്ന കുരുത്തംകെട്ടവനെ കണ്ടെങ്കിൽ ഞാൻ എല്ലാം ഈനിമിഷത്തിൽ ചാട്ടംചെയ്തുട്ടല്ല്യോ? ഇവരു—

ലക്ഷ്മി:—കൊച്ചിനെ എന്തിനു ശകാരിക്കുന്നു? അയാളെ വഴിമാറ്റ്ഗ്ഗാംപഠിപ്പിക്കണം. ഇതിന്റെതള്ളയും അങ്ങു് ഉരുപ്പനിൽ മൂഴികനെപ്പോലെ എങ്ങാണ്ടോ കിടന്നു് ചംകരപ്പിള്ളേടെ ക്രുത്തിനു ചൊക്കനാടുന്നു.

ഈച്ച:—അതൊക്കെ എന്തിനാലോചിക്കുന്നു? പിടാകക്കാരെ രണ്ടുപേരെ വരുത്തി, കൊച്ചുകിട്ടുപിള്ളയ്ക്കു് ജാതകം കൊട്ടുത്തുടണം

തമ്പി:—പെണ്ണിന്റെ തന്തവരട്ടടാ! നീ കേറി ചുമ്മാകിടക്കുന്ന നമ്മെ കൊട്ടംപിരികൊള്ളിക്കാതെ. നാലുപേരെവെട്ടത്തിറങ്ങി നമുക്കു നടക്കണം. ഒരുത്തൻവന്നുചേൻകൊച്ചുങ്ങളുമായാൽഅവനെ പുറത്തിണ്ണക്കാരനാക്കിത്തള്ളുന്നതു് നിന്നെപ്പോലത്തേവനേ ചേരൂ.

ഈച്ച:—(ആത്മഗതം) അയ്യ. ഈ ചാറയാനും ഇങ്ങേരെ ലക്ഷ്മിക്കുററിയും കണ്ണീരുകുടിക്കുന്നതു് ഇവർ കണ്ടില്ലെങ്കിൽ അന്നു് ഈ ഉള്ളംകയ്യീന്നു് മിശ പന്ത്രണ്ടു പിഴതേയ്ക്കാം. (പ്രകാശം)ത്രുമ്മായാണോ, സ്ഥാനങ്ങളും മാനങ്ങളും വച്ചിരിക്കുന്നേ?

തമ്പി:—അതേടാ; പൊന്നുതമ്പുരാക്കന്മാരു ആളും കുലവും അറിഞ്ഞു് ചെമ്പുപട്ടയത്തിൽ നീട്ടുതന്നിട്ടുള്ളതു്, ആ പൂട്ടുപുരയിൽ ഇരിപ്പുണ്ടു്. ഞാൻ ഒരുത്തൻ കുല

Digitized By Kerala Sahitya Akademi

യിൽ പേട്ട്. ച്ഛേ! പോവാൻപറ. ആ ഛംകരപ്പിള്ള വന്നെങ്കിൽ ഇപ്പോഠം രണ്ടാലൊന്നെന്നൊതുക്കീട്ടു മേൽ കാൎയ്യം.

ശങ്കരപ്പിള്ള:—പ്രവേശിച്ച് (ആത്മഗതം) ഇതാ പടയ്ക്കു വന്നിരിക്കയാണ്. ദുഷ്പ്രവാദംകേട്ട് വെളിച്ചപ്പെട്ടിട്ടുണ്ട്. രാത്രിയിലോ മറേറാ ചാടി പുറപ്പെടാത്തതു ഭാഗ്യം. ആട്ടെ, പററിച്ചേയ്ക്കാം.(താണു ഭക്തിപൂൎവം തൊഴുതിട്ട പപ്പുവിനോട്)അവിടെ നോക്കിക്കൊണ്ടു നില്ക്കാതെ ആ അറപ്പുരയീന്ന് ഒരു കസേരഎടുത്ത് ഇറയത്തിട്. അക്കനിങ്ങു വെളിയിൽ നിന്നകളഞ്ഞതെന്ത്? കുഞ്ഞേ അമ്മായിയെവിളിച്ച് അമ്മേടെഅടുത്തുകൊണ്ടുപോയി ആക്കി തട്ടം എടുത്തു വച്ചുകൊടുക്ക്.

ലക്ഷ്മി:—വേണ്ട ശംകരപ്പിള്ളേ! പോവാൻ തുടങ്ങുകയാണ്. ഇവിടുത്തെ വട്ടങ്ങഠം കേട്ടിട്ട്—

തമ്പി:—(ആത്മഗതം) എന്തായാലും നമ്മുടെ മച്ചമ്പിയല്ല്യോ അവൻ? നമ്മെക്കണ്ടു മൎയ്യാദകളുംമററും പഠിച്ചിട്ടുണ്ട്. ച്ഛീ! ച്ഛീ! വല്ലതും പറയണങ്കിൽ അതു ചെവിക്കഛെവി അറിയാണ്ടുവേണം.(പ്രകാശം)കസേരയും മററും വേണ്ടാ ഛംകരപ്പിള്ളേ! ചിലതൊക്കെ കേട്ടതു് എന്തോന്നെന്നു ചോദിച്ചേക്കാമെന്നുവച്ച് ഇങ്ങോട്ടുവന്നു. കൊച്ചുകിട്ടുവിൻെറകാൎയ്യം ഒന്നു പറയാം. എവള് ഒരുത്തൻെറക്രുടെ പൊറുക്കാനുള്ളപ്രായത്തിലായല്ലോ. അതൊക്കെ നല്ലനേരംകണ്ടു പറയാം.

ഈച്ച:—(ആത്മഗതം) മൂപ്പീന്നു താഴണകണ്ടില്ല്യോ? നാം തന്നെ പൊട്ടിച്ചേയ്ക്കാം. ആവശ്യക്കാരനു ഔചിത്യം വേണ്ടല്ലോ. (പ്രകാശം) കേട്ടോ ശംകരപ്പിള്ള അങ്ങുന്നേ! വല്യങ്ങുന്നു വിചാരിക്കുന്നതു് കൊച്ചുകിട്ടു

Digitized By Kerala Sahitya Akademi

പിള്ളയെക്കൊണ്ടു് ഈ കുഞ്ഞിനെ സംബന്ധം ചെയ്യിച്ചേക്കാമെന്നാണു്.

ശങ്ക:—ചേട്ടൻെറ മകനായി; മരുമകളായി അതിനു ചന്തയിലെ കന്നാലിവാണിഭത്തിലെന്നപോലെ താൻ ഒരു തരകനെന്തിനെടോ?

തമ്പി:—എടാ ഈച്ചരപിള്ളേ! നിൻെറ പൂച്ചെരാണ്ടങ്ങൾ ആ കൊച്ചുകിട്ടുവിൻെറടുത്തു ചെലുത്തിക്കോ. ഇവിടെ എടുക്കാതെ.

ശങ്ക:—പെണ്ണു നാലക്ഷരം പഠിച്ചിട്ടുണ്ടു്.

തമ്പി:—അക്കഥ ഒന്നും പറയാതിരിക്കു. ആ അടവു് കൊണ്ടരാതെടെ. എവടെ പഠിപ്പും അവൻെറ പഠിപ്പില്ലായ്മയും ഒന്നുപോലെ. അവൻ എന്തോ തെന്തനം വഴിക്കു നടക്കുന്നെങ്കിലും പേരു നാററിച്ചതാരെടോ?

ശങ്ക:—നാലക്ഷരം പഠിച്ചു എന്നുവച്ചാൽ അതുകൊണ്ടു് അമ്മാവൻെറ സ്ഥാനവും മഹിമയും അറിഞ്ഞു മര്യാദയ്ക്കു നടക്കാനും അനുസരിക്കാനും അവൾക്കറിയാം എന്നുള്ള അൎത്ഥത്തിലാണു ബോധിപ്പിച്ചതു്.

തമ്പി:—അതു ശരി; അതു ശരി. അതല്ല്യോ പഠിപ്പിക്കട്ടെ; ഇനിയും പഠിപ്പിക്കട്ടെ എന്നു നാം വിട്ടിരിക്കുന്നതു്?

ഈച്ച:—ധൊര കൊണ്ടുപോട്ടെന്നും...

തമ്പി:—ച്ഛേ! എന്തുപറഞ്ഞെടാ! ധൊരയോ, നിൻെറ തന്ത; ഇറങ്ങു വെളിയിൽ. നീയും കൂട്ടരും ആണു് എന്തരോ തമുക്കടിച്ചു് വിളമ്പരപ്പെടുത്തണതു്. അതു ഒക്കെ ഒരു ചരതത്തിൽ അടക്കാൻ നാം നോക്കുമ്പോൾ...ഹിറങ്ങു വെളിയിൽ...എടാ! പപ്പു!

(പപ്പൻ നീങ്ങുന്നു. തമ്പി നീങ്ങുന്നു. ശങ്കരപ്പിള്ളയും ലക്ഷ്മിയും തടസ്സംപിടിക്കുന്നു.)

(കർട്ടൻ.)

Digitized By Kerala Sahitya Akademi

# രംഗം ൭.

മുണ്ടയത്തു ഭവനത്തിന്റെ മുൻവശമുള്ള നിരത്തു്.

(യൂറോപ്യൻവേഷത്തിൽ രമാചന്ദ്രൻ പ്രവേശിക്കുന്നു.)

രമാ:—അച്ഛന്റെ ശാപം എന്നെ പിന്തുടരുന്നു എന്നു തോന്നുന്നു. കോട്ടയം, ആലപ്പുഴ, കൊല്ലം എന്നീ സ്ഥലങ്ങളിൽ കമ്പനിക്കു വേണ്ട ഏറ്റപ്പാടുകൾചെയ്തു. വഴിക്കുവച്ചു നമ്മുടെ ബാഗു്നോക്കിയപ്പോൾ കാണ്മാനില്ല. മടങ്ങിപ്പോകുവാൻ ഒരു പൈസയും കയ്യിലും ഇല്ല. അച്ഛൻ പറഞ്ഞതുപോലുള്ള അഭിമാനംകൊണ്ടു ഒരിടത്തും കേറുവാനും പരമാൎത്ഥം പറയുവാനും തോന്നുന്നില്ല. ഇതാ ഈ കാണുന്ന ഭവനം മുണ്ടയത്തുവീടു് എന്നല്ലേ ഇപ്പോൾ പറഞ്ഞുകേട്ടതു്. ഇവിടെ അച്ഛന്റെ കാരണവൻ പേഷ്കാർ ആയിരുന്നപ്പോൾ താമസിച്ചിട്ടുണ്ടു്. ഉണ്ടിട്ടു ദിവസം രണ്ടായി, തല കറങ്ങിവരുന്നു. കളിയും ആഹാരവും ഇല്ലാഞ്ഞാൽ മനുഷ്യൻ മൃതപ്രായം (ഭവനപ്പടികടന്നു തളത്തിലെ വരാന്തയിൽ കയറുന്നു.)

സരസ്വ:—(പ്രവേശിച്ചു് ആത്മഗതം) ഗ്രഹപ്പിഴയായി. ഇതാ ഒരു ചെറുപ്പക്കാരൻസായ്പ്തന്നെ ഇങ്ങോട്ടുകേറുന്നു. അമ്മാവൻ തലയിൽ തീകോരി ഇടാൻ വന്നിട്ടു എന്തോ തല്ക്കാലം ഒന്നടങ്ങിപ്പോയിരിക്കയാണു്. ഈ വൎത്തമാനം ഇപ്പോൾ ആരെങ്കിലും അവിടെ കൊണ്ടുപോയികൊള്ളിക്കും. അല്ലേ! ഇയ്യാൾ ക്രൂസൽകൂടാതെ ഇനി ഇപ്പോൾ അടുക്കളയിലും കേറും. ഭ്രാന്തനാശുപത്രീന്നു ചാടിപ്പോന്നതോ എന്തോ? രണ്ടുമൂന്നുദിവസമായി ശിവരാത്രിഉപവാസം കിടന്നു വരുന്നതുപോലെ സ്വരൂപം പ്രാകൃതം.

Digitized By Kerala Sahitya Akademi

മുഖത്തു നല്ല അഭിരാമത. പ്രഭുത്വവും ഉണ്ട്. പടിപ്പും ഉണ്ടായിരുന്നിരിക്കാം. വരവിലും നിലയിലും ഒരു പരിഷ്കാരതേജസ്സുണ്ട്. ചുണ്ടുവിറയ്ക്കുന്നു. കണ്ണിമകൾ ത്രസിച്ചടയുന്നു.

രമാ:—(ആത്മഗതം) ഭഗവാനേ! അകം കത്തി ജ്വാലകൾ മേല്പോട്ടു കയറുന്നു. നാവു് കീഴ്പോട്ടമർന്നുപോകുന്നു. ലോകം കറങ്ങിത്തുടങ്ങിയിരിക്കുന്നു. ഈ സാധുക്കുട്ടിയുടെ മുമ്പിൽവച്ചു എനിക്കു വല്ല അപകടവും പററിയേക്കാം. ഇംഗ്ലണ്ടുസുന്ദരികൾ! ഹാ! പൊടിയും പശയും അദ്ഭുതതേജസ്സുംകൊണ്ടു്— ചിന്തകൾ-- ചിന്തകൾ—തുടരാൻ ശക്തിയില്ലാതെ ബുദ്ധി മന്ദിക്കുന്നു. (പ്രകാശം) ഇത്രവെള്ളം കിട്ടിയെങ്കിൽ തല്ക്കാലാപത്തു (ഉറക്കെ) വെള്ളം (വീഴാൻ തുടങ്ങുന്നു )

സര:—(ആത്മഗതം) കഷ്ടം? ഏതോ നല്ല അച്ഛനമ്മമാരുടെ സന്താനമാണിതു്. അതു സംശയം ഇല്ല എന്നു അന്തർഭൂതം പറയുന്നു. അമ്മയെ വിളിക്കട്ടെയോ? ച്ഛേ! അവർ അന്യജാതിയെന്നു ശഠിച്ചു് പുറത്താക്കിക്കളയും. അച്ഛൻ ഇവിടെ ഇല്ലല്ലോ. അയ്യോ! കഷ്ടം ഇതാമുഖം രക്തശൂന്യമാകുന്നു. ചുണ്ടു കരുവാളിക്കുന്നു. (അസ്ഥവിവേകിനിയായി സരസു മുന്നോട്ടു നീങ്ങുന്നു.)

രമാ:—അച്ഛാ! ക്ഷമിക്കണേ—ക്ഷമിക്കണേ—ഞാ—ഞാ—(വീഴുന്നു. സരസ്വതി താങ്ങി സംഭ്രമത്തോടുകൂടി ചുററും നോക്കുന്നു.)

സര:—(യുവാവെ ഹസ്താവരണം ചെയ്തിട്ടു്) എനിക്കു് താങ്ങാനും അങ്ങോട്ടു നീക്കിക്കിടത്താനും ശക്തിയില്ല. വല്ലവരും കണ്ടാൽ എന്തുപറയും? വരുന്നതു വരട്ടെ. ഈശ്വരനല്ലേ എല്ലാത്തിനും സാക്ഷി. (തളപ്പടിയിൽ ഒരുവിധം നീക്കിക്കിടത്തി ചില പുസ്തകങ്ങൾ

Digitized By Kerala Sahitya Akademi

എടുത്തു തലയണയാക്കുന്നു. രംഗത്തിൽനിന്നും മാ ഞ്ഞു് കിണ്ടിയിൽ വെള്ളവുമായി മടങ്ങിയെത്തി)

സര:—ഈകേസിലെ First aid ഇതുതന്നെയല്ലേ? (മുഖ ത്തു കുറച്ചു വെള്ളം തളിച്ചു പല്ലു വിടുത്തി വെള്ളം കൊടുക്കുന്നു.)

രമാ:—ആ! വിശ്വംഭരാ! കുറച്ചുകൂടി. (പിന്നെയും വെള്ളം കൊടുക്കുന്നു.)

രമാ:—(പല ദീർഘശ്വാസങ്ങളോടെ ഉണർന്നിരുന്നു്) ഇതു് സ്വർഗ്ഗമോ മായാവികളുടെ മണ്ഡലമോ?

സര:—രണ്ടുമല്ല. മനുഷ്യരുടെ കഷ്ടതാരംഗമായുള്ള ഭൂമി തന്നെയാണു്.

രമാ—ഹാ! തേജസ്വിനീ! ഈ സ്വർഗ്ഗത്തിലെ അമൃതപൂരി തമായുള്ള വായുശ്വസനം എനിക്കു് ലഭ്യമായിരി ക്കുന്ന ഭൂവാസനിർവൃതിയുടെ തെളിവായിരിക്കു മ്പോഴും എന്താണിങ്ങനെ വ്യാജംകൊണ്ടെന്നെ വഞ്ചിക്കാൻ തുടങ്ങുന്നതു്?

സര:—(ആത്മഗതം) ഇയാളും ബോധക്ഷയത്തിൽത്തന്നെ ഇരിക്കുന്നുവോ അതോ ഇങ്ങോട്ടു പ്രണയം കൊണ്ടാ ടാൻ മര്യാദകേടു് അനുഷ്ഠിക്കുന്നുവോ? എന്തായാലും ആതിഥ്യം നാം ശരിയായി അനുവർത്തിക്കുക. (പ്ര കാശം) അല്ല, ശ്രീപത്മനാഭസങ്കേതത്തിലെ മുണ്ട യത്തുഭവനമാണു്.

രമാ:—അങ്ങനെ പറയു സാക്ഷാൽ വൈകുണ്ഠത്തി ലെയ്യാണു് എന്റെ ഭൂവാസകാലത്തിലെ സൽ കൃത്യം എന്നെ എത്തിച്ചിരിക്കുന്നതു്. അവിടുത്തെ മഹാലക്ഷ്മിതന്നെ വിഷ്ണുസായുജ്യം ചേർന്നിരിക്കുന്ന എന്നെ രക്ഷിക്കുന്നു.

Digitized By Kerala Sahitya Akademi

സര—എന്തു്? നിങ്ങൾ ക്രിസ്ത്യാനിയല്ലേ? പിന്നെന്താണു് നിങ്ങളുടെ രൂപകങ്ങളെല്ലാം ഹിന്ദുപുരാണകഥാസംബന്ധങ്ങളായി പുറപ്പെടുന്നതു്?

രമാ—ദേവീ! സ്വർഗ്ഗം ഒന്നേയുള്ളു. അതിനു അധിഷ്ഠാനശക്തിയും ഒന്നത്രേ. ആ ദിവ്യശക്തിയുടെ കളേബരതേജസ്സുകൊണ്ടു ഇവൻെറ ഹൃദയം ഭാസ്വത്തായി ശീതളമായിരിക്കുന്നു പൈദാഹാദിക്ഷീണങ്ങളും ജരാനരാമൃത്യുവും ഇവനു നിവൎത്തിതമായിരിക്കുന്നു. ഞാൻ പാദം തലോടി അഭിവാദ്യംചെയ്തുകൊള്ളട്ടെ.

സര—(ആത്മഗതം) ഇദ്ദേഹം പ്രണയവാദംതന്നെയാണു തുടങ്ങിയിരിക്കുന്നതു്. ച്ഛേ! ഇനി അടുത്തു നിൽക്കുന്നതു ഉചിതമല്ല. അമ്മയെ വിളിച്ചേക്കാം. ഇദ്ദേഹത്തെ പുറത്താക്കാനുള്ള വൈഭവം എനിക്കില്ല. എന്തോ ഞാൻ അറിയാതെ കൃപയും ആദരവും തോന്നിപ്പോകുന്നു ബഹുജനപ്രവാദം ദൈവവചസ്സു് എന്നുള്ള നീതിയനുസരിച്ചു എൻെറ ഹൃദയം ജാത്യാന്തരക്തതയിൽനിന്നു ഖണ്ഡിക്കപ്പെട്ടിരിക്കുന്നുവോ?

(പപ്പൻ പ്രവേശിക്കുന്നു)

പപ്പൻ—ഹേ്! ഹേ്! അതുകൊള്ളാം; അതുകൊള്ളാം. പകലേതന്നെ പോക്കും വരവും തുടങ്ങി. ഇതു് ശിമദ്ദൊരയും മറവുമല്ല. പിടിച്ചുങ്ങു മാനമായിട്ടല്ലേ്യാ ഇരുത്തിരിക്കുന്നു. കൊച്ചുകൊച്ചമ്മ വിശ്വണോ തടവുണോ? കാൎയ്യം കോളല്ല ഇംഗ്ലീഷുപഠിപ്പുകൊണ്ടു ഇങ്ങനെയൊക്കെത്തന്നെ വരുമായിരിക്കാം. എങ്ങനേം ആട്ടെ. ദൊരയ്ക്കു മിസ്സിയേയും മിസ്സിയമ്മയ്ക്കു ദൊരയേയും—ഹ! ഹ! സഹിച്ചുകൂടാത്ത പ്രണയം. രണ്ടു പേരും അങ്ങോട്ടും ഇങ്ങോട്ടും രണ്ടു കണ്ണുകൊണ്ടും ചന്തംകുടിക്കുന്നു. ഇപ്പോ നാം ഇവിടെ നില്ക്കുണ്ടാ. ഗുഡ്മാണിയുവർഹാണർ (സലാംവച്ചു് പോകുന്നു.)

Digitized By Kerala Sahitya Akademi

രമാ—ദേവി! ബോധക്ഷയം തീൻവെങ്കിലും ഒരു ചോട്ട നടക്കാൻ ശക്തിയില്ല. ഞാൻ ഇവിടെ വല്ലേടത്തും തന്നെ കുറച്ചുനേരം കിടന്നുകൊള്ളട്ടെ.

സര—(ആത്മഗതം) പപ്പുതന്നെ വന്നു കണ്ടേച്ചുപോയി. അതിൽനിന്നിനി എന്തെല്ലാം കഥ പൊട്ടിത്തെറിക്കുന്നോ? ഈ സാധുവിനെ ഇവിടെ കിടത്തിയാൽ ശീച്ച്യായും അച്ഛൻകൂടി ശണ്ഠകൂടിയേയ്ക്കും. ഘട്ടം അങ്ങനത്തേതാണ്. എങ്കിലും ഈശ്വരനല്ലേസാക്ഷി! നമ്മുടെ ധർമ്മം നാം നിർവ്വഹിക്കണം. ഇദ്ദേഹം വിശന്നിരിക്കയാണ്. എന്തു ജാതിയാകട്ടെ എന്തു മതമാകട്ടെ. (അകത്തോട്ടുപോകുന്നു.)

രമാ—ഭഗവാനേ! ഞാൻ എന്തുവമ്പാണ് അച്ഛൻറടുത്തു പറഞ്ഞത്. ദേവരംഭകളോടിടഞ്ഞിട്ടുണ്ട്, കുസുമമുദ്ഗലമായ ഹസ്തങ്ങൾ പിടിച്ചു കലുക്കിയിട്ടുണ്ട് എന്നെല്ലാം പ്രസംഗിച്ച പുരുഷത്വം ഇപ്പോൾ എങ്ങോട്ടു പോയോ? എൻെറ ഹൃദയം പ്രണയമകരന്ദത്തെ വഹിക്കാൻ ഒരുക്കപ്പെട്ട ഒരു പാത്രംപോലെ, അല്ലെങ്കിൽ ആഹാരത്തിനു കൊതിക്കുന്ന ക്ഷുദാത്തൻെറ സ്ഥിതിയിലാണ്. എന്തായാലും ഈ മഹതിയുടെ മുമ്പിൽ എൻെറ ക്ഷീണത്തിൻെറ അത്യുഗ്രരൂപത്തെ ഞാൻ പ്രകാശിപ്പിച്ചുകഴിഞ്ഞു. ഇവിടെനിന്നുംവല്ല അഭയവും നേടിക്കൊണ്ടുതന്നെപോകണം. ഇവർ അകത്തോട്ടുപോയിരിക്കുന്നതു എന്തിനാണാവോ? പരമാത്ഥം പറഞ്ഞേക്കാം. ദാമ്പത്യപ്രാരബ്ധത്തിൽ ബദ്ധയായിട്ടില്ലെന്നാണു ലക്ഷണങ്ങൾ കൊണ്ടുതോന്നുന്നതു്. വല്ല അംഗീകൃതകാമുകനുമുണ്ടെങ്കിൽ നാം ഇപ്പോൾ പരമാത്ഥം പറഞ്ഞാലും ഇളിഭ്യനായേയ്ക്കും.

Digitized By Kerala Sahitya Akademi

സര—(സ്വല്പം ഫലഹാരവും ചായയുമായിപ്രവേശിച്ചു കൊടുത്തിട്ട്) അത്യധികം വിശപ്പാണെന്നുപറഞ്ഞതല്ലോ ആ സ്ഥിതിക്കു സ്വല്പമേ ആദ്യം കഴിക്കാവല്ലോ. ഇതാ ഇതു കഴിച്ചിട്ടു യാത്രയാവുക.

ഈച്ചരൻ:—(പ്രവേശിച്ചു ആശ്ചര്യം നടിച്ച് ആത്മഗതം) അപ്പോൾ ആ പപ്പു പറഞ്ഞതു ശരിതന്നെ. ഇതു യൂറോപ്യൻസായിപ്പ് അല്ലല്ലോ. അഞ്ചുതെങ്ങിലെയോ തങ്കശ്ശേരിയിലേയോവകയാണ്. എന്തായാലും ആളുകൾക്കുണ്ടോ തെററുന്നു? നോക്കണേ കാപ്പിയായി, വിരുന്നായി. ഞാൻ കൊച്ചുകിട്ടുപിള്ളയ്ക്കു ആളയച്ചിട്ടുണ്ട്. ഇപ്പോൾ കാണാം ഇവിടെ ഒരു പൊടിപൂരം. (മുന്നോട്ടുവന്ന്) സലാം ധ്വരേ!

രമാ:—സലാം ഇഷ്ടാ! ഞാൻ വല്ലാത്ത ഒരു അപകടത്തിൽ അകപ്പെട്ടുപോയി. കുറച്ച് ആഹാരം വാങ്ങി കഴിപ്പാൻ ഇങ്ങോട്ടുകേറി, ബോധംകെട്ടുപോയി

ഈച്ച:—അതേ; അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ബോധക്കേട് എല്ലാവരും കേട്ടതുതന്നെ. ഇപ്പോഴും ആ നല്ലവണ്ണം കണ്ണിലും മൂക്കിലും കളിയാടുന്നു.

സരസ്വ.—എട്വ ഈശ്വരപ്പിള്ളേ! പിന്നെ, വല്ലതും മനസ്സിൽ കരുതി വല്ലതും സൃഷ്ടിച്ചു വെറുതെ ശണ്ഠകൾ പിണയ്ക്കരുത്.

ഈച്ച:—ഇല്ല കൊച്ചമ്മേ!

രമാ—ഞാൻ യാചകനായി ഇങ്ങോട്ടു കേറിയതാണ്. കേവലം ദേശാന്തരിയുടെ നിരാശ്രയത്വത്തിന്റെ നിലയിൽ.

ഈച്ച—സായിപ്പിന്റെ ചേപ്പിൽ ഒരേട്ടു കിടപ്പുണ്ടോ? പുണ്യകാവേരീതീരത്തിങ്കൽ കഞ്ചീപുരംപട്ടണത്തിൽ ബ്രഹ്മശ്രീ ആര്യനാരായണസ്വാമിദീക്ഷിതൎക്കു അമ്പത്താറുമക്കളുണ്ടായി; എങ്കിലും എല്ലാത്തിന്റെയും

Digitized By Kerala Sahitya Akademi

കാത്തു നാലും കണ്ണമൂന്നും പൊട്ടായിത്തീൎന്ന എല്ലാം ഊമയാകകൊണ്ടു് ഓരോ സന്താനവും ഓരോവഴിക്കായി ലോകത്തിൽ സഞ്ചരിച്ചു് പൂൎവ്വജന്മകൃതം പാപം എന്നൊക്കെ ഒരേട്.

രമാ—എടോ! ഞാൻ ആ വകക്കാരനല്ല.

ഈച്ച—ഇങ്ങേരു വല്യവടക്കൻമട്ടിലല്ല്യോ ഭാഷ ചപ്പുന്നു. ശങ്കരപ്പിള്ളഅങ്ങുന്നു വസ്തുവിക്രയത്തിനു തക്കങ്ങളെ ത്തന്നെ കണ്ടുപിടിച്ചോണ്ടു.

സര:—(രമാചന്ദ്രനോട്) ദയവുചെയ്തു ഇനി യാത്രയാവുക. വല്ലതും സഹായംകൂടി വേണമെങ്കിൽ പറയുക.

രമാ:—ഞാൻ ഇപ്പോൾ പോയിവരാം. ഈ പാത്രങ്ങൾ—

സര:—ഞാൻ ശ്രദ്ധിച്ചെയ്തിച്ചോളാം.

(രമാചന്ദ്രൻ പോകവാൻ തുടങ്ങുന്നു. ഈച്ചരപിള്ള തടുത്തുനിറുത്തുന്നു.)

രമാ:—എന്താഹേ! ഒരു മാന്യഭവനത്തിൽ അനുഷ്ഠിക്കേണ്ട ചടങ്ങാണോ ഇതു്?

ഈച്ച:—അങ്ങനെയുള്ള മാന്യഭവനത്തെ ഇങ്ങേക്കു കളങ്കപ്പെടുത്താമെങ്കിൽ മററുള്ളോറു് അതിനെ തടസ്സം ചെയ്യാം. സ്വല്പം നില്ക്കുക. ചിലർകൂടിവരാനുണ്ടു്.

സര—ആ പപ്പു വന്നതാണു് അനൎത്ഥമായതു്. ഇനി ഇപ്പോൾ ആരെയെല്ലാം ഇങ്ങോട്ടെഴുന്നള്ളിക്കുന്നോ?

രമാ:—(മുന്നോട്ടുനീങ്ങുന്നു.)

ഈച്ച:—തന്റെ ദൈവത്താണെ നീങ്ങരുതു്. ഈ കച്ചവടം ഇന്നു് ഒതുങ്ങണം.

സര:—ഈശ്വരപിള്ളേ! വഴിമാറിക്കൊടുക്കൂ. ഇതിനകത്തു ആരു വരുന്നു പോകുന്നു എന്നന്വേഷിക്കാൻ തനിക്കെന്തധികാരമെടോ?

Digitized By Kerala Sahitya Akademi

ഈശ്വ:—ജാതിയുടെ നില രക്ഷിക്കാൻ എനിക്കധികാരമുണ്ട്. ഉടമസ്ഥൻ വരുന്നവരെ ഞാനതു ചെലുത്തും.

രമാ:—എന്തു ജാതിഭേദം! അമേരിക്ക, ആഫ്റിക്കാ, ജപ്പാൻമുതലായി ഭൂലോകത്തിന്റെ നാനാഭാഗത്തും നിങ്ങളുടെ ആളുകൾ സഞ്ചരിച്ചിട്ട് എന്തുഭ്രഷ്ട് നിങ്ങൾ കല്പിക്കുന്നു?

ഈശ്വ:—നമ്പൂരിപ്പാട്ടതിരുമനസ്സിലെ അടുത്തു മറുപടി ഉണർത്തിക്കാൻ തക്ക ആളിതാ വരുന്നു.

(കൊച്ചുകിട്ടു പ്രവേശിക്കുന്നു.)

കൊച്ചു:—എന്തോന്നാ ഈശ്വരപിള്ളേ! ഇതു്?

ഈശ്വ:—എന്തോന്നെന്നോ? കള്ളനേയും തൊണ്ടിയേയും ഇതാ പിടിച്ചുപിടിക്ക ഹാജരാക്കുന്നു. വരുത്തണം വല്യങ്ങത്തെ; ഇന്നാൾ അങ്ങുമിങ്ങും തൊടാണ്ടു് മഴമഴങ്ങസ്യ എന്നു പോയില്ല്യോ. ഇപ്പോൾ—ഒരു—ഒരു—ലക്ഷപ്രഭു, കോടീശ്വരൻ, ആയിരം ശമ്പളക്കാരൻ എന്നൊക്കെ പറഞ്ഞതു, ഇയ്യാളാണു്. അല്ലേ ഏതു കാശിയിൽ കൊണ്ടുചെന്നു് അലക്കിയാൽ നമുക്കൊക്കെ പററുന്ന പേരുനാററം തീരും?

കൊച്ചു:—ഏ! സായിപ്പേ!

സരസ്വ—ചേട്ടാ! ഈശ്വരപിള്ളേടെതൊഴിൽ ചേട്ടനു ചേരുല്ല.

കൊച്ചു:—ഇത്തൊഴിൽ സരസ്വനു ചേരുമെങ്കിൽ ഞങ്ങൾക്കു ആണുങ്ങളുടെ തൊഴിൽ എന്നും ചേരും. ഈശ്വരപിള്ളേ! ആ വണ്ടിപ്പുരയിൽനിന്നു് ഒരു കയറെടുത്തു് ഇയാളെ പിടിച്ചുകെട്ടിവച്ചിട്ട് അച്ഛനെ വിളിച്ചോണ്ടുവരു.

രമാ:—ഏ! പിള്ളേ! ഈ ചണ്ഡപ്രഭാവങ്ങൾ അങ്ങുവെ

Digitized By Kerala Sahitya Akademi

ച്ചേയ്ക്കുക. എന്റെ കൈക്ക് കയറാണെങ്കിൽ തന്റെ കാൽക്ക് ഇരുമ്പുതണ്ടയാണു്.

കൊച്ചു:—ഓട്ടക്കുറ്റ്വാ ഈച്ചരപിള്ളേ! അച്ഛനെ കൊണ്ടു വരു. ഇവൻ പൊട്ടിത്തെറിക്കുന്നതുകേട്ടാൽ വെളിച്ചപ്പാടോ ആരാച്ചാരോ ആണെന്നു തോന്നും.

ഈച്ച:—(ഓടുന്നു.)

രമാ:—ഓട്ടത്തിൽ ഞാൻ അയാളോട്ട്ഒരുപന്തയംവയ്ക്കട്ടെ.

കൊച്ചു:—അനങ്ങിയാൽ ഖബർദാർ. എടാ! പെണ്ണുങ്ങളുടെ കണ്ണിൽ മായപ്പൊടിഇടാൻ താൻ കന്നക്കോലും കൊണ്ടു നടക്കുകല്ലേ. എങ്ങാനുംകിടന്ന പിറച്ചട്ട; എങ്ങാണ്ടുന്നോ ഇപ്പോഴത്തെ എഴുത്തുകാരുടെതങ്കപ്പുച്ചഭാഷയും പഠിച്ചു ഒരു മേനിമുഖവുംവച്ചുകെട്ടിക്കൊണ്ടു് അയാൾ നടക്കുന്നു. ബി- എ- ക്കു് പഠിക്കുമ്പോ കൊച്ചിങ്ങനെയാണെങ്കി ജയിക്കുമ്പോൾ പിന്നെ—

രമാ:—അത്ഭുതമല്ല. വിദ്യാഭ്യാസപരിഷ്കാരത്തിന്റെ സംസ്കാരമഹിമതന്നെയാണു് ഞാൻ ഇവിടെ കണ്ടതു്. (സരസുവിനോടു്) My conduct must distrss you, dearest.

സര:—(ലജ്ജിച്ചു മുഖം ഒന്നു പാതിതിരിച്ചിട്ടു്) Please do not make confusion worse confounded. You do not know the mess you are creating.

കൊച്ചു:—എടാ! ഈ ശനിയന്മാരുപറയുണതും മനസ്സിലാകുന്നില്ലല്ലോ.

സര:—You are a Christian, and if you have any retgard for woman's honour please clear ou- instantly.

Digitized By Kerala Sahitya Akademi

രമാ:—(ആത്മഗതം) ആ ഹൃദയപ്രകാരം അനന്യാധിനമെന്ന വെളിപ്പെട്ടു. പക്ഷേ ഈ ആജ്ഞ അലംഘനീയം. സന്ദർഭങ്ങറം ഇവൻ അറിയുന്നില്ല. എന്തെങ്കിലും, പോയിസ്സുമു ചിതസന്നാഹനായി വന്നേക്കാം. (നടക്കുന്നു, കൊച്ചുകിട്ടു തടുക്കുവാൻനോക്കുന്നു)

രമാ:—തൊടരുത്.

ഗോവിന്ദൻതമ്പി—(പ്രവേശിച്ചു്) എന്തോന്നെടാ കൊച്ചുകിട്ടു! കെട്ടുത്തുകളഞ്ഞോ?

(രമാചന്ദ്രനും കിട്ടുവും മുൻപിൻ ഓടുന്നു.)

ഗോവി:—ആ, പെണ്ണേ! ഇനി നിൻെറയും നിൻെറ അച്ഛൻെറയും വാഴ്ച ഇവിടെ ഇപ്പോഠം അറണം. അറുപത്തൊൻപതുംകഴിഞ്ഞു് ഈ കറച്ചിൽകാണാനോ ഞാൻ ചേഷ്ടിച്ചതു്? ആ ചോറുതിന്നുന്ന പപ്പനുകൂടെയും ഇതുകണ്ടു് ഓക്കാനംവരുന്നില്യോ. ഈച്ചരപിള്ള എവിടെ കൂവ്വാ.

ഈച്ച:—(പ്രവേശിച്ചു്) ഇവിടുണ്ടേ.

ഗോവി—വിളിക്കു ആ വേലുച്ചട്ടമ്പിയെ. കൊച്ചുകിട്ടുവിൻെറ ജാതകംകൊടയും പുടവകൊടയും ഇപ്പോഠം നിശ്ചയിക്കണം.

ശംകരപ്പിള്ള:—(പ്രവേശിച്ചു്) എന്തോന്നുചേട്ടാ! എന്തു്? ഈ വെളിയിൽനടയിൽ നിന്നോണ്ടല്ല്യ, കുടുംബം നിലനില്ക്കാനുള്ള ഏപ്പ്പാടുചെയ്യുന്നതു്. വിവാഹം കളിക്കാര്യമല്ലെന്നു് ആറു ശാസ്ത്രങ്ങളും അറിയാവുന്ന ചേട്ടൻതന്നല്ലേ പറഞ്ഞിട്ടുള്ളതു്. വരണം വരണം. (അകത്തേയ്ക്കു രണ്ടുപേരും പോകുന്നു.)

ഈച്ച:—ഈ കന്നൻ അയാഠം കരുതിയകടവിൽ കൊണ്ടടുപ്പിക്കും; നാം തോറേറയ്ക്കാം.

Digitized By Kerala Sahitya Akademi

(കൊച്ചുകിട്ടു ഇളിഭ്യനായി തിരിച്ചുവരുന്നു.)

ഈച്ച:—എന്തു കൊച്ചങ്ങുന്നേ!

കൊച്ചു.—മന്തെടോമന്തു്. അവൻ കുതിരപ്പന്തായംപടിച്ചു പിച്ചക്കാരൻ. നാലുരാജ്യവുംനടന്നു തുഴമ്പിച്ചവൻ. ഞാൻ തന്റെ ഗുണദോഷംകേട്ടു് ഉള്ള കടങ്ങളും വാങ്ങി വെളിയിലിറങ്ങിയാൽ മുന്നോട്ടുവിടണ്ടേ?

ഈച്ച:—ഇപ്പോഴും ഈ ദേഷ്യം?

കൊച്ചു:—എടാ, നടയിൽ ഇറങ്ങിയപ്പോഴും ആ രുദ്രൻ പോററി ഒരു മുന്തിയിലു്, ലവിട്ടത്തെ പണിക്കരെ അവൻ കോട്ടയ്ക്കകത്തു സേവിച്ചിട്ടുവരുന്നു. അവൻ മറേറമുന്തിയിൽ; അവൻ അങ്ങു് ആകാശത്തുമെത്തി. ഓടി കാലുകഴയ്ക്കാതെ അവിതപറഞ്ഞു് ഇവന്റെ നാക്കുകഴച്ചു. പോടോ, പോ.

പപ്പു:—(സ്വകാര്യമായി) കൊച്ചങ്ങുന്നേ! സായ്പു് കരുവുള്ളവനാണു്. നമുക്കെന്തെരെന്നു്, അയാളുകൊണ്ടുപോട്ടെ. ബട്ളരെന്നു എനിക്കടമ്പടിയുമുണ്ടു്. അങ്ങത്തെ കാര്യങ്ങളൊക്കെ എവൻ ഭദ്രമാക്കിക്കൊള്ളാം.

കൊച്ചു:—വരൂ ഈച്ചരപിള്ളേ! പപ്പു പറയുന്നതിൽ മമ്മങ്ങളുണ്ടു്; പോകാം.

പപ്പു:—അങ്ങുന്നേ! സായിപ്പിനെ ഇന്നുവയ്യിട്ടു് ഒരു മേശവിരുന്നിനു വിളിച്ചൂടണം. എല്ലാം നാം ചേന്നു് നടത്തിന്നങ്ങിരിക്കട്ടെ.

കൊച്ചു:—നിന്നെ ആക്കണം വല്ലടത്തേം കൗൺസിലരായി. ബാ! ബാ!

(ഈച്ചരപിള്ള പപ്പു ഇവരെ പിടിച്ചുകൊണ്ടു വലിയ വമ്പിച്ചനടനടക്കുന്നു)

( കർട്ടൻ. )

---

Digitized By Kerala Sahitya Akademi

## രംഗം ൩

രാജവീഥി

(സവാരിക്കിറങ്ങുന്ന വക്കീൽ ധനാഢ്യനും രമാചന്ദ്രനും വഴിയിൽവച്ചു കണ്ടുമുട്ടുന്നു)

**രമാ:**—ഗുഡ്ഡീവിനിംഗ് സർ!

**ധന:**—(ഉപചാരം സ്വീകരിച്ചുള്ള തലകുലുക്കലോടെ) എസ്സ്. എസ്സ്. ഗുഡ്ഡിവിനിംഗ്.

**രമാ:**—ഇവിടത്തെ Leading Vakil Mr. ധനാഢ്യർആണെന്നുകേട്ട് ഇങ്ങോട്ടുടത്തതാണ്.

**ധന:**—നന്നനന്ന്. മനോഹരസന്ധ്യ, പ്രശാന്തപവനൻ. കണ്ടില്ല്യേ പരിഷ്ക്കാരലക്ഷ്യം. മഹിളാജനങ്ങളും സവാരിക്കിറങ്ങിയിക്കുന്നു. ഏവേഗത്തിൽനമ്മുടെ രാജ്യം ഇംഗ്ലണ്ടായിപ്പോകും.

**രമാ:**—ആ രാജ്യം കണ്ടിട്ടുള്ളവനാണു ഞാൻ.

**ധന:**—(ആത്മഗതം) ഊരിലെപ്പഞ്ഞം ഉണ്ണിയെക്കണ്ടാലുമറിയാം. (പ്രകാശം) അതുവരെ നടന്നാണോ പോയതു്? ക്ഷീണംകണ്ടിട്ടു അങ്ങനെ തോന്നുന്നു.

**രമാ:**—ക്ഷീണമുണ്ടു്. ഞാൻ ആഫീസ്സിലോ താമസസ്ഥലത്തോ വന്നുകാണാൻ ഉദ്ദേശിച്ചിരിക്കയായിരുന്നു.

**ധന:**—(ആത്മഗതം) തെണ്ടിയാണു്. വഴിയിൽവച്ചു കണ്ടതു ലാഭമായി. (പ്രകാശം) എന്താ ശീമയിൽ പോയിട്ടു ആദായമാർഗ്ഗം ഒന്നും കിട്ടിയില്ലേ?

**രമാ:**—ഈ നാട്ടുകാരൻഒരാൾ ഇംഗ്ലണ്ടിൽ പോയി അവി



Digitized By Kerala Sahitya Akademi

ടത്തെ നിയമപണ്ഡിതന്മാക്ക് അത്ഭുതമുണ്ടാക്കു മാറു് പരീക്ഷകൾ ജയിച്ചുപോന്നതു് അവിടുന്നു കേട്ടിരിക്കുമല്ലോ.

ധന:—ആ ഭാഗ്യവാൻ ഇവിടെ എത്തുമ്പോൾ ഞങ്ങൾ ഒരു സ്വാഗതയോഗംകൂടി അദ്ദേഹത്തെ സല്കരിക്കാൻ നിശ്ചയിച്ചിട്ടുണ്ടു്.

രമാ:—അദ്ദേഹം വക്കീൽപ്പണിയിൽ പ്രവേശിക്കുന്നില്ലത്രേ. ഒരു കമ്പനി ആരംഭിക്കാൻ ശ്രമിക്കുന്നു.

ധന:—അതേതേ. ചില പത്രങ്ങളിൽകണ്ടു. ഇങ്ങോട്ടു വരട്ടെ. ആയിരമോ പതിനായിരമോ പങ്കു ഞാൻ എടുക്കുവാൻ തയ്യാറുണ്ടു്. ആ പേരുതന്നെ വിജയചിഹ്നമല്ലേ? അദ്ദേഹത്തിൻെറ അച്ഛൻ മഹാധീമാൻ അനുവദിച്ചിട്ടായിരിക്കും അതിലേക്കിറങ്ങിയിരിക്കുന്നതു്. നാലുനാൾകൊണ്ടു് രണ്ടുലക്ഷം പിരിയില്ലേ? ഞങ്ങൾ ഇവിടത്തെ ബാർയോഗംകൂടി ഒന്നു പാതി ഇങ്ങോട്ടേൽക്കാൻ നിശ്ചയിച്ചിരിക്കയാണു്.

രമാ:—(ലജ്ജയോടു്)നിങ്ങളുടെ ഈ വിശ്വാസവും സമുദായസ്നേഹവും എൻെറ ക്ഷീണത്തിനെല്ലാം നല്ല വിശല്യകരണിയായി ഉപയോഗപ്പെടുന്നു. തല്ക്കാലം ഞാൻ ഒരു അപകടത്തിൽ കുഴങ്ങി നിങ്ങളുടെ കൈത്താങ്ങൽകിട്ടാൻ അപേക്ഷിക്കുകയാണു്.

ധന:—എൻെറ കൈത്താങ്ങലോ? ആഫീസിൽ വരു നാളെ.

രമാ:—ഞാൻതന്നെയാണു് രമാചന്ദ്രൻ.

ധന:—(പൊട്ടിച്ചിരിച്ചിട്ടു്)ദേവേന്ദ്രനല്ലല്ലോ, ഏ എന്താ റയിൽവേയിൽ ഉണ്ടായിരുന്ന ഡ്രൈവർപണി പൊയ്യോയോ? എൻെറ ചട്ടസ്സാറേ! പൊട്ടൻതട്ടി

Digitized By Kerala Sahitya Akademi

ക്കാൻ കണ്ട ആൾ തെററിപ്പോയി. എന്നാൽ അവി ടത്തെ കാർഡ് ഒന്നുകാണട്ടെ.

രമാ—അതെല്ലാം റയിൽവേയിൽവച്ചു കളഞ്ഞുപോയി.

ധന—ങ്ഹേ, അതുതന്നെയായിരുന്നു വ്യാപാരകേന്ദ്രം. അപ്പോൾ എൻെറ ദർശനത്തിനു പരമാൎത്ഥം കാണാൻ ശക്തിയുണ്ടു്.

രമാ—മിസ്റ്റർ ധനഹർ! നിങ്ങളെ ഞാൻ വഞ്ചിക്കാൻ നോക്കുന്നു എന്നു വിചാരിക്കരുതു്. ഞാൻ ഒരു പഠിപ്പുള്ളവനെന്നു് എഴുതി നിങ്ങളെ ബോധ്യപ്പെടുത്താം. നിയമത്തിൽ എന്തെങ്കിലും ചോദിച്ചോളു. രമാചന്ദ്രൻതന്നെ ഞാൻ എന്നു തെളിയിക്കാം. ഞാൻ സ്വാശ്രയശക്തിതന്നെ പ്രധാനമെന്നു ചിന്തിച്ചുപോന്നതു വലിയ അബദ്ധം ആയി.

ധന—ഏ! ഇക്കഥ ഒന്നും പറയേണ്ട മിസ്റ്റർ. രമാചന്ദ്രൻ ആണെങ്കിൽ നിങ്ങൾ പ്രാസ്പക്ററസുംകൊണ്ടു വീട്ടിലോ ആഫീസിലോ വന്നേക്കുക. ആ സ്വാശ്രയവൃത്തി എന്നു പറഞ്ഞതു്—അപ്പോൾ അച്ഛൻെറ സഹായംകൂടാതെ പുറപ്പെട്ടിരിക്കുകയാണോ?

രമാ—ഞാൻ അനുഷ്ഠിക്കേണ്ടജീവിതവ്യാപാരത്തെക്കുറിച്ചു് ഞങ്ങൾ ഭിന്നാഭിപ്രായക്കാരായി.

ധന—എന്നാൽ സ്വാഭിപ്രായം നടക്കട്ടെ. (വേഗം നടക്കുന്നു. രമാചന്ദ്രൻ എത്തുന്നു)

എടോ! സൊല്ലാൻ കൂടാതെ തിരിഞ്ഞു നടകൊള്ളു.

രമാ—എന്തു മിസ്റ്റർ ധനഹർ! നിങ്ങൾക്കു് ആളെക്കണ്ടു് ഒന്നറിമിക്കാൻ ശക്തിയില്ലെന്നുവന്നുവോ?

ധന—ഏയ്. സൊപ്പക്കാരാ, സവാരിക്കിറങ്ങിയപ്പോൾ

Digitized By Kerala Sahitya Akademi

ഞാൻ കാത്തുകൊണ്ടുവന്നില്ല. വേഷവിശേഷം വ്യാഖ്യാനിക്കാൻ കുറച്ചു പരിചയം എനിക്കുമുണ്ട്.

രമാ—കൊല്ലത്തു ഒരു സ്നേഹിതനു ഒരു കമ്പി നിങ്ങളുടെ ചിലവിൽ അയയ്ക്കുക. അദ്ദേഹം നാളെരാവിലേയ്ക്ക് ഇവിടെ എത്തും. പിന്നീടു എന്നെ ആട്ടിപ്പുറത്താക്കിക്കൊള്ളുക.

ധന—ഇന്നത്തേതു കഴിഞ്ഞിട്ടല്ലേ നാളത്തേതു് അന്വേഷിക്കുക. മിസ്റ്റർ രമാചന്ദ്രനുവേണ്ടി കമ്പി അയയ്ക്കേണ്ട കാര്യം എനിക്കു വന്നിട്ടില്ല. നടക്കു ഹേ. നടക്കു അല്ലെങ്കിൽ പുറകോട്ടുമാറു.

(പപ്പൻ പ്രവേശിച്ച് ധനഹരനെ തൊഴുതിട്ട്)

പപ്പു—ഇപ്പോ അങ്ങത്തെ അടുത്തുക്കൂടിയോ ഈ ഒരം ആയിരംരൂപാ ശമ്പളക്കാരനങ്ങുന്നേ കേട്ടില്യോ അങ്ങുന്നേ, മുണ്ടയത്തു സരസുക്കുട്ടിയമ്മേടെ സമ്മന്തം. അതിങ്ങേരാണ്.

രമാ—(പപ്പനോടു) ഞാൻ ഇന്നു കണ്ട കുട്ടിയാണോ സരസുക്കുട്ടി.

പപ്പു—അതേ, അതേ, "അങ്ങനേ! ഞാൻ അങ്ങു പോവതെങ്ങനെ?" എന്നാടിയില്യോ. അതുതന്നെ കുട്ടി; ശങ്കരപ്പിള്ളയങ്ങത്തെ മകളെ.

ധന—എടാ, ഈ Black gaurd ആണ്, ആ വീട്ടുകാർക്ക് ആ ദുഷ്ടേരെങ്കിലും വരുത്തിയതു്. ദൂരെമാറിനടക്കു ഹംബഗ്, ബെഗർ, സ്കൗണ്ഡ്രൽ.

രമാ—ഇതാ് പരമാർത്ഥം അറിയാതെ ശകാരിക്കരുതു്.

ധന—ദൂരത്തു വാങ്ങി നടന്നില്ലെങ്കിൽ ഞാൻ എടോ കാൺസ്റ്റബിൾ. എന്തു ഭേഷജം! നിന്റെ പേരെന്തെടോ?

Digitized By Kerala Sahitya Akademi

ചപ്പു—പപ്പുള്ളാനു്. മുണ്ടയത്തെ തമ്പിഅങ്ങത്തെക്കൂടി പോകുന്നു.

ധന—അതേതേ നീ പോയി പറഞ്ഞേക്കു് ഞാൻ അങ്ങോട്ടു വരുന്നുണ്ടു്. ശ്യോ, ശ്യോ എന്തെല്ലാം അനൎത്ഥങ്ങൾ—ഇവന്റെ മുഖം നന്നു, ഏതാണ്ടൊരുമിരട്ടും പിരട്ടുംഉണ്ടു്. അതല്ലെ ഈ പെണ്ണുങ്ങളെ കുഴിയിൽ ചാടിക്കുന്നതു്.

രമാ—ഹേ വക്കിൽകേസരി! നിങ്ങൾ വലിയ വിദ്യാസ്തംഭങ്ങളെന്നു് നടിക്കുന്നു. നിങ്ങളുടെ അന്തൎമ്മഹത്വം മഹാത്ഭുതം! നാലു ചക്രം ചിലവാകുമെന്നു പേടിച്ചല്ലേ നിങ്ങൾ എന്നെ ഓടിക്കുന്നതു്? നിങ്ങൾ ഇന്നു് ആ വീട്ടിൽ പോകുന്നെന്നല്ലേ പറഞ്ഞതു്. എന്റെ ഈ നിസ്സഹായസ്ഥിതിയിൽ അവിടത്തെ മഹതി കാട്ടിയ കൃപ വിസ്മയനീയം! നമ്മുടെ സ്ത്രീലോകത്തിനു് വിദ്യാപരിഷ്കൃതി ഉണ്ടാകുമ്പോൾ നിങ്ങൾ തലതാഴ്ത്തി അവൎക്കു ദാസ്യപ്പെടേണ്ടിവരും-

ധന—(കൈ ആട്ടിയിട്ടു) എടോ! തനിക്കു—കുറച്ചു കിഴക്കുവടക്കു ചെന്നാൽ ഒരു മഹാരാജാലയം ഉണ്ടു്. ചീട്ടാക്കാൻ ഭരിക്കാൻ അവിടെ ഒരു എൽ. എം. എസ്സു്. ഉണ്ടു്. രാജാക്കന്മാരു്, കോടീശ്വരന്മാരു്, സ്വൎഗ്ഗസുഖം അനുഭവിക്കുന്നവർ എന്നിങ്ങനെപല കൂട്ടരേയും അവിടെക്കാണാം. രമാചന്ദ്രൻ എന്ന പേരു മാററിയിട്ടു് ഉമാഭാസ്കരൻ എന്നോ മറേറാ ഇട്ടു് അങ്ങുചെന്നു രജിസ്റ്ററിൽ നമ്പർ ചാൎത്തിക്കുക (വക്കിൽ കുറെ യുവരസികന്മാരെക്കണ്ടു് മന്ത്രിച്ചു പോകുന്നു.)

ഒന്നാംയുവാവു്-ഹേ! മിസ്റ്റർരമാചന്ദ്രൻ എം. ഏ. എൽ എൽ ഡി. ഡി. സി. എൽ. ബാർ-അററ്ലാ. tec.

Digitized By Kerala Sahitya Akademi

രണ്ടാം യു—ഓ മിസ്റ്റർ ഭീമചന്ദ്രചാററർജി, നിയമ പണ്ഡിതബഹദൂർജി, ആറട്ടർബഹദൂർജി.

മൂന്നാം യു—രണ്ടുലക്ഷം മുതൽ മുടക്കി, തിരുവിതാംകൂറി ലെ ജിഹാംഗീർ ററി. ററാററായായ, ഐശ്വര്യം ഹി മവൽകരിക്കാൻ പോകുന്ന ബാറൻ റാസ്ചൈൽഡ്!

ഒന്നാം യു—സർ,നിങ്ങടെ അത്താഴപ്പട്ടിണിപാസ്പോർട്ട് കയ്യിലില്ലേ. You will be off to Japan within ;

രണ്ടാം യു—എടോ! അത് അയാളുടെ വയററിനകത്ത് ദീപയഷ്ടിയായി കത്തിജ്വലിക്കുകയാണ്.

ഒന്നാം യു—അയാളുടെ കോപരൗദ്രം നിങ്ങളേ ദഹി പ്പിക്കും. വിശപ്പുകൊണ്ടു പക്ഷേ അയാൾ നിങ്ങളെ തിന്നും കളഞ്ഞേക്കാം.

പപ്പു—ഇങ്ങനെ ഒന്നും പറയരുത്. അദ്യം മൂണ്ടയത്തെ കൊച്ചുകൊച്ചമ്മയെ കെട്ടാൻപോണസായിപ്പാണ്. ശമ്പളം രൂപാ ആയിരം. നമ്മുടെ കിട്ടുപിള്ള അങ്ങു ന്ന അങ്ങോട്ടു വിളിച്ചോണ്ടു ചെല്ലാൻപറഞ്ഞിട്ട് ഞാൻ വന്നിരിക്കയാണ്.

ഒന്നാം യു:—എന്നാൽ മിസ്റ്റർ രമാചന്ദർ അങ്ങോട്ടുചെല്ലൂ. കിട്ടുപിള്ള ച്ചട്ടമ്പിയുടെ ആശ്രമത്തിൽവേണ്ടതുകിട്ടും. അവിടെ തെങ്ങുംകാമധേനു തുലാവർഷമാണ്.

രമാ:—എൻെറ സ്നേഹിതന്മാരെ! നിങ്ങൾ പഠിപ്പുള്ളവരാ ണെന്നു തോന്നുന്നു. ഒരു നിരാശ്രയൻെറ നേർക്ക് അനുഷ്ഠിക്കേണ്ട ധർമ്മം എന്തെന്ന് നിങ്ങൾ അറിഞ്ഞി രിക്കേണ്ടതാണ്.

രണ്ടാം യു:—എന്നാൽ അതു പറയുവെടോ! താൻ ഡാക്ടർ രമാചന്ദ്രൻ എന്ന സമ്പൂജ്യനാമവുംവഹിച്ച് അത്താ ഴപ്പട്ടിണിക്കാരനായി കയ്യുംനീട്ടി നടന്നാൽ ഞങ്ങൾ

Digitized By Kerala Sahitya Akademi

തന്നെ പൂജിക്കുന്നതു മണ്ണുകൊണ്ടായാൽ അതു ധർമ്മലംഘനമാണോ? യുദ്ധംകൊണ്ടും മററും ദാരിദ്ര്യം പെരുകി ആളുകൾ പല വേഷവുംകെട്ടുമ്പോൾ ഒരു കോട്ടും ട്രൗസറും ഇട്ടു നടക്കുന്നവനെ ധാര എന്നു പൂജിക്കണമെന്നു്?

രമാ—ആട്ടെ, ഞാൻ മിസ്റ്റർ ധനഹരനോട്ട് ഒരു രൂപായുടെ സഹായമേ ചോദിച്ചൊള്ളൂ. നിങ്ങൾ ആരെങ്കിലും അതു ചിലവിട്ടു ഒരു കമ്പി അയയ്ക്കുക. മറുപടിവരെ എന്നെ ബന്തവസ്സിൽ വയ്ക്കുക. ആത്മാഭിമാനത്തെക്കരുതി ഞാൻ ഇത്രവളരെക്കുഴങ്ങി.

ഒന്നാം യു—എടോ! പപ്പുപിള്ളേ! ഇയ്യാളെപ്പിടിച്ചു ആ പത്മതീർത്ഥത്തിൽകൊണ്ടു ഒരു ശാശ്വതക്കുളി കഴിപ്പിക്കു. അനാഥപ്രേതമായി കഥ അങ്ങനെ അവസാനിക്കട്ടെ.

പപ്പു—അയ്യോ! അങ്ങനെയൊന്നും പറയരുതേ. മുണ്ടയത്തെ സരസ്വക്കുഞ്ഞുമിസ്സിത്തങ്കച്ചിയെ കെട്ടാൻ പോണവനാണു്. കള്ളമല്ല. തിരുവാണപ്പടിയാണെ സത്യം. (ഓരോരുത്തൻ ഉന്തിത്തള്ളി Shake hand കൊടുത്തു് Oh! Congratulations, Give us a dinner, please write to mealso എന്നുപറയുന്നു.)

(തൊപ്പിഎടുക്കുക, ലേസെടുക്കുക മുതലായതു ചെയ്യുന്നു)

രമാ—ഭഗവാനേ! പരിഷ്കാരം മൂത്താൽ ഇത്ര കഷ്ടമോ (ഓടുന്നു; യുവാക്കന്മാർ പോകുന്നു)

പപ്പു—ദൊരസ്സാറെ കൊച്ചുകിട്ടുപിള്ള അങ്ങുന്നു പറഞ്ഞയച്ചു.

രമാ—ആരെടോ അതു്?

പപ്പു—ഇന്നവിടെ കണ്ടില്ല്യോ ആ കൊച്ചുകൊച്ചമ്മേടെ മൊറഭർത്താവു്

Digitized By Kerala Sahitya Akademi

രമാ:—എന്തായാലും അയാൾ എന്നെ എന്തിനന്വേഷിക്കുന്നു. എൻെറ വഴി അയാളുടേതല്ല.

പപ്പു:—രണ്ടുപേരുടെ വഴിയും നല്ലതുമല്ല. പോട്ടെ, നാമൊക്കെ ഇനി ഒന്നായി കഴിയേണ്ടവരല്ല്യോ എന്നു്—

രമാ:—എടോ! ആളും പരമാൎത്ഥവും അറിയാതെ കേറി സംസാരിക്കരുതു്.

പപ്പു:—ആ കൊച്ചമ്മേ വേണ്ടാന്നു് ഈ കയ്യിൽഅടിച്ചു സത്യംചെയ്യണം. പപ്പൻ നടന്നേയ്ക്കാം.

രമാ:—(ആത്മഗതം) ഇവൻ എന്നെ വല്ലാതെ കുഴക്കുന്നു. ആ മഹതിയുടെ സ്മൃതിയും ധ്യാനവും ഇവനു ബഹു ഭോജ്യങ്ങളുടെ അല്ല അമൃതത്തിൻെറ ശക്തിതന്നെ തരുന്നു. വക്കീൽപണിയും വേണ്ട; വ്യവസായശ്രമവും വേണ്ട. അവരോടുചേൎന്നു് അച്ഛൻെറ പാദശുശ്രൂഷചെയ്തു ജന്മം നിവൎത്തിക്കാം. അച്ഛനു നിർബ്ബന്ധമാണെങ്കിൽ ഒരായിരം സന്നതുവാങ്ങി ഒരു മൂലയിൽക്ഷമിച്ചേക്കുകയും ചെയ്യാം. ഈ സ്ഥിതിയിൽ ഇവൻആവശ്യപ്പെടുന്ന സത്യം ചെയ്യുന്നതെങ്ങിനെ? (പ്രകാശം) ഹേ! തൻെറ മുമ്പിൽ സത്യംചെയ്യാൻ തനിക്കെന്നോടു തുല്യതവേണ്ടേ?

പപ്പു:—എൻെറദൈവമേ! കൊച്ചുകൊച്ചമ്മ എന്നെ ദൊരയുടെ ബട്ളരാക്കാമെന്നു കണ്ടഇടസ്സു് പ്രേശിയിട്ടുണ്ടു് പിന്നെ എൻെറടുത്തല്ല്യാണ്ടു് എങ്ങു സത്യം ചെയ്യുന്നതു്?

രമാ:—എടോ ഞാൻ ഇന്നാദ്യമായിട്ടു് അവിടെ കേറിയതേയുള്ളു. ധാരയുമല്ല.

പപ്പു:—ആ പെരട്ടെല്ലാം അങ്ങുവച്ചേക്കണം മാസ്റ്റർ; പപ്പൻ ഫസ്റ്റ്ക്ലാസ് കരിഗ്രുക്കു്. ആൻ ടേബിൾവച്ചൊതുക്കൽ ഭ്രസ്സ്കിസ്റ്റകർപോട്ടു. ടംബ്ളർ വിസ്കി, ബാററിൽ വെരി മോടി സാർ. ദൈ സാർ ദൈ

Digitized By Kerala Sahitya Akademi

രമാ:— ഇതെന്തൊരു ഗോഷ്ഠിയെടോ? താൻ ഏതെങ്കിലും സായിപ്പേസേവിച്ചുകൊള്ളൂ. ഇതാണു് ഒരുസായിപ്പു അവിടെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ഇവരെല്ലാം പറയുന്നതു്?

പപ്പു:— എന്റെ സാർ! ഇങ്ങനെ മായപ്പൊടി ഇട്ടു വഞ്ചിക്കരുതു്. എനിക്കു സായിപ്പിന്റെ വേദം അറിയാൻ വയ്യ. എങ്കിലും ഞങ്ങളുടെ ഇടയിൽ—

"ദേഹമായതുംനീയേ, ദേഹിയായതുംനീയേ, ബ്രഹ്മമായതുംനീയേ, ബ്രഹ്മിയായതുംനീയേ" എന്നു പറയുംപോലെ സകലതും സാർ സായ്പു്.

രമാ:— നടക്കൂ ഞാൻ അങ്ങോട്ടുതന്നെ വരാം. ഇതു് അറബിക്കഥയിലുംമററും വർണ്ണിച്ചിട്ടുള്ളതുപോലെ ഒരു ആഭിചാരബദ്ധമായ നഗരം എന്നാപോലെ എനിക്കുതോന്നുന്നു. തിരിയുന്ന ഭാഗത്തെല്ലാം ജളത്വം, ഭ്രാന്തു് കൃപയും, പ്രഭുത്വവും, ദാതൃത്വവും, ഭൃതദയയും എങ്ങും കാണുന്നില്ല. കടക്കുന്നിടത്തെല്ലാം കടക്കൊള്ളി ഓങ്ങൽകൊണ്ടു് സൽക്കാരം. ഇതു് ലോകത്തിൽ വഞ്ചന മൂർച്ഛിച്ചിരിക്കുന്നതിന്റെ ലക്ഷ്യംതന്നെയാണു്. പരസ്പരവിശ്വാസം അസ്തമിച്ചുപോയിരിക്കുന്നു. ചക്രമുള്ളവനും, അധികാരമുള്ളവനും മാത്രം വിജയിക്കാം. മററുള്ളവർ വാനപ്രസ്ഥരാകണം.

പപ്പു:— സായ്പേ! ഈ പ്രസംഗമെല്ലാം കൊച്ചുകിട്ടുപിള്ളയങ്ങത്തെ ഒന്നു കേൾപ്പിക്കണം. ഇതു് തമിഴ് പാട്ടുകളിലു്.

"ഏതെന്തനത്തനനാനതെനത്തെന്ന
തെന്തനാന്നാ തെന്നാനാ"

എന്നു് തന്താവട്ടംപിടിച്ചു് പാട്ടിൽ പ്രസംഗിക്കാൻ പപ്പുവിനറിയാം. വരണം, അതും കേൾപ്പിക്കാം.

(കർട്ടൻ)

Digitized By Kerala Sahitya Akademi

# രംഗം ൭.

കൊച്ചുകിട്ടുവിൻെറ വിഹാരശാല.

കൊച്ചുകിട്ടുവും ഈച്ചരനും പ്രവേശിക്കുന്നു.

ഈച്ച:—(ആത്മഗതം)ഇയ്യാടെ തന്തയേയും തള്ളയേയും കഴിച്ചുമൂടാൻഎനിക്കുമനസ്സുണ്ടു്. എങ്കിലും നമ്മുടെ ചരട്ടിൽ പമ്പരംകറങ്ങുന്നഇയ്യാളെ വിചാരിച്ചു് അവരോട്ടുള്ള ക്ഷാത്രം അമത്തേണ്ടിയിരിക്കുന്നു. ഇയ്യാൾ തന്നെ സരസ്വതിത്തങ്കച്ചിയെ വേൾക്കണം.എന്നിട്ടു് ആ ശങ്കരപ്പിള്ളയെ പുറത്താക്കി അവിടത്തെഭരണം ഇയ്യാൾ ഏൾക്കണം. അവിട്ടത്തെ അരമനസുഖം ഇയ്യാൾ ആണ്ടുകൊള്ളട്ടെ. വസ്തുവിൻെറ ഭരണമെല്ലാം നമ്മുടെ അധീനത്തിലാകും. എല്ലാക്കൂട്ടവും പട്ടിണിക്കും. നാം ആദായത്തിനു നീട്ടുപിടിച്ചും. ഈ കൊച്ചങ്ങുന്നു ഭാൎയ്യയുമായി കൊട്ടുക്കൽവാങ്ങൽ തുടങ്ങും. ഈശ്വരപിള്ള വല്ല മറപ്പേരും എടുത്തു് പൊലിക്കടക്കാരനാകും.

കൊച്ചുകി:—എന്തെടോ താൻ മൗനം ദീക്ഷിച്ചു് വലിയ കൊറൂരമുഖനായിരിക്കുന്നതു്. നിരന്തര സാപ്പാടിനുള്ള സാമാനങ്ങൾ—എന്നുവച്ചാൽ അവൻ അയാളെ കൊണ്ടുവരുമെന്നു് നിശ്ചയമുണ്ടെങ്കിൽ—

ഈച്ച:—കൊണ്ടരും; കൊണ്ടരുമെന്നു് സംശയമോ അവൻ എരതോണ്ടി നടക്കുകയല്ല്യോ? ശങ്കരപ്പിള്ള അങ്ങത്തെക്കണ്ണിൽ മണ്ണിട്ടു് അവിടത്തെത്താവളം.

കൊച്ചു:—അപ്പോൾ അവൻ വന്നാൽ—

ഈച്ച:—നിറച്ചുകൊടുക്കണം. എന്നിട്ടു അവിടെക്കൊണ്ടു ചെന്നു് വല്യങ്ങത്തെക്കയ്യിൽ പിടിച്ചുപിടിയെ

Digitized By Kerala Sahitya Akademi

കൊട്ടക്കണം. തുലാമാസത്തിൽ എന്റെ പൊന്നും കടത്തു കൊച്ചങ്ങത്തെ പിടവിട എന്നു ഇതാ ഞാൻ കച്ചിട്ടെഴുതിവയ്ക്കാം.

കൊച്ചു:—എന്നാൽ എല്ലാം വേഗം ഒരുക്കു. അച്ഛൻ ഉറങ്ങിപ്പോയാൽ ഇന്നു പിന്നെ ഒന്നും നടവാ.

ഈച്ച:—ചുമ്മാതിരിക്കണം കൊച്ചുസാറേ! വലിയങ്ങുന്നു കൊട്ടമ്പിരിക്കൊണ്ടിരിക്കുമ്പം വേണം അവിടെക്കൊണ്ടു ചാണ്ടാൻ. എന്നാൽപിന്നെ കാര്യം പട്ടും കത്രിയുംപോലെ 'ശ്രേ'ന്നററിരിക്കും.

കൊച്ചു:—എന്നാൽ വേഗം ആകട്ടെ. എങ്ങനെഎങ്കിലും അയാളുടെ ഉടുപ്പിൽഇത്ര ഒഴിച്ചൂടണം കേട്ടോ. നമുക്കുചാവയ്ക്കാൻ ഈരുള്ളി കരുവാപ്പട്ട ഒക്കെ ഒരുക്കിയോ?

ഈച്ച:—ഉണ്ടെന്റെപിള്ളേ!ഉണ്ടു്. ഈച്ചരൻ പനിനീരിനുപകരം ഇച്ചാരക്കു് തളിച്ചു് അങ്ങനെ കൊമ്പിച്ചസർവീസ്നേടീട്ടുള്ളവനാണു്.

കൊച്ചു:—എന്നാൽ ആ കസേരയിൽ മലന്നുകിടക്കാതെ ഒരുക്രു പപ്പനെ വെളിയിലോട്ടു ചരുക്കുവച്ചൂടണം.

ഈച്ച:—അടവൊന്നും ഈ ആശാനു പറഞ്ഞുതരണ്ടാ. ഫ്ലോട്ടെല്ലാം അട്ടുക്കിനടുക്കിനു ഇവന്റെ കല്പനാശക്തി സുമാറാക്കീട്ടുണ്ടു്.

(ഒരുഭാഗത്തുനിന്ന്പലഹാരങ്ങളും, കപ്പികൾ, തംബ്ളേറുകൾ ഇവയും മേശപ്പുറത്തു തയ്യാറാക്കുന്നതിനിടയിൽ ഈച്ചരൻ ഒരുകപ്പി രുചിനോക്കുന്നു.)

കൊച്ചു:—ശേ! ശപ്പാ! ഹട്ടുക്കളെക്കാരന്റെ അവകാശം ഒട്ടുവിലല്ലേ? കപ്പിപിടിച്ചുവാങ്ങിക്കുടിക്കുന്നു.)

ഈച്ച:—കൊച്ചങ്ങുന്നേ! ഓമനപ്പൊന്നങ്ങുന്നേ! പത്തപ്പം;

Digitized By Kerala Sahitya Akademi

ചുട്ടപ്പം ഞാനപ്പം രണ്ടപ്പം എന്നും മററും കേട്ടിട്ടി ല്ല്യോ? അതുകൊണ്ടു്

(കപ്പിവാങ്ങി രണ്ടുതവണ കുടിക്കുന്നു.)

കൊച്ചു:—എടാനിരാഴി! ഇതെങ്ങുചെന്നു പെരുകുന്നു? പന്തയത്തിൽ തോൽക്കാൻ ഞാൻ ധയ്യാറല്ല. . എന്നാൽ ഇന്നാപിടിച്ചോ (കുടിക്കുന്നു.)

ഈച്ചു:—അയ്യോ! മഹാപാപിഅങ്ങുന്നേ! കപ്പി ഒന്നൊഴിച്ചല്ലോ? ഇനി മൂന്നുപേക്കൊന്നെന്ന രീരാക്കണെക്കില ല്ല്യോ ശേഷിക്കുന്നതു്.

കൊച്ചു:—അവന്റെ മേത്തു തളിച്ചാൽമാത്രംമതിയോ ക്രൂവേ! കഴിയുമെങ്കിൽ ബൂട്ടീസും കാൽസ്രായിയും ഒക്കെ ഊരണം. കഞ്ചാവിരുപ്പില്ല്യോ? അതക്കിണ്ണത്തിൽ ഒന്നു കലക്കിടണം. അപ്പോ ബാണക്കററിപോലെ അവൻ ആകാശം ഗമിക്കം.

ഈച്ചു:—അപ്പോൾ ലോകങ്ങളെല്ലാം അല്ലല്ല രാശികളെല്ലാം പൊരുത്തംചേരം. അങ്ങുന്നു വിവാഹം ചെയ്യുമ്പോൾ മുണ്ടുവാങ്ങുനാതുപാട്ടക്കരെയും, സാരിയും സ്രാപ്പുളയും ഒട്ടിമോതിരോം. ഒക്കെ അണിയുന്നതു തംഗജ്ജിയോ ഈച്ചരപിള്ളണ്ണനോ?

കൊച്ചു:—എന്റെ ഠ.ങകക്കടമേ! നീയല്ലാണ്ടു് എനിക്കച്ഛനാരെടാ അമ്മയാരെടാ? കേട്ടിട്ടില്ല്യോ "പിത്രുജ്ജിഹ്വാനൊഴിക്കലൊഴ്മശയനേഴാത്രൗ വഴാഞ്ഞെത ഴയംക് ഴഡാപാത്തപ്പണശാകപാലവുമഡച്ചമ്പോട്ടവാഴം വിധൗ"

ഈച്ചു:—(തത്തിപ്പിടഞ്ഞു്)ബന്നുപോയി. ശട്ടയേംശിലും മട്ടഹാം. മേത്തരംഴ്ശിമ.(ഒരുവശത്തോട്ടുനോക്കി) ഗ്രഡ്നൈററുമൊഴേ! ഇന്നുതന്നെ ഞങ്ങടെ യജ്ഞങ്ങൾ സബലമായി വഴണം. സഴസ്വതിദേവീഡെ

Digitized By Kerala Sahitya Akademi

നായഴായി ഞങ്ങടെ എല്ലാ വിഴിഞ്ചാരായിഴഷ്ഷി ക്കണം.

(രമാചന്ദ്രനും പപ്പനും പ്രവേശിക്കുന്നു.)

കൊച്ചുകി:—(എഴുന്നേററു ചാഞ്ചാടി)ശാർ! യൂഡൂയിംഗ് ഗുഡ്ഹെൽത്ത്? കം, സാർ. മലയാഴംപേശു നാടൻ. ഗുട്ട് സിഡൗൺ.

രമാ:—ഞാൻ ധ്വരയും മററുമല്ല. നിങ്ങൾ എന്തിനാണു എന്നെ ഇങ്ങോട്ടു വരുത്തിയതു്?

പപ്പു:—(ആത്മഗതം)ഗ്രഹപ്പിഴയായി. ഇവരുരണ്ടും കൊ ട്ടംസവാരിയിൽകേറി അങ്ങനെ മെച്ചത്തിൽവിട്ടിരി ക്കുന്നു. ഈ പാവത്തിനെ ആ കൊച്ചുകൊച്ചമ്മെക്കു രുതിക്കുരുതിചെയ്യേച്ചാൽ പോലീസുകാരേകൊന്ത്രാ ണ്ഡത്തിൽ ഞാനും പെട്ടുപോം. ദൊരേടെ ബട്ളർ എന്നുനമുക്കു പേരും വീണുപോയി. ദൊര ഇങ്ങെ ങ്ങാണുംവച്ചു് കാട്ടുമറഞ്ഞു മലന്നു പൊയ്യാൽ ഞ യിൻപട്ടാളത്തിൽ ഇവൻ ജീവാപര്യന്തക്കമെനാപ്പുരാ യിപ്പോവും.

ഈച്ചു:—(രമാചന്ദ്രനെ പിടിച്ചിരുത്തിപലഹാരങ്ങൾ നീ ക്കിവച്ചു പപ്പുവിനെ ദൂരത്തുനീക്കി)പപ്പുപിള്ളേ! ത ന്നെ വല്യങ്ങുന്നു ഉടനെ അങ്ങു ഷെല്ലാൻ എന്തഴോ ക്കെ പഴഞ്ഞേച്ചുപോയി. നീയങ്ങു് ശഴ്ന്നു് എഴ ന്നള്ളട്ട്. നോഗ്ഗ് ഞങ്ങളും ഇത്തിഴികഴിഞ്ഞു ഇയ്യാ ളെ ഊട്ടിച്ച് അങ്ങുമുണ്ടേതേക്കു മണ്ടും. അങ്ങത്തോ യും കൊണ്ടു നീ അങ്ങെത്തണം. നോക്കു ആദ്യം സാ ഴ്ഗവും പാതാളവുംകാണുംപടിക്ക്, തപ്പുരവിപിടി ക്കുംപടി മരുന്നൂട്ടി കൈത്താണ്ടിട്ടുബേണം അവിടെ വരാൻ. അല്ലെങ്കിൽ നിനക്കു ബട്ളർഗ്ഗന്തം.

പപ്പു:—(ആത്മഗതം) ആഹാ! ഇവനെ അങ്ങുന്നിയാഗ്ഗാ ക്കാനാഭാവം. അങ്ങുന്നു്ഇന്നുതുള്ളിതൊട്ടുതെറിക്കാതെ

Digitized By Kerala Sahitya Akademi

കപ്പിയെക്കൂടിയും ടെച്ചുചവച്ചിരിക്കും. കൊച്ചമ്മേ ദൊര കൊണ്ടുപോണം. ഇവർ എന്തോ പൊടി ക്കയ്ക്കു് നിക്കുവാണു്. (പ്രകാശം)ദൊരേ! സലാം. ഈ ഏഴയെ കാപ്പാത്തുകൊള്ളണം. ഇവിടെ ഇവർ മഹാ പ്രഭുക്കൾ, അന്നദാനകുരുന്തടികൾ. അതാ പി ഞ്ഞാണങ്ങളിൽ കാണുന്നതു് മുച്ചൂടുംതട്ടി, തുള്ളി ധ മ്മക്കഞ്ഞീം മോന്തിക്കളയണം. ഗ്രൈഡെസ്, ഗ്ര ൈഡെസ് (സലാംവച്ചുപോകുന്നു.)

(ഈച്ചരംപിള്ള മുഖം കഴുകുന്നു.)

രമാ:—എനിക്കിതൊന്നും വേണ്ട, ഇത്ര ചോറും സംഭാരവും കിട്ടിയെങ്കിൽ സുഖമായിക്കഴിക്കാം.

കൊച്ചു:—ഇതാ ഇരിക്കുന്നു. അമ്മേടെ നെഞ്ചീന്നും കിട്ടാ ത്ത പാലും, തൈരും, മോരും സംഭാരവും. ശോറുത ന്നെയിതു്. ശോറെന്തു്, പലാരമെന്തു്? പലാരമെ ന്തു്, ശോറെന്തു്? എല്ലാം തുക്ഷിയിലെല്ലോനിറയുന്ന തന്നവും, എന്നല്ലേ കവിവാക്യം.

ഈച്ച:—മിശ്ററരേ എസ്‌ക്വേറേ തട്ടണമെന്നേ. കേട്ടി ട്ടില്യേ ഏതാണ്ടു ശക്രത്തിനകിട്ടുമ്പോ ശോറുനായ് ഗോ വേണം എന്നു് കേട്ടിട്ടില്യോ!

കൊച്ചുകി:—ഉത്തമം മാംസാശനം എന്നു വിദുരവാക്യം. പേയങ്ങളിൽ സുരാപാനം പാനംഅറിഞ്ഞു പറഞ്ഞ മഹർഷികൾ മൂഢന്മാരെന്നു നാം വരുത്തരുതു്: മാട്ടതി ന്നാത്തവൻ നാടുഭരിക്കുന്നതെങ്ങനെ? പടവെട്ടുന്ന തെങ്ങനെ? (തിന്നുന്നു കുടിക്കുന്നു ഈച്ചരനും കൊച്ചു കിട്ടുവും)

(രമാചന്ദ്രൻ എഴുന്നേൽക്കുന്നു)

രമാ:—തിരുവനന്തപുരത്തു് ഈവിധമുള്ള രംഗങ്ങളുംഉണ്ടെ ന്നു ഞാൻ അറിഞ്ഞിരുന്നില്ല നിങ്ങൾ മുണ്ടയത്തു

Digitized By Kerala Sahitya Akademi

കാരണവരുടെ മകൻ, നിങ്ങാം അദ്ദേഹത്തിന്റെ ഇഷ്ടൻ. അന്തസ്സുള്ള ജനങ്ങളെന്നാവിചാരിച്ചു ഞാൻ പോന്നു. ഇതുകണ്ടിട്ടുതന്നെ എന്റെ വിശപ്പു ശമിച്ചു ഞാൻ പോയിവരാം.

ഈച്ച:—എടെ! കിററുച്ചററമ്പി! ഇവന്റെമേന്മ കണ്ടില്ല്യോമേന്മ? ഒരുത്തുള്ളി മോന്താൻ ആണല്ലാട്ടവനോ ശ്ീമട്ട്യോര! നിന്റെ തലച്ചട്ടിയോ ലഷ്ഷ്ണങ്ങളോ!

കൊച്ചുകി:—എടാ, കാലുവച്ചു് അവനെ അവിടെ പിടിച്ചിട്ടിട്ടു് എടുത്തു എപ്പാംവാരി വാൃയ്ക്കുരിക്കിട്ടു്. ആ കപ്പിയെടുത്തു് അവന്റെ മണ്ടക്കൊടേം ഒട. ചരിക്കെടാ ആവിളക്ക്ിലെ മണ്ണെണ്ണ അവന്റെമേത്തു്. വയ്യെടാ കൊള്ളിയും വൈ. അവന്റെ കൊള്ളിക്കും കൊടത്തിനും ഓഹരിക്കാർ അണ്ണന്തമ്പിമച്ചമ്പിമാരും നാംതന്നെ.

(രണ്ടുപേരും സാഹസങ്ങാംക്ക കൈമുറുക്കിയുംമററും അടുക്കുന്നതിൽ കാലുറയ്ക്കാതെ വിഷമിക്കുന്നു.)

രമാ:—ചങ്ങാതികളെ! നിങ്ങാംക്കു് ഈ പുറമേകാണുന്ന അവയവങ്ങാംപോലെതന്നെ ബുദ്ധിയും അസ്വാധീനമായിരിക്കുന്നു. അതിക്രമങ്ങാംക്ക വട്ടംക്കൂട്ടണ്ടാ. മണ്ണെണ്ണവിളക്കു് നിങ്ങടെമേൽതന്നെ ചരിഞ്ഞു പൊട്ടിത്തെറിച്ചു തീയുംപിടിച്ചേക്കാം. അതിനൊന്നിനും ഞാൻ സാക്ഷിയാകുന്നില്ല. (പോകുന്നു.)

(ഈച്ചരനും കിട്ടുവും മുന്നോട്ടു ചാടി രമാചന്ദ്രനെ പിടിക്കൂടുന്നതു തങ്ങളിലാകുന്നു. കൊച്ചുകിട്ടു മുകളിൽവിഴുന്നു.)

"എടാ ദൊ്ഴ, നീ, ബ്ഴാമ്മണനോ നായ്യരിയോ എങ്കി ഇന്നാ പിടി (മട്ടിക്കുന്നു) ബ്ഴാമ്മണനും ഞെങ്ങളു് ആവാതന്മാരുമെങ്കി നിന്റെ അമ്മയ്ക്കു നീ ഉതവാതെ പോാട്ടെ (മട്ടനം).

Digitized By Kerala Sahitya Akademi

ഈച്ച:—കൊല്ലരുതു് അവൻ തപ്പിപ്പിഴച്ചു. ചെവിട്ടിലിട്ടമട്ടിക്കരുതു് (ഈച്ചരൻ പരവശതകാട്ടുന്നു)

കൊച്ചു:—എടാ! ശനിയാ! എന്റെ പൊന്നമ്മച്ചി, നീയോടാ ശാവാൻ തുടങ്ങണതു്? കെട്ടിപ്പിടിച്ചോ.

(രണ്ടുപേരുംകൂടി പരിരംഭണംചെയ്തു് ഉരുളുന്നു പപ്പു തിരിച്ചെത്തി "അടിച്ചാംബാദർ, പപ്പുവിന്റെ എട്ടരയോഗം" എന്നുപറഞ്ഞു പലഹാരം ശാപ്പിടുന്നു.

(കർട്ടൻ)

---

## രംഗം വ.

---

രാത്രി നിലവിളക്കു് എരിയുന്നു.

(മുണ്ടയത്തുഭവനം സരസ്വതി പ്രവേശിക്കുന്നു)

സര:—അവസ്ഥാഭേദങ്ങൾ എന്തു് അത്ഭുതതരം! ആരു്, ജാതിയെന്തു് എന്നു് ഒന്നും അറിഞ്ഞുകൂടാത്ത ആളിന്റെ പിറകേ എന്റെ ഹൃദയം എന്നെ ഉപേക്ഷിച്ചു യാത്രയായിരിക്കുന്നു. Dearest എന്നുള്ള സംബോധനയ്ക്കു് ആ വിദ്വാനു് എങ്ങനെ ധൈര്യം വന്നു! എന്താണിങ്ങനെ വരുവാനും എനിക്കു തോന്നാനും പരസ്പരം ഒരു സ്നേഹം ഉണ്ടാവാനും സംഗതി! വിധികൃത്യം, അല്ലാതെ എന്തു പറയുന്നു.

അകത്തുനിന്നു്:—സരസ്വതി,

സര:—ഓ; അമ്മ വിളിക്കയാണു്, അങ്ങോട്ടുചെല്ലാം (പോകുന്നു)

Digitized By Kerala Sahitya Akademi

(ശംകരപ്പിള്ള പ്രവേശിക്കുന്നു.)

ശംകര:—സരസ്വതി ഇവിടെ ഉണ്ടെന്നാണു വിചാരിച്ചതു്. കുറച്ചുദിവസം അവൾ കാളേജിൽ പോവേണ്ടെന്നു ഗുണദോഷിപ്പാനാണു ഞാൻ വന്നതു്. പരസ്പരാദരം, വിശ്വാസം, കുലാഭിമാനം, ജാതിസ്നേഹം എല്ലാം നശിക്കുന്നു. നാഥനില്ലാത്ത വർഗ്ഗങ്ങൾക്കു് ഇങ്ങനെ തന്നെ. ആചാര്യനില്ലാ, നേതാവില്ല. ഓ, രാവിലെ ഇവിടെ കളംതകത്തവൻ രണ്ടാമതും വരുന്നു. ഇതു സൊല്ലയായി. സത്യത്തിൽ ആപത്തു പിടികൂടിയവനെയും കള്ളവേഷക്കാരെനെയും തിരിച്ചറിയുവാൻ പാടില്ല. ഇതു സായ്പും, കായ്പുമല്ല. നമ്മുടെവക തന്നെയെന്നുതോന്നുന്നു. ഇതാവെളിച്ചത്തുവന്നപ്പോൾ കാതു കുത്തിയിരിക്കുന്ന പാടുപോലും കാണ്മാനുണ്ടു്.

(രമാചന്ദ്രൻപ്രവേശിക്കുന്നു)

ശംക:—എന്താഹേ! ക്രനിൽ കരുവും പുറപ്പെട്ടപോലെ നിങ്ങൾ വരുന്നതു്? ഈ സ്ഥലം നിങ്ങൾക്കു് ഒരു സത്രമോ?

രമാ:—അതല്ല. അവകാശബന്ധംപറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുന്നില്ല. കൊല്ലം കഴിഞ്ഞപ്പോൾ കേരളം അവസാനിച്ചു എന്നു് എനിക്കു തോന്നിപ്പോകുന്നു. ഇവിടം ദാനത്തിന്റെ മൂലസങ്കേതമെന്നു ഞാൻ കേട്ടിരുന്നു. അത്യുദാരന്മാരായ പ്രഭുവർഗ്ഗം ഇവിടം അധിവസിച്ചിരുന്നു. ഇപ്പോൾ കഠിന്തറവിസ്തൃതികളിലെ ക്ഷാമാകാരങ്ങളുടെ കാറേറേറോ ദുഷ്ടരിഷ്കാരത്തിന്റെ ഗതിവൈകല്യത്താലോ ഭൂതദയനശിച്ചു സ്വാതന്ത്ര്യം മനുഷ്യമൂർത്തികളുടെ ഓരോഅണുവിലും സജീവംപ്രവർത്തിക്കുന്നു.

ശംക:—അതൊക്കെ തള്ളഹേ! നിങ്ങൾക്കു എന്തുവേണം?



Digitized By Kerala Sahitya Akademi

നിങ്ങളുടെ ജാതിയും തൊഴിലുമൊന്നും ഞങ്ങൾക്കറിയേണ്ട ആവശ്യമില്ല. എന്താവേണ്ടതെന്നു പറഞ്ഞുമാറിക്കളയൂ.

സര:—(പ്രവേശിച്ച്) അള്ളാ! ആരാത്? (രമാചന്ദ്രനെ നോക്കി) ഓഹോ! അള്ളാ! ഇദ്ദേഹം നല്ല ഇംഗ്ലീഷു പഠിപ്പുള്ള ആളാണ്. എന്തോ ദുരാപത്തു സംഭവിച്ചിട്ടുണ്ട്. കരുണയോടു് അതെന്തെന്നു ചോദിച്ചയയ്ക്കുക.

രമാ:—ഈശ്വരാ! അവിടത്തെ ചൈതന്യം ഒരു സത്വത്തിലെങ്കിലും കാണുന്നതു് ആശ്വാസജനകംതന്നെ.

സര:—അങ്ങനെ തോന്നുന്നില്ല. ദാരിദ്ര്യം മൂർച്ഛിച്ച് കള്ളവേഷക്കാർ പെരുകിയിരിക്കുന്നു. അതുകൊണ്ടു എല്ലാപേർക്കും സംശയമുണ്ടു്.

ശംക—നിങ്ങളിപ്പോൾ നഗരസ്ഥിതിയെക്കുറിച്ചു ഒരു ഹിയറിംഗ് നടത്തേണ്ടതില്ല. എന്തുവേണമെന്നു പറഞ്ഞിട്ടു തന്റെ പാട്ടിനുപോക്കു.

രമാ—എന്തായാലും ഒരു ഗൃഹസ്ഥനാണല്ലോ ആവശ്യമെന്തെന്നു ചോദിക്കുന്നതു്. വിസ്തരിച്ചു ധരിപ്പിച്ചേക്കാം. ഒന്നു മേൽ കഴുകാൻ സൗകര്യം; ഇതൊന്നു മാറിക്കളയാൻ ഒരുടുപ്പുമുണ്ടു്; അത്താഴത്തിനു് ഇവിടുള്ളതിൽ ഓഹരി, ഒരു കമ്പിഅയയ്ക്കുന്നതിനു് ഒരു രൂപായും.

ശംക—കിടക്കാൻ ഒരറയും, ഒരു സപ്രമഞ്ചക്കട്ടിലും, ധൂളിമെത്തയും ഒക്കെ വേണ്ടേ?

രമാ—അതൊന്നും വേണ്ട. ഞാൻ കപ്പലിന്റെ മേൽത്തട്ടിലും കിടന്നു നല്ലോണം ഉറങ്ങിട്ടുണ്ടു്.

സര.—അള്ളാ! ആവശ്യപ്പെടുന്നതു കൊടുക്കണം. നമുക്കൊരു നഷ്ടവും വരാനില്ല.

Digitized By Kerala Sahitya Akademi

ശംക:—അതേതേ, പേരുനാവുന്നതോ?

സര:—എത്രപേക്ക് ഭ്രാന്തുപിടിച്ചിരിക്കുന്നു? അവരെ ഒക്കെ ചികിത്സിക്കാൻ അച്ഛൻ പുറപ്പെട്ടന്നോ?

(ധനഹർ പ്രവേശിക്കുന്നു)

ശംക:—(കസേരനീക്കിയിട്ട്) വരണം-വരണം-വരണം.

ധന:—ഹ!ഹ! എന്തേകേമാ! ഇവിടെ എത്തിക്കഴിഞ്ഞോ? ശങ്കരപ്പിള്ളച്ചേട്ടാ! ഇയ്യാൾ വലിയ നിയമസഞ്ചികയാണു്. ഞങ്ങളുടെഎല്ലാം വ്യാപാരം ഏട്ടകെട്ടിക്കാൻ പക്ഷേ, ചാടിപുറപ്പെട്ടേക്കാം എന്തോന്നാ ഈ കേൾക്കുന്നതെല്ലാം?

സര:—എന്തോന്നാ അമ്മാവാ! ചോദിക്കുന്നതു്? ഞാൻ ഇവിടെ പറഞ്ഞേ ഉള്ളു. നാട്ടോടെ വെറും ഭ്രാന്തു പിടിച്ചിരിക്കുന്നു എന്നു്.

ധന;—വരട്ടെ, വരട്ടെ; ആ ചെറുനാവുകൊണ്ടു തോല്പിക്കാൻ വരട്ടെ. ആളുകൾക്കു കൂട്ടത്തോടെ ഭ്രാന്തു പിടിക്കുക അസംഭാവ്യം. ഇവിടെ എന്തോ അചകടം കാട്ടിയിട്ടുണ്ടു്. ഇതാ ഈ കുപ്പായക്കാരൻ ഈ സുഭദ്രയുടെ വിവാഹത്തിനു കാപ്പുകെട്ടി പ്രച്ഛന്നവേഷനായി നടക്കുന്ന അർജ്ജുനൻ.

രമാ:—എന്തു്മിസ്റ്റർ ധനഹർ! അർജ്ജുനനു സുഭദ്ര ചേന്നില്ലേ? ഭഗവാൻ ശ്രീകൃഷ്ണൻതന്നെ അതിനു് അനുകൂലിച്ചതുപോലെ നിങ്ങൾ പ്രബുദ്ധന്മാർ അന്തരന്ത്രം കൊണ്ടു സത്യങ്ങൾ ഗ്രഹിച്ച് അനുഗ്രഹിക്കേണ്ടേ?

ശംക:—ഏ, ഇവിടെവച്ചല്ല ഈ അധികപ്രസംഗങ്ങൾ.

സര:—അമ്മാവാ! അതിനുത്തരംപറയണം. ഭാമാദേവിയോടുകൂടിയിരിക്കുന്നശ്രീകൃഷ്ണൻ "അത്യർത്ഥംചിരിപ്പ

Digitized By Kerala Sahitya Akademi

തിനെന്തുകാരണം നാഥാ!" എന്നു ചോദിച്ചതിനു "സത്യമായുള്ളവാൎത്ത ഭഗവാനരുൾചെയ്തു".

രമാ:—അതു ഭഗവൽപ്രേരിതമായുള്ള ഒരു വാദമാണു്.

ധന:—ചേട്ടാ! വല്ലതും കൊടുത്തു യാത്രയാക്കണം. ഇവിടെ വ്യാപരിക്കുന്നഗന്ധം ചേട്ടൻ സൂക്ഷിച്ചില്ലേ? നിങ്ങൾ മൂക്കില്ലാത്തവരാണോ? കള്ളിൻെറ മണം തലതകൎത്തുംപടി വീശുന്നു.

ശംക:—(മണംപിടിച്ചിട്ടു്) എൻെറ കുട്ടാ! ഇതു കഷ്ടം തന്നെ. പ്രായവും, രൂപവും, ഭാവവും അഭിനന്ദനീയം. എങ്കിലും വ്യാപാരം നീചമെന്നാണു തോന്നുന്നതു്.

രമാ—നിങ്ങളുടെ ആളുകൾതന്നെ എന്നെ കുഴിയിൽചാടിക്കാൻ നോക്കി. ഞാൻ രക്ഷപ്പെട്ടു് അഭയത്തിനായി ഇങ്ങോട്ടു കേറിയതാണു്. അതിനു കാരണം സത്യം പറഞ്ഞേക്കാം. ഈ ശ്രീമതിയോടു് എനിക്കു തോന്നുന്ന അനശ്വരാദരംതന്നെ.

ധന:—ഹ്! ഹ്! അത്ര നേരെ പറഞ്ഞുതുടങ്ങി. ഇറങ്ങു പുറത്തു്. ചേട്ടാ! ഇവനു് കഞ്ഞിത്തെളി തൊട്ടു തെറിക്കരുതു്. അനശ്വരാദരംപോലും! എടോ!വല്ല റയിൽവേയിലോപ്പോയി പണിയെടുത്താൽ ദിവസം ഒരു രൂപാകിട്ടില്ലേ? ചെറുപ്പം. തൂൺപോലിരിക്കുന്നു. എന്നിട്ടും തെണ്ടിനടപ്പാൻ നാണമാവുന്നില്ലേ. ഒരു ഗവൺമെൻറ്സൂട്ടു്—ഇതൊക്കെ താൻ മോഷ്ടിച്ചതല്ലേ? ചേട്ടാ! ഇവനെ നമുക്കിപ്പോൾ പോലീസിൽ ഏൾപ്പിക്കണം. രണ്ടുകൊള്ളുമ്പോൾ നേരെല്ലാം പുറത്താവും.

(തമ്പിയും ഭാൎയ്യയും പപ്പനും പ്രവേശിക്കുന്നു)

ലക്ഷ്മി:—(ആത്മഗതം) ഇതാ ശനിയൻ! ഇങ്ങേൎക്കു അനു

Digitized By Kerala Sahitya Akademi

ന്തിരവരെന്നുള്ള ഇഴവലി വിട്ടിട്ടില്ല. ഇവിടത്തെ ഒരു ചക്രം തൊടാൻ പറയുമ്പം തുഞ്ഞിച്ചാവാൻ നില്ക്കും. ദൊരമരുമോൻ വന്നിരിക്കുന്നൂന്നു കേട്ടപ്പം വാതം പിടിച്ചു പട്ടത്തടിയിൽ കിടക്കുന്ന ആള്ള് കൊച്ചുപിള്ളേരെപ്പോലെയല്യോ ഓടിപ്പോന്നതു്.

(എല്ലാവരും എഴുന്നേററു തമ്പിയെ ഇരുത്തുന്നു)

തമ്പി:—വക്കിൽസാറും ഉണ്ടോഇവിടെ? മദ്യക്കേസെന്തോ ഇവിടെ ഉണ്ടാവുട്ടോ? എടേ! ചങ്കരപ്പിള്ളേ! ഇതു തന്നെയോ നിൻെറ ദൊര!

ധന:—എടാ പപ്പാ വെളിയിൽ കാൺസ്റ്റബിൾ നില്പു ണ്ടു്. ഒന്നിങ്ങോട്ടു വിളിച്ചേക്കു്.

സര.—വേണ്ടമ്മാവാ! അതു വലിയ അപമാനവും, ആപ ത്തുമായേക്കാം.

രമാ:—മിണ്ടാതിരിക്കൂ. പലതരം കാൺസ്ററബിൾമാ രെയും ഞാൻ കണ്ടിട്ടുണ്ടു്. സ്കാട്ട്ലൻഡ്യാഡി ൻെറ—കേട്ടോ മിസ്ററർ ധനഹർ—പ്രമാണിയോ ടു് എൻെറ അഭ്യാസകാലത്തു ഞാൻ ഗാഢമായി സഹവസിച്ചിട്ടുണ്ടു്.

ധന:—ചക്രവത്തി ഇങ്ങേക്കു ചോറുംവിളമ്പിത്തന്നിട്ടില്ലേ? ഛേ! പിരട്ടൻ, മിരട്ടൻ, ഉരുട്ടൻ, ചെല്ലു പപ്പുപി ള്ളേ! അല്ലെങ്കിൽ താനാരെന്നു തെളിയിക്കൂ.

(പപ്പൻ പോകുന്നു കൊച്ചുകിട്ടുവും ഈച്ചരനും പ്ര വേശിക്കുന്നു.)

കൊച്ചു:—(ഇടറി)അച്ഛാ! കൊന്നുകളഞ്ഞു അച്ഛാ ഇയ്യാളു്.

ഈച്ചു:—(കരഞ്ഞു്) പൊന്നുടയതേ! നോക്കണേ കണ്ണും ചിന്നിം കൈ ഇടിച്ചുപൊടിച്ചുകളഞ്ഞു. അയാൾ

Digitized By Kerala Sahitya Akademi

വിരുന്നൊരുക്കി ഞങ്ങളെ വിളിച്ചുകൊണ്ടുപോയി ഒരു പേയാട്ടം തുടങ്ങി. സോഡാലമനേടെന്നു് തന്നതെല്ലാംകഞ്ചാരസവും, കള്ളും ചാരായവും എല്ലാം ഈ കൊച്ചുകിട്ടുപിള്ളഅങ്ങുന്നിന്ന കിട്ടത്തിരിപ്പാൻ.

കൊച്ചു:—(കരഞ്ഞു) അപ്പാ! കൊന്നുകളയുമായിരുന്നു. എന്തോ ആയുസ്സുറാത്തതിനാൽ രക്ഷപ്പെട്ടു, ഇതാ എന്റെ മുണ്ടും എല്ലാം നോക്കണം. പിടിച്ചുതള്ളിയിട്ടു തലയ്ക്കു വെളിവും കെട്ടുത്തുകളഞ്ഞു.

ധന:—എടൊ! ഒൊരഗ്ലോസ്സായി! തെണ്ടി, എന്തുപറയുന്നു നീയിപ്പോൾ. നീ വലിയ ഗ്രസ്തിക്കാരനോ? പറ; പറ എന്തുപറയുന്നു?

രമാ:—കോടതിയിൽവച്ചു ചോദിക്കുമ്പോൾ ഉത്തരം പറഞ്ഞുകൊള്ളാം. ഇവിടെ നാം രണ്ടുപേരും സമം തന്നെയാണു്.

ധന:—നീ പിച്ചക്കാരൻ, കുടിയൻ, മുടിയൻ, പിത്തലാട്ടക്കാരൻ അടിപിടിക്കാരൻ എന്നു ചില വ്യത്യാസങ്ങൾമാത്രം. നിനക്കിന്നു കളിയും ഊണും തീർച്ചയായും സ്റേറഷനിൽ; അല്ലെങ്കിൽ ഞാൻ ധനഹർ അല്ല.

കൊച്ചുകി:—(കരഞ്ഞു) അപ്പാ ഇവനെ രണ്ടുദിവസമെങ്കിലും ജയിലിൽ ആക്കിക്കണം.

ഈച്ചു.—പോരാ, പോരാ; ഒരുഡസൻകൊണ്ടു മുതുകു് കുളംക്രുടി ആക്കണം.

സര:—അല്ലേ! ആളുകൾക്കു ഭിക്ഷയ്ക്കുക്രുടിയും നടന്നുക്രുടെന്നായോ അന്തസ്സുള്ളവരുടെ ബുദ്ധിശ്ശൂന്യതകൊണ്ടു്?

ലക്ഷ്മി:—എന്റെ അപ്പിതന്നെ ഈ കൊറച്ചിലും കുശാണ്ടവും വരുത്തിവച്ചതു്—ഇനീംകേറി അവനുവേണ്ടി വക്കാലത്തു പിടിക്കുന്നു. എന്നാപ്പിന്നെ അവന്റെ

Digitized By Kerala Sahitya Akademi

കൂടി എറങ്ങിപ്പോവൂടിൻ. ഞാൻ എന്നേപറഞ്ഞു എവനെക്കൊണ്ടൊരു തുണിം കൊടപ്പിച്ചു പഠിപ്പും നിറുത്തി അവനോൻെറ പണ്ടത്തെ തിഥിക്ക പൊറുത്തുകളയണം എന്നു്. അതിനൊക്കെ ഈ ചങ്കരപ്പിള്ള മൊടക്കിടാവുപോലെ ചെറുക്കുക.

(പപ്പനും കാൺസ്റ്ററമ്പിളും പ്രവേശിക്കുന്നു.)

ധന:—ആരുമാരും ഒന്നും ശണ്ഠകൂടേണ്ട—എല്ലാത്തിനും ഇതാ നിവൃത്തിവരുന്നു. എടേ, കാൺസ്റ്റബിൾ, ഇയ്യാളെ നിങ്ങളുടെ സ്റ്റേഷനിൽകൊണ്ടുപോവൂ.

രമാ:—ഹേ! കാൺസ്റ്ററമ്പിൾ എന്തുകുററത്തിനെന്നു ചോദിക്കൂ. വല്ലവക്കും അന്യായം ഉണ്ടെങ്കിൽ ബോധിപ്പിക്കണം. ഞാനിതാ മയ്യാദയ്ക്കു് എൻെറ നിലയ്ക്കു നിൽക്കുന്നു.

കാൺസ്റ്ററമ്പിൾ:—ച്ലൂട്ടു്, പേശരുതു്. കുററങ്ങളും മററും ഞങ്ങൾ ഉണ്ടാക്കുന്നതല്ലാതെ എന്തോന്നെടാ കൂവ്വേ! നടക്കൂ. ഷോഡറാം എന്നു്.

രമാ:—അല്ലാ, നിയമരക്ഷകന്മാരും ഇത്രത്തോളം കാട്ടുകയറിയോ? ഇതാ തമ്പിഅങ്ങുന്നേ! ശങ്കരപ്പിള്ള അമ്മാവനും കേൾക്കുക. ഈ ശ്രീമതി സാക്ഷിയായാൽ കൊള്ളാം. ഞാൻ ഇവിടന്നു് ഒരു ചോടു് നീങ്ങാൻ ഭാവിക്കുന്നില്ല. കാൺസ്റ്ററമ്പിൾ എൻെറ ദേഹത്തുതൊട്ടന്നെങ്കിൽ ഒന്നാംപ്രതി അഹങ്കാരത്താൽ അപമയ്യാദയുള്ള ഒരെക്രമത്തിനു് അയാളെ പ്രേരിപ്പിക്കുന്ന ഈ വക്കീലാണു്.

ധന:—അഹങ്കാരി തൻെറ ഭ! തന്നോടെന്തുപറയുന്നെടോ! ആണുങ്ങളും അവസ്ഥയുള്ളവരും അല്ലാഞ്ഞാൽഇങ്ങനെ തെണ്ടിത്തിരിഞ്ഞു്! പോലീസുലാക്കപ്പുകളിൽ

Digitized By Kerala Sahitya Akademi

ഉറങ്ങേണ്ടിവരും. തന്റെ വ്യവഹാരത്തിനുത്തരം പറവാൻ ഞാൻ ആൾതന്നെ. അഞ്ചോ പത്തോഫ യിൻകൊടുക്കുകെന്നു പറഞ്ഞാൽതന്നെ പുല്ലാണു്.

രമാ:—അതിലൊന്നിലും നില്ക്കാൻ ഞാൻ വിടില്ല, വാശിമററുള്ളോൾക്കും തോന്നും.

ധന:—എടാ! നിന്റെ അച്ഛനു ഈ വാശി തോന്നിയിരുന്നെങ്കിൽ

(രായിരപ്പണിക്കരും പരിവാരങ്ങളും പ്രവേശിക്കുന്നു.)

രായിര:—ശരിയാണു് ധനഹരപിള്ളേ! നിങ്ങൾക്കുള്ള പ്രസിദ്ധി വെറുതേകിട്ടീട്ടുള്ളതല്ല. എന്റെ മകന്റെ ശബ്ദം എനിക്കു നല്ലോണം അറിയാം. പതിവായുള്ള എന്റെ താമസസ്ഥലവും ഇതാണു്. ദൈവഗത്യാ അവൻ ഇങ്ങോട്ടുതന്നെ പോന്നു. എന്റെ ഗുണദോഷം കേൾക്കാത്തതിനു് അവനു നിങ്ങൾ കൊടുത്ത ഈ ശാസന തക്ക ശിക്ഷയായി—

തമ്പി:—അല്ലേ! ഇതാരു; പണിക്കരദ്ദേഹമോ? (എല്ലാവരുംതാണുതൊഴുന്നു.)

രായി:—(രമാചന്ദ്രനെ പിടിച്ചു മുന്നോട്ടുനീക്കി ധനഹരന്റെഅടുത്തുനിറുത്തി) ഇതാ ഏററുകൊള്ളുക. നാളെത്തന്നെ ഒരു സന്നതു വാങ്ങിപ്പിച്ചു് ഇവനെ നിങ്ങളെല്ലാവരുംക്രുടിമേൽനോട്ടംചെയ്യുക. അല്ലാതെ കമ്പിനിക്കും കിമ്പിനിക്കും ഒന്നും പോകണ്ട.

(തമ്പിയെ പണിക്കർ പിടിച്ചിരുത്തുന്നു.)

പണി.—ചോട്ടാ! എത്രനാളായി കണ്ടിട്ടു്? ശങ്കരപ്പിള്ളേ! വേഗം ഊണു തയാറാക്കിക്കു—

ധന:—(വിനയവാനായി) നിങ്ങൾ മിസ്ററർ രമാചന്ദ്രൻ തന്നെ, അല്ലെ?

Digitized By Kerala Sahitya Akademi

രമാ:—അല്ലെന്നല്ലേ ചേട്ടന്റെ വിധി? പിന്നെ അദ്ദേഹം എന്താ പറയുന്നു. അദ്ദേഹം എല്ലെന്നൊങ്കിൽ അദ്ദേഹത്തിന്റെ മകൻ ഞാൻ തന്നെയാണു്. വിദ്യാലയങ്ങളിൽ എല്ലാം എന്റെ പേരു രമാചന്ദ്രൻ എന്നുതന്നെയായിരുന്നു

രായി:—ശബ്ദമുണ്ടാക്കരുതു്. ഇവിടെ ഒരു വിശേഷസാന്നിദ്ധ്യംകൂടി ഞാൻ കാണുന്നു. പണ്ടെങ്ങാണ്ടു കിച്ചൻ മാച്ചൻ പാടിക്കൊണ്ടു് ഈ മുററങ്ങളിൽ തലനിറയെ മണ്ണുമാക്കി കരണം കുത്തിമറിയുന്ന ഒരു കൊച്ചു കമ്പക്കൂത്താടിയെ ഞാൻ കണ്ടിരുന്നു. ആ പുള്ളിതന്നെ വികസിച്ചു എന്റെ ഈ മരുമകളായി ത്തീന്നിരിക്കുന്നു എന്നു തോന്നുന്നു. (എഴുന്നേററു സരസുവിനെപ്പിടിച്ചുനീക്കി അടുത്തുനിറുത്തിക്കൊണ്ടു്) എന്താ! കുട്ടന്റെ മുഖം നന്നോ? അല്ലെന്നു പറഞ്ഞാൽ അച്ഛനായ ഞാൻ കലഹിക്കും; കേട്ടോ സ്വഭാവത്തിനു ഞാൻ ഉത്താവാദിയല്ല. നിങ്ങടെ ഇംഗ്ലീഷു വിദ്യാഭ്യാസംതന്നെ, അതു തിരുവഷളു്. കേട്ടില്ലേ ധനഹാനെ പ്രാസിക്യൂട്ടുചെയ്യുമെന്നു ശണ്ഠകൂടിയതു്. വല്ലാത്ത വാശിക്കാരനാണു്. അച്ഛന്റെ നാലുകാശ്ശുതുളവല്ലെങ്കിലും അവൻ നമ്മുടെ വക്കീൽസിംഹത്തെ ഒന്നു വട്ടം കറക്കുമായിരുന്നു. കുട്ടാ നിന്നോടു ഞാൻ പറഞ്ഞില്ലേ, നിലത്തുനോക്കി നടന്നുകൊള്ളണം.

രമാ:—ഞാൻ ഒന്നുരണ്ടുദിവസം പട്ടിണികിടന്നു, ബോധം കെട്ടു ഇവിടെയെത്തി. വീഴുമെന്നറിവാൻ അച്ഛനെപ്പോലെ ദീർഘദർശനം ഉണ്ടായിരുന്നില്ല.

തമ്പി:—അമ്മാവന്മാരും കൈ ഇതൊന്നും കേൾക്കേണ്ട. ഞാൻ അറപ്പുരയിലോട്ടു പോട്ടെ. (പോകുന്നു.)

രായി:—നിൽക്കണം ചേട്ടാ! വേണ്ടത്തക്കയുള്ളകൾ കൈ ഹാജരുണ്ടല്ലോ. ഇവനും ഈ കുട്ടിക്കും സമ്മതമെ

Digitized By Kerala Sahitya Akademi

ങ്കിൽ—നിങ്ങൾക്കെല്ലാം മനസ്സെങ്കിൽ കഷ്ടാവസ്ഥ യിൽ കൂട്ടിമുട്ടിയകൂട്ടരു സൗഭാഗ്യത്തോടുകൂടി ജീവിത സുഖം ബഹുദശാബ്ദം അനുഭവിക്കട്ടെ.

ധന.—എന്റെ ദശ്നന്യൂനതയ്ക്കു ക്ഷമായാചനംചെയ്തു കൊണ്ടു് ഒരു ജ്യേഷ്ഠന്റെ നിലയിൽ സവ്വാശിസ്സു കളും സംശുദ്ധഹൃദയത്തോടെ ഞാനും നൽകുന്നു. (കൊച്ചുകിട്ടു മുഖം താഴ്ത്തി ഈച്ചരനേയും കാൺസ്ററബിളിനേയും വിളിച്ചുകൊണ്ടുപോകാൻ തുട ങ്ങുന്നു )

പപ്പു:—പപ്പൻ ബട്ട്ളേർ അപ്പം?

കൊച്ചുകി:
ഈച്ചര: } :—അടുപ്പിലെടാ, അടുപ്പിൽ.

പപ്പു:—ച്ഛേ! പോവിൻ. ശീമട്ട്രൊരു, ചട്ടട്ട്രൊര, ഒടുക്കം പററിയതു ശീമക്കാരൻ. അതുകൊണ്ടു പപ്പൻ ബട്ട്ളേരകഌം വേണ്ടപടി—അങ്ങനെ ചാഞ്ഞു, ഇങ്ങനെ ചാഞ്ഞു കെട്ടുപൂട്ടെന്നോ വിജാരിപ്പെന്നോ വരും.

പണി:—എന്തായാലും ആ പൊന്നുതിരുമേനി സർവൈ ശ്വയ്യത്തോടും, സർവ്വഭാഗ്യങ്ങളോടും ഓരോ തിരു വയസ്സും ജനലക്ഷങ്ങളുടെ ഐകകണ്ഠ്യമായുള്ള ഹൃ ദയപ്രാൎത്ഥനകളോടും ആശിസ്സുകളോടും തികച്ചു് ശ്രീപത്മനാഭൻ എന്നപോലെതന്നെ കൃപാവർഷവും ധമ്മനയവിതരണവുംകൊണ്ടു് പ്രജാലക്ഷങ്ങളെ പരിപാലിച്ചു വിജയിക്കുമാറാകട്ടെ!

ശുഭം.

Digitized By Kerala Sahitya Akademi

## പുതിയ ഇംഗ്ലീഷ്-മലയാളം നിഘണ്ടു

പരിഷ്കരിച്ച 3-ാംപതിപ്പ്

ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ഇംഗ്ലീഷ്-മലയാളം നിഘണ്ടുക്കളിലുംവച്ചു കൂടുതൽ വാക്കുകളുള്ള ഇംഗ്ലീഷ് വാക്കുകളുടെ ശരിയായ മലയാളഅത്ഥം ചേ[ർത്ത]ിട്ടുള്ളതുമാകുന്നു.

മേനിക്കടലാസ് മുഴക്കാലിക്കോബയന്റ് രൂ. 9
റഫ് രൂ 6 ണ. 8. സാധാരണ രൂ. 6

## ആധുനിക ഹിന്ദി-മലയാള സംക്ഷിപ്ത ശബ്ദകോഷ്

ഹിന്ദിഭാഷ അഭ്യസിക്കുന്നവക്കും അദ്ധ്യാപകന്മ[ാർക്കും] ഉപയുക്തമായവിധത്തിൽ സാധാരണ ഉപയോഗത്[തിന്നാ]വശ്യമായ എല്ലാ ഹിന്ദീ-ഉർദുവാക്കുകളും ഇതിൽ അ[ടക്ക]ിയിട്ടുണ്ടു്.

വില രൂ. 3—8—0

## സംക്ഷിപ്ത ഹിന്ദി മുഹാവരാ കോഷ്

ഹിന്ദിയിലുള്ള 1000-ത്തിൽപരം ശൈലികളും അവ[യുടെ] അർത്ഥവും ഉദാഹരണവും അടങ്ങിയതു്.

വില 1

## രാഷ്ട്രഭാഷാ ബോധിനി

സ്വന്തമായി ഹിന്ദിഭാഷ പഠിക്കാനാഗ്രഹിക്കു[ന്നവ]രുടെ ഉപയോഗത്തെക്കരുതി തയ്യാറാക്കിയിട്ടുള്ള ഒരു [പ്രാഥ]മിക ഗ്രന്ഥം.

വില ണ. 6

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.
ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.


Digitized By Kerala Sahitya Akademi